# വിശ്വാസവീരന്മാര്

സണ്ടേസ്കൂള്




## അഅദ്ധ്യാപക പുസ്തകം

എല്ലാ പ്രായത്തിലുമുള്ള

# വിശ്വാസ വീരന്മാർ

**"കുട്ടികൾ പ്രധാന്യമുള്ളവർ"എന്നതിൽ നിന്നുള്ള സൺഡേസ്കൂൾ പാഠഭാഗം**

**അഅദ്ധ്യാപക പുസ്തകം**

**എല്ലാ പ്രായത്തിലുമുള്ള**

**ഭാഗം 2: പാഠങ്ങൾ 1-13 (14-26)**

**വെബ്:[www.ChildrenAreImportant.com/heroes/](www.ChildrenAreImportant.com/heroes/)**


‘‘കുട്ടികൾ പ്രാധാന്യമുള്ളവർ’’ എന്ന ടീമിലെ എല്ലാ അംഗങ്ങൾക്കും നന്ദി!

എഡിറ്റർ: ക്രിസ്റ്റീന ക്രൂസ്

ക്രിയേറ്റീവ് ടീം: അബ്രീൽ പലാസിയോസ് കാമച്ചോ, അരീലി സൂരിയൽ സലിനാസ് സാഞ്ചസ്, ്വൈറ്റ് ക്രാസ്, ജെന്നിഫർ സാഞ്ചെസ് നീറ്റെ, ജൂലിയോ സാഞ്ചെസ് നീറ്റെ, മൈക് കൻഗസ്, മോൺസെരാറ്റ് ഒരാൻ ദിയാസ്, സൂക്കി കാൻഗസ്, വെറോനിക്ക തോജ്, വിക്കി കംഗാസ്.

ഈ പരിപാടിയിലെ രസകരമായ സംഗീതത്തിന് റൂബൻ ഡാരിയോയ്ക്ക് നന്ദി.

പരിഭാഷാ ടീം അലീനവൈറ, അൻറോപ്പ വാൻഡെഡെ, അൻറോൻ ക്ലിമക്ക്, ആരം മമ്മദീദാദ്, അരോമ പബ്ളിക്കേഷൻസ്, മീഡിയ, ആർട്ടെറോ ജർ ബോറോൺ, ബ്ലെസ്സി ജേക്കബ്, കാർമലാ ഡോൺ ഫ്ലോറസ്, ക്രിസ്സ്റെസ്സ്നഹാൻ, ഡേവിഡ് രാജു, എഫ്രയിം നജൂന മിറോബി, ഫിന്നി ജേക്കബ്, ജിനാവ്, ഹമീദ് റീസ അസീസ് (ഹമിദ് അസീസ് അസിമി) ജയ്ക്കൽ കുരുവിള, കാമിൽ ടർക്ക്, കറുങ്ങൂരു മെൻഗാനി, കിരൺ, മയ്ട്രെയായ് മണ്ഡൽ, മാർക്കോച്ചു, മാർക്കോസ് റോച്ച, മാത്യൂ ദാസ്, മീതേഷ് മണ്ഡലി, മ്ര്മലാമ, മിസ്സിസ് ഗോത്തശ്രീ നവനീത്കൃഷ്ണൻ, നാസിം ബൗഗ്റ്റിയ, നിക്ബെൻക്, പോൾ മങ്ങാനി, പോൾ സെപാൻമാൻ, റാന 922, റുബിന റായ്, സഫ്ദർ ഖാൻ, ഷ്രോരോഷൻ 15, ടാലന്റാ യൂനിഡോ, യുറിറ്റോം, വെർദിയ ജൂലിയൻസ കാൻസർസിക, യെഹ ജംഗ് ചിൻ, സീനാ മിരേല്ല ബാർസാഗ അരെസിബി

# ആമുഖം

സണ്ടേസ്കൂളിന്റെ "വിശ്വാസ വീരന്മാർ" എന്ന രണ്ടാം ഭാഗത്തേക്ക് സ്വാഗതം!

പഴയ നിയമത്തിലെ വിവിധ വീരന്മാരോടുള്ള ബന്ധത്തിൽ നമ്മുടെ വിശ്വാസത്തെപ്പറ്റി പഠിക്കുമ്പോൾ, നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം എന്താണ് എന്നത് പരിശോധിക്കുന്നത് അനിവാര്യമാണ്. രണ്ടാം പാഠഭാഗത്തിൽ ആ വിഷയത്തിലേക്കാണ് നാം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഒരു ഇരിപ്പിടത്തിൽ ഇരിക്കുമ്പോൾ ആ ഇരിപ്പിടം നമ്മെ താങ്ങും എന്നും തകർന്ന നാം താഴെ വീഴുകയില്ലെന്നും വിശ്വസിക്കുന്നു. നമ്മുടെ വിശ്വാസം ആ ഇരിപ്പിടത്തിലാണ്, അതിന്റെ കരുത്തിലാണ്, നമ്മെ താങ്ങിനിർത്തും എന്ന അറിവും നമുക്കുണ്ട്. ദൈവവുമായുള്ള ബന്ധത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നത്. ദൈവം ആരാണെന്ന് അറിയുമ്പോൾ തന്നെ നമ്മുടെ വിശ്വാസം സ്പഷ്ടവും ലളിതവും ആകുന്നു. നാം ദൈവത്തിൽ വിശ്വസിക്കേണ്ടതിന് ദൈവം ആരെന്നു അറിയുന്നത് ആവശ്യമായിരിക്കുന്നു. ആ ഇരിപ്പിടം നമ്മെ താങ്ങി നിർത്തും എന്ന അറിവ് നമുക്കുള്ളത് പോലെ നമ്മെ താങ്ങി നിർത്തുന്ന ഒരു ദൈവമുണ്ടെന്ന അറിവ് നമ്മിൽ ഉണ്ടായിരിക്കണം. ഈ അദ്ധ്യായത്തിലുള്ള വാക്യം നമ്മോടു പറയുന്നത് ദൈവത്തിന്റെ അസ്തിത്വത്തിൽ നാം വിശ്വസിക്കണം എന്നതാണ്. ഒരു ദൈവമുണ്ട്! ഈ ഗ്രഹത്തിൽ നാം ഒറ്റയ്ക്കല്ല, ദൈവം ലോകത്തേയും നമ്മേയും സൃഷ്ടിച്ചു. രണ്ടാമതായി, അവനെ അന്വേഷിക്കുന്നവർക്ക് അവൻ പ്രതിഫലം നൽകുന്നു എന്ന് നാം വിശ്വസിക്കണം. ദൈവത്തെക്കുറിച്ചു വേദപുസ്തകം എന്ത് പറയുന്നു എന്നതും നാം വിശ്വസിക്കണം. പ്രാരംഭമായി വേദപുസ്തകത്തിലെ പഴയനിയമ വിവരണങ്ങളിലേക്കാണ് നാം പോകുന്നത്. എന്നാൽ ഇപ്പോൾ നാം ദൈവം എന്ന വിഷയത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു. ദൈവത്തിന്റെ സ്വഭാവ സവിശേഷതകളിൽ നിന്ന് നമുക്ക് എന്താണ് പഠിക്കാൻ കഴിയുന്നത്? അവിടുന്ന് ആരാണെന്നും വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിൽ ദൈവം എങ്ങനെയാണ് പെരുമാറുന്നത് എന്നതും നമ്മിൽ എന്ത് അറിവാണ് പകരുന്നത്? ദൈവത്തെക്കുറിച്ചു കൂടുതലായി മനസ്സിലാക്കുമ്പോൾ, സകലതും വിശ്വസിക്കാൻ തയ്യാറാകുമ്പോൾ അത് നമ്മുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുന്നു. ദൈവത്തിനു നന്ദി അർപ്പിക്കുവാനുള്ള ഒരു നല്ല വഴിയാണിത്. എന്തെന്നാൽ പ്രധാന വാക്യം ഇപ്രകാരം പറയുന്നു. "എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ." എബ്രായർ 11:6

ഈ പാഠഭാഗത്തിലുടനീളം മൂന്നു പ്രാവശ്യം "വീരന്മാരുടെ ഗെയിം" കളിക്കേണ്ടതിന് ആവശ്യമായ ചോദ്യാവലികൾ നാം ഉൾപ്പെടുത്തിയിട്ടുണ്ട്. 4,8,13 എന്നീ പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഗയിമുകൾ കളിക്കുവാൻ താങ്കളെ ഞങ്ങൾ നിർദ്ദേശിക്കുന്നു. ഉദാ: ഒരു സാധാരണ ക്ലാസ്സിനു ശേഷം ഒരു മണിക്കൂറോ അല്ലെങ്കിൽ ആഴ്ചയിൽ ഏതെങ്കിലും ഒരു ദിവസമോ ഗയിമുകൾ കളിക്കാം. അദ്ധ്യാപകൻ എന്ന നിലയിൽ കുട്ടികളെ പഠിപ്പിക്കേണ്ടതിനായി ഈ ഗയിമുകൾ നല്ലയൊരു ഉപാധിയായി പ്രയോജനപ്പെടുത്തുക.

താങ്കളെ സഹായിക്കേണ്ടതിനായി ഒന്നാം അദ്ധ്യായത്തിലെ വിഷയങ്ങളും നിർദ്ദേശങ്ങളും, പല ഭാഗങ്ങളിലെ വസ്തുതകളും എപ്രകാരം കൈകാര്യം ചെയ്യണം എന്നത് ഞങ്ങൾ ആവർത്തിച്ചിട്ടുണ്ട്. കുട്ടികളുടെ ജീവിതത്തെ തന്നെ മാററിമറിക്കുവാൻ തക്കവണ്ണം ഇവ നിങ്ങൾക്ക് പ്രയോജനപ്രദമാകും എന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.




ഈ പാഠഭാഗത്ത് പ്രപഞ്ചം സൃഷ്ടിച്ചവനും, പഴയനിയമത്തിൽ ഉണ്ടായിരുന്നവനും ഇന്നും ജീവിക്കുകയും നമ്മുടെ മദ്ധ്യേ ചരിക്കുന്നവനുമായ ദൈവത്തെ സമീപിക്കുവാൻ ഞങ്ങൾ ആഹ്വാനം ചെയ്യുകയാണ്.

"വിശ്വാസ വീരന്മാരെ ദർശിക്കേണ്ടതിനായി താങ്കളുടെ അടുക്കലേക്ക് കുട്ടികൾ കടന്നുവരുവാൻ തക്കവണ്ണം ദൈവം താങ്കളെ അനുഗ്രഹിക്കുമാറാകട്ടെ!

സ്നേഹത്തോടെ,

"കുട്ടികൾ പ്രാധാന്യമുള്ളവർ" എന്ന ടീം.

# മാർഗ്ഗ രേഖ എപ്രകാരം ഉപയോഗിക്കാം

## കഥ ആവശ്യമാണ്/പ്രമേയം

*"ഒരു മഹാനായ അധ്യാപകൻ വിദ്യാർത്ഥികൾക്ക് അറിവ് നൽകുന്നവനല്ല, മറിച്ച് അവരുടെ താത്പര്യം ഉണർത്താനും തങ്ങളെത്തന്നെ പിന്തുടരുന്നതിൽ താല്പര്യമുള്ളവരുമാണ്." – എം. ജെ. ബെറിൽ*


പട്ടിക

ഉറക്കുക:

- സ്വാഗതം
- സ്റ്റോറി ആവശ്യമാണ്
- ഗാനം

പ്രധാന പാഠം
പ്രവർത്തനം (ഓപ്ഷണൽ)
ആവശ്യകതയുടെ പ്രമേയം

കുട്ടികളുടെ പുസ്തകം

- ടൈംലൈൻ
- പ്രവർത്തന പേജ്

ചോദ്യങ്ങളും ഉത്തരങ്ങളും (പഴയ വിദ്യാർത്ഥികൾ)
ഗെയിം (ഓപ്ഷണൽ)
ഹാജർ
അസൈൻമെന്റ്

നിങ്ങളുടെ വിദ്യാർത്ഥികൾക്ക് ക്ലാസ് മുറികളിൽ മാത്രം ശ്രദ്ധകൊടുക്കുക എന്നതല്ല. അവർ ഹൃദിസ്ഥമാക്കിയ കാര്യങ്ങൾ അവരുടെ ജീവിതത്തിൽ പ്രായോഗികം ആക്കുവാൻ ഉള്ള പ്രചോദനവും നൽകണം. മധുരം കൊടുത്തോ സമ്മാനങ്ങൾ കൊടുത്തോ കുട്ടികളെ പ്രോത്സാഹിപ്പിക്കുവാൻ ചിലർ ശ്രമിക്കുകയോ ശ്രദ്ധിക്കാതെ വന്നാൽ ശിക്ഷിക്കുകയോ ചെയ്യുന്നു. ഈ രണ്ടു മാർഗ്ഗങ്ങളിലൂടെ ക്ലാസ് മുറിയിൽ നല്ല സ്വഭാവത്തോടെ ഇരിക്കാൻ അവസരം ഒരുക്കുമെങ്കിലും, അവർ വീട്ടിൽ എത്തുമ്പോൾ അവർ പഠിച്ച തത്വങ്ങൾ ജീവിതത്തിൽ പ്രായോഗികം ആക്കാൻ ഒന്നും അവർ ചെയ്യുന്നില്ല. ക്രിസ്തീയ സഭകളിലെ കുട്ടികളുടെ അദ്ധ്യാപകർ എന്ന നിലയിൽ മുതിർന്നവരുടെ യോഗങ്ങളിൽ ശല്യക്കാർ ആകാതിരിക്കാം നാം അവരെ ഗൌനിക്കാറില്ല. പകരം ദൈവത്തെ അറികയും, സേവിക്കയും, പിൻപറ്റുകയും ചെയ്യുന്ന ഒരു പുതിയ വിശ്വാസികളുടെ തലമുറയെ ഉയർത്തിക്കൊണ്ടുവരാനാണ് നാം ശ്രദ്ധിക്കുന്നത്. അത് നമ്മിൽ ഓരോരുത്തർക്കും പ്രയാസമേറിയ ഒന്നാണെങ്കിലും നാം ചെയ്യുന്നതിനേക്കാൾ ഉപരിയായി ദൈവം ഓരോ കുട്ടിയേയും കരുതുന്നു എന്ന് മാത്രമല്ല ഓരോ കുട്ടിയുടെ ജീവിതത്തിൽ അവർക്ക് ഉത്തേജനം നൽകി അവരെ ശുശ്രൂഷിക്കുവാനുള്ള ശക്തിയും ബുദ്ധിയും തുടർമാനമായി നമ്മിൽ പകരുന്നു. വിദ്യാർത്ഥികൾക്ക് ഉത്തേജനം നൽകുന്നതിനു ദൈവത്തെക്കുറിച്ചുള്ള ആവശ്യം അറിഞ്ഞ് അവർ പഠിക്കുന്ന കാര്യങ്ങൾ അവരുടെ ഭവനത്തിലെ യഥാർത്ഥ ജീവിതത്തിൽ പ്രായോഗികം ആക്കുന്നതിനും ആവശ്യമായ കഥ ഓരോ കഥയുടെയുംതുടക്കത്ത്തിൽ നൽകിയിട്ടുണ്ട് 5 കാൽപനിക കഥാപാത്രങ്ങളെ ഞങ്ങൾ സൃഷ്ടിച്ചെടുത്തിട്ടുണ്ട് എന്നതാണ് ഓരോ കഥയുടേയും സവിശേഷത. അവരുടെ പേരുകൾ ആവശ്യാനുസരണം മാറ്റാവുന്നതാണ്. ഓരോ ആഴ്ചയിലും വോളന്റിയർമാർ ഓരോ കഥകളും അഭിനയിച്ച് കാണിക്കുന്നത് ഒരു നല്ല ആശയമാണ്. അത് പ്രായോഗികം അല്ലെങ്കിൽ കുട്ടികളെ

കഥ ഉറക്കെവായിച്ചു കേൾപ്പിക്കാവുന്നതാണ്. പ്രശ്ന പരിഹാരത്തിന് ഉള്ള അഭിപ്രായങ്ങൾ കുട്ടികളോട് നിങ്ങൾക്ക് ചോദിക്കാം. അവരുടെ ആശയങ്ങൾ നല്ലതാണെന്നോ മോശമാണെന്നോ തെറ്റാണെന്നോ ശരിയാണെന്നോ ഒന്നും അവരോടു പറയാതെ അതുവരെ ഒരു പരിഹാരവും നിർദ്ദേശിക്കരുത്. പരിഹരിക്കപ്പെടാത്ത പിരിമുറുക്കം (ടെൻഷൻ) പാഠത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിനുള്ള പ്രചോദനം ആകട്ടെ.

പരിഹാര ഭാഗം പാഠത്തിനു ശേഷം ആണ് ഉള്ളത് കുട്ടികൾ കുറേ നേരമായി ഇരിക്കുകയാണെങ്കിൽ റസലൂഷൻ സെഗ്മെന്റിനു മുമ്പ് ഒരു പ്രവൃത്തി ചെയ്യുക. ഒരുങ്ങിക്കഴിയുമ്പോൾ ആവശ്യമുള്ള കഥ കുട്ടികളെ ഓടിപ്പിച്ചു റെസലൂഷനുവേണ്ടി അഭിനേതാക്കൾ രംഗത്തെത്തുകയോ ലഘുവായി വിവരിക്കുകയോ ചെയ്യുക. ആവശ്യമുള്ള കഥയുടെ ഭാഗീകമായ കഥയുടെ പിരിമുറുക്കം ഇത് കുറയ്ക്കുകയും സ്കൂളിലും വീട്ടിലും അവർ അനുഭവിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിന് ഇവ സഹായകം ആകുകയും ചെയ്യും ഇതേ രീതിയിൽ കുട്ടികളുടെ ദൈനംദിന ജീവിതത്തിൽ പാഠഭാഗങ്ങൾ പ്രായോഗികം ആക്കുവാൻ നിങ്ങൾ പ്രചോദനം നൽകുന്നു!


## പ്രധാനപാഠം

ഈ പാഠ്യക്രമത്തിൽ പഴയനിയമത്തിന്റെ പൊതുവായ പഠനമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അനേക പാഠങ്ങളിലും ബൈബിളിലെ ഒരു വ്യക്തിയുടേയോ ഒരു ഹീറോയുടെയോ പൂർണ്ണ ജീവിതമാണ് നാം നോക്കിക്കാണുന്നത്. ഒരു അദ്ധ്യാപകൻ എന്ന നിലയിൽ രേഖപ്പെടുത്തപ്പെട്ട വേദഭാഗങ്ങൾ മുൻകൂട്ടി വായിച്ച് പഠന വിധേയമാക്കി ഒരു പുത്തൻ ഉൾക്കാഴ്ചകൂടി ലഭ്യമാകത്തക്കവണ്ണം ഉപയോഗിക്കാവുന്നതാണ്. ഓരോ ഹീറോയുടെയും ജീവിതത്തിന്റെ രത്നച്ചുരുക്കം പ്രധാന പാഠത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അവരുടെ ഓർമ്മയിലുള്ള ആ ഹീറോ (വീരപുരുഷൻ) യെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ കുട്ടികളോട് ചോദിച്ച് അവരിൽ താല്പര്യം ഉളവാക്കാൻ ശ്രമിക്കുക.

കഥയുടെ ഭാഗങ്ങൾ ചുരുക്കിയാൽ പ്രധാന പോയിന്റ് വിജ്ഞാപനം പ്രയോഗം അവതരിപ്പിക്കുവാൻ സമയം ലഭിക്കും. ഓരോ പാഠത്തിന്റെ അവസാനവും കുട്ടികൾക്ക് ഒരു തീരുമാനം എടുക്കുവാനുള്ള അവസരം ഉണ്ട്. ഒരു ഫുട്ബോളിൽ(സോക്കർ) ഗോൾ അടിക്കുന്നതുപോലെ ആ തീരുമാനം മുഴുവൻ പാഠത്തിന്റെ പ്രധാന പോയിന്റ് ആണ്. നിങ്ങൾ ആ ഗയിം നന്നായി കളിച്ചാൽ മറ്റു കൂട്ടുകാർക്ക് നല്കുയും മറ്റു റ്റീമിലെ അംഗങ്ങൾ സൂക്ഷിക്കുകയും ഒരിക്കലും ഗോൾ അടിക്കാതിരിക്കയും ചെയ്താൽ നിങ്ങൾക്ക് വിജയി ആകുവാൻ ഒരിക്കലും കഴിയില്ല. കുട്ടികളുടെ ജീവിതത്തിൽ പ്രയോഗത്തിൽ വരുത്താവുന്ന ആപ്ലിക്കേഷനിലേക്ക് നിങ്ങൾ എത്തിച്ചേരുന്നു എന്നുറപ്പുവരുത്തുക. യാക്കോബ് 1:22-24 വരെയുള്ള ഭാഗങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു. എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ടു തങ്ങളെ തന്നേ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ .ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവിക മുഖം കണ്ണാടിയിൽ നോക്കുന്ന ആളോടു ഒക്കുന്നു .അവൻ തന്നെത്താൻ കണ്ടു പുറപ്പെട്ടു താൻ ഇന്ന രൂപം ആയിരുന്നു എന്നു ഉടനെ മറന്നുപോകുന്നു .1 കൊരിന്ത്യർ 10 അദ്ധ്യായത്തിൽ വായിക്കുന്ന പഴയനിയമ കഥകൾ നാം എന്തുചെയ്യണം എന്തു ചെയ്യരുത് എന്നിവയുടെ ഉദാഹരണങ്ങൾ ആണ്. പഴയ വീരപുരുഷന്മാരെ നാം ശ്രദ്ധിക്കുന്നത് നമ്മെത്തന്നെ കണ്ണാടിയിൽ നോക്കി അവരുടെ ജീവിതത്തെക്കുറിച്ചുള്ള പഠനത്തിന് ഒരു അവസരം നൽകുന്നു. അവരുടെ ജീവിതത്തിൽ സംഭവിച്ച പരാജയങ്ങളെ ഉദാഹരണമാക്കി അതിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് ദൈവത്തിനുവേണ്ടി ജീവിതം നയിക്കാൻ നമുക്ക് കുട്ടികളെ അഭ്യസിപ്പിക്കാം.

## സമയ രേഖ (ടൈം ലൈൻ)

ഓരോ ആഴ്ചയിലും കുട്ടികൾ വേദപുസ്തക കഥാപാത്രങ്ങളായ വീരന്മാരെ പ്രതിനിധീകരിച്ച് ടൈം ലൈനിൽ ഓരോ വരകൾ വരയ്ക്കണം. ഉദാഹരണമായി ഒന്നാം അദ്ധ്യായത്തിൽ എഹൂദിന്റെ രൂപരേഖ അവിടെ നൽകിയിരിക്കുന്ന അടയാളത്തിനൊത്തവണ്ണം വരയ്ക്കണം. പാഠഭാഗത്ത് നൽകിയിരിക്കുന്ന നമ്പരുകൾ ഉപയോഗിച്ച് വരയ്ക്കുമ്പോൾ എവിടെ നിന്നുമാണ് വര ആരംഭിക്കുന്നത് എന്നതും അത് എപ്രകാരം ആയിത്തീരുന്നു എന്നതും കുട്ടികൾക്ക് മനസ്സിലാക്കുവാൻ കഴിയും. ഓരോ ചതുരങ്ങളും 100 വർഷങ്ങളെ പ്രതിനിധീകരിക്കുന്നവയാണ്. ഉദാഹരണമായി എഹൂദിന്റെ ചരിത്രം ആരംഭിക്കുന്നത് 1300 BCക്ക് ശേഷമാണ്. അവസാനിക്കുന്നത് 1200 BC യുടെ ആദ്യപകുതിയിലാണ്. ഓരോ വീരന്മാരുടേയും ജീവിതവും വിവരണങ്ങളും അറിയുന്നത് രസകരമായ ഒരു കാര്യമാണ്. ന്യായാധിപരായ ദെബോരയും-ശിംശോനും ഒരേ കാലഘട്ടത്തിൽ ജീവിച്ചവരാണ്. അതേപോലെ യിഫ്താഹും, ശിംശോനും, ശമുവേലും ഒരേ കാലഘട്ടത്തിൽ ജീവിച്ചവരാണ്.



## അസൈന്മെന്റ് (കർത്തവ്യം)

കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള മറ്റൊരുപാധി ഓരോ ആഴ്ചയിലും പഠിക്കുന്ന പാഠങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുക എന്ന ഗൃഹപാഠം നൽകുക എന്നതാണ്. ആഴ്ചയിലെ മദ്ധ്യഭാഗത്ത് ചെയ്യത്തക്ക ഒരു പ്രവർത്തി ഓരോ പാഠത്തിനുമുണ്ട്.

യോഹ. 14:23-ൽ യേശു പറഞ്ഞു "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവു അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടുകൂടെ വാസം ചെയ്യും."

ഈ അസൈന്മെന്റിനോടൊപ്പം, ദൈവത്തെ ആഴ്ച മദ്ധ്യത്തിൽ കുട്ടികൾ സഭയിൽ മാത്രമല്ല അവരുടെ ജീവിതത്തിലും ദൈവത്തെ കൊണ്ടുവരുവാൻ കഴിയും എന്നതാണ്. മുതിർന്ന കുട്ടികൾക്ക് ബൈബിളിൽ നിന്നുള്ള വായനയുള്ള ഒരു അസൈന്മെന്റ് കൂടി ഉണ്ട്. ഗൃഹപാഠം അസൈന്മേന്റിനെക്കുറിച്ച് ചർച്ച ചെയ്യുവാൻ അല്പ സമയം എടുക്കുകയും അത് ക്ലാസ്സിൽ അഭ്യസിക്കുവാൻ അവസരം നല്കുകയും ചെയ്യുക. കഴിഞ്ഞ ആഴ്ചത്തെ അസൈന്മെന്റ് പൂർത്തീകരിച്ചവർക്ക് ചെറിയ കാൻഡിയോ സമ്മാനമോ പ്രതിഫലമായി നൽകുക.

## ഹാജർ/ഹീറോയുടെ ഗയിം




ഇത് ഓരോ ആഴ്ചയിലും ഹാജറിന് വേണ്ടി ഉള്ള ഓരോ കൂട്ടം കാർഡുകൾ ആയാണ് ഉള്ളത്. ഇത് ഹാജർ കാർഡുകളോ സ്റ്റിക്കറുകളോ ആവാം. അതും ഒരു ഗയിം ആക്കാൻ കഴിയും. യൂണിറ്റിന്റെ അവസാന സമയത്ത്(13 പാഠങ്ങളോ 3 മാസങ്ങളോ) ഈ കാർഡുകൾ കൊണ്ട് കുട്ടികൾക്ക് ഒരു ഗയിം കളിക്കാൻ കഴിയും ഗയിമിലുള്ള നിർദ്ദേശങ്ങൾ കൂടുതൽ വിശദീകരണം ലഭിക്കുന്നതിനായി വായിക്കുക.

**ഇതര ഗയിം:**




ഒരു കടലാസിൽ 1-10 വരെയുള്ള സംഖ്യകൾ കുട്ടികൾ എഴുതട്ടെ. ഗയിമിന്റെ നിർദ്ദേശങ്ങളിൽ നൽകിയിട്ടുള്ള 10 ചോദ്യങ്ങൾ അദ്ധ്യാപകൻ അപ്പോൾ ചോദിക്കുന്നു. പാരന്തസിസിലെ(ആവരണ ചിഹ്നം) വിശേഷണം പറയരുത്. ഓരോ ചോദ്യത്തിനും ഏത് യോഗ്യതയാണോ വിശേഷ ലക്ഷണം ആണോ ആ സാഹചര്യത്തിന് ഇണങ്ങിയതെന്ന് വിദ്യാർത്ഥികൾ എഴുതണം. ശക്തി, നിർമലത, അനുസരണം, സൗമ്യത, ഹൃദയം അല്ലെങ്കിൽ വിശ്വാസം. ഏറ്റവും കൂടുതൽ ശരിയായി അനുമാനിക്കുന്നവർക്ക് കാൻഡിയോ സമ്മാനമോ ലഭിക്കും.

# 1.ദൈവം പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നു.



**ബൈബിൾ കഥ : ഏഹൂദ്**

ന്യായാധിപന്മാർ 3:12-30

### മന:പാഠം 1

“ഒന്നിനെക്കുറിച്ചും ആകുലചിത്തരാകേണ്ടതില്ല. നിങ്ങളുടെ എല്ലാ ആവശ്യങ്ങളും കൃതജ്ഞതാസ്തോത്രത്തോടുകൂടി പ്രാർഥനയിലൂടെയും വിനീതമായ അഭ്യർഥനയിലൂടെയും ദൈവത്തെ അറിയിക്കുക. ” ഫിലിപ്പിയർ 4:6

### ആവശ്യമായ കഥ 1



ബസ് ഒരു വർഷത്തോളം ആകെ നിരാശനായി കാണപ്പെട്ടു, തന്നോടു തന്നെ മാനസീകമായ സംഘർഷങ്ങൾ താൻ പുലർത്തി. തനിക്ക് കാണുവാൻ താല്പര്യമില്ലാത്ത കാര്യങ്ങൾ പോലും ടെലിവിഷനിൽ കാണുവാൻ താൻ സ്വയം പ്രേരിതനാകുന്നു. താൻ എപ്പോഴും പറയാറുണ്ട് “ഇനി ഒരിക്കലും ഞാൻ അത് കാണുകയില്ല, കാരണം അതു ശരിയല്ല. അത് ദൈവത്തിനു പ്രസാദമാകുകയില്ല” താൻ ഇത് തിരിച്ചറിയുന്നതിനു മുൻപ് ടെലിവിഷന്റെ മുമ്പിൽ ഒരു അടിമയെപ്പോലെ തനിക്ക് ഇരിക്കേണ്ടി വന്നിട്ടുണ്ട്. ഒരിക്കൽ താൻ മനസ്സിലാക്കി തനിക്ക് ഏകനായി ഇതിനോട് പൊരുതുവാൻ കഴിയുകയില്ല. അവൻ തീക്ഷ്ണമായി പ്രാർത്ഥിക്കുവാൻ തുടങ്ങി.

### പ്രധാന പാഠം 1

വിശ്വാസവീരന്മാർ എന്ന സണ്ടേസ്കൂൾ പഠനത്തിലേക്ക് തിരികെ വരാം! പഴയനിയമത്തിലെ പ്രധാന കഥാപാത്രങ്ങൾ ആരെന്നും അവർ ദൈവവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നും അവരുടെ ജീവിതത്തിലെ ദൈവീക ഇടപെടൽ എപ്രകാരം ആയിരുന്നു എന്നും നാം വീക്ഷിക്കുകയായിരുന്നു. നാം ഇതൊക്കെയും വീക്ഷിക്കുമ്പോൾ നമ്മുടെ ജീവിതത്തെ പ്രോത്സാഹിപ്പിക്കുവാൻ നമുക്ക് കഴിയുന്നു. ഇന്ന് നാം കാണുവാൻ പോകുന്നത് വേദപുസ്തകത്തിലെ അസാമാന്യമായ കഥയാണ്. യോശുവയുടെ നേതൃത്വത്തിൽ യിസ്രായേൽ ജനം വാഗ്ദത്ത ദേശത്ത് എത്തിയതിനു ശേഷം അവർ ആ ദേശത്ത് വീടുകളും കൃഷിയിടങ്ങളും സ്ഥാപിച്ച് ദീർഘകാലം താമസിച്ചു. ആ കാലത്ത് ജനം ദൈവത്തെ മറക്കുകയും സത്യദൈവം അല്ലാത്തവയെ എല്ലാം ആരാധിക്കുകയും ചെയ്തു. ഞാനും നിങ്ങളും പാപികൾ ആണ്. പലപ്പോഴും നാം ഏറ്റവും മികച്ച കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും അവയിൽ മിക്കതും തെറ്റായ കാര്യങ്ങൾ ആണ്. അവർക്ക് ബാലശിക്ഷ നൽകുവാൻ ദൈവം മോവാബ്യരായ അന്യദേശക്കാരെ കൊണ്ടുവന്ന് 18 വർഷം യിസ്രായേൽ മക്കളുടെ മേൽ ആധിപത്യം നൽകി. അതൊരു നീണ്ട കാലയളവാണ്. ചിലപ്പോൾ ദൈവത്തിന്റെ ബാലശിക്ഷയെ നമ്മുടെ ജീവിതത്തിൽ നാം തിരിച്ചറിയുവാൻ കാലങ്ങളെടുത്തു എന്ന് വരാം. നാം യേശുക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ ദൈവകുടുംബത്തിൽ പ്രവേശിക്കുകയും ദൈവത്തിന്റെ പുത്രീപുത്രന്മാരായി തീരുകയും ചെയ്യുന്നു. യാതൊന്നിനും അതിനെ വ്യതിചലിപ്പിക്കുവാൻ കഴിയുന്നതല്ല. ഏതൊരു നല്ല പിതാവിനെപ്പോലെയും ദൈവം നമ്മെ ബാലശിക്ഷ കഴിക്കുകയും അവനെ എപ്രകാരം അനുസരിക്കണം എന്ന് നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു. നാം നമ്മുടെ ജീവിതത്തിൽ എടുക്കുന്ന പല തീരുമാനങ്ങൾക്കും അതിന്റേതായ പരിണിത ഫലങ്ങളും ഉണ്ട്. തങ്ങളുടെ പ്രവൃത്തിയാലാണ് ഈ കഷ്ടത ജീവിതത്തിൽ വന്നത് എന്ന് തിരിച്ചറിഞ്ഞ ജനം അവരെ രക്ഷിക്കുവാൻ ദൈവത്തോട് പ്രാർത്ഥിച്ചു. ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളിൽ സഹായത്തിനായി നാം ദൈവത്തോട് അപേക്ഷിക്കുന്നു. ദൈവം നമ്മെ സഹായിക്കുന്നതിനായി ദൈവത്തിൽ ആശ്രയിക്കുന്നുവെങ്കിലും നാം പ്രതീക്ഷിക്കുന്നത് പോലെ ആയിരിക്കുകയില്ല നമ്മോടുള്ള അവിടുത്തെ സഹായം. യിസ്രായേൽ പ്രതീക്ഷയോടെ കാത്തിരുന്നത് ദൈവം ഒരു യോദ്ധാവിനെ എഴുന്നേല്പ്പിക്കും എന്നും, യിസ്രായേൽ മക്കളെ കൂട്ടി ഒരു വലിയ സൈന്യം ഉണ്ടാക്കി അവരെ ഞെരുക്കിയ ജാതികളെ തകർത്തുകളയും എന്നുമൊക്കെയായിരുന്നു. എന്നാൽ ദൈവം അത് ചെയ്തില്ല. പകരം ഇടങ്കയ്യനായ ഏഹൂദിനെ ഒരു രഹസ്യ സന്ദേശം പറയാനുണ്ടെന്ന രീതിയിൽ മോവാബ്യ രാജാവിന്റെ അടുക്കൽ അയക്കുകയും അവൻറെ അരമനയ്ക്കുള്ളിൽ വച്ച് അവനെ കൊന്നു കളയുകയും ചെയ്തു. അതിനു ശേഷം അവൻ യിസ്രായേൽ മക്കളെ ഒരുമിച്ചു കൂട്ടി. എന്നാൽ ഒരു സൈന്യത്തെ ചമച്ച് അവരെ ആക്രമിക്കുന്നതിന് പകരം അവർ നദീതീരത്ത് കാത്തിരുന്ന് ആ വഴിയായ് കടന്നുപോയ മോവാബ്യരെ കൊല്ലുകയും ചെയ്തു. ഏഹൂദ് എന്ന ഒറ്റ മനുഷ്യനിലൂടെ ദൈവം യിസ്രായേലിനെ അപ്രതീക്ഷിതമായ രീതിയിൽ രക്ഷിച്ചതുപോലെ വളരെ അപ്രതീക്ഷിതമായിത്തന്നെ ദൈവം ലോകത്തെ തൻറെ പുത്രനായ യേശുവിൽക്കൂടെ രക്ഷിച്ചു. യിസ്രായേൽ പ്രതീക്ഷിച്ചത് ഒരു രാജാവ് വേഗത്തിൽ മിന്നലാക്രമണം നടത്തി അവരെ രക്ഷിക്കും എന്നതായിരുന്നു. എന്നാൽ യേശു സൗമ്യനായി വന്ന് നമുക്ക് പകരമായി ക്രൂശിൽ മരിച്ച് ഉയർത്തെഴുന്നേറ്റു.

അവനിൽ വിശ്വസിക്കുന്ന ഏവരും രക്ഷ പ്രാപിക്കും. ഇനിയും താങ്കൾ എപ്പോഴെങ്കിലും, ബസ്സ് എന്ന വ്യക്തിയെപ്പോലെ ഏതെങ്കിലും വിഷത്തിലുള്ള കഷ്ടതയിലോ പ്രയാസത്തിലോ ആയിത്തീരുന്നുവെങ്കിൽ ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്നവനാണെന്ന് ഓർക്കുക. ദൈവത്തോട് സഹായത്തിനായി അപേക്ഷിക്കുകയും അവിടുന്ന് താങ്കളെ സഹായിക്കുന്ന അപ്രതീക്ഷിതമായ വഴികളെ കാണുകയും ചെയ്യുക!

## റെസലൂഷൻ (തീരുമാനം) 1



ഒരിക്കൽ പ്രാർത്ഥനാനന്തരം, അവരുടെ ഭവനത്തിനു തൊട്ടടുത്തായി പുതിയ അയൽക്കാർ താമസത്തിനായി വന്നു. വേഗത്തിൽ സുഹൃത്തുക്കളായി മാറുകയും, എല്ലാ സായാഹ്നങ്ങളിലും കളിക്കേണ്ടതിനായി പുറത്ത് പോവുകയും ചെയ്തിരുന്നു. അത് വളരെ രസാവഹമായിരുന്നു. ഒരാഴ്ചയ്ക്ക് ശേഷം താൻ തിരിച്ചറിഞ്ഞു, ടെലിവിഷൻ കാണുന്നതിനു പകരം, അത് കാണാൻപോലും സമയം കിട്ടാതെ കളിയിൽ ഏർപ്പെട്ടുകയായിരുന്നു താൻ. അതിനുശേഷം തനിക്ക് ലഭിച്ച സ്വാതന്ത്ര്യത്തിനായും തന്റെ ജീവിതത്തിൽ ടെലിവിഷൻ കാണുന്നതിനുള്ള ആവശ്യകത ഇല്ലാതെയായിത്തീർന്നതിനായും താൻ ദൈവത്തിനു നന്ദി പറഞ്ഞു.

## പ്രവർത്തനം 1

**അന്ധനായ ഹെൻ**



ഈ പ്രവർത്തനത്തിൽ കണ്ണുമൂടികെട്ടേണ്ടതിനായി ഒരു ആൺകുട്ടിയേയോ പെൺകുട്ടിയേയോ തിരഞ്ഞെടുക്കുക. മറ്റു കുട്ടികൾ ചുറ്റം വൃത്താകൃതിയിൽ നിൽക്കുക കണ്ണ് മൂടിക്കെട്ടിയ കുട്ടി ആ വൃത്തത്തിനു നടുവിൽ നിൽക്കണം. കളിക്കാർ ആരും കളിസ്ഥലം വിട്ടു പോകരുത്. കണ്ണ് മൂടിയ കുട്ടി മറ്റു കുട്ടികളെ സ്പർശിച്ച് അവർ ആരെന്ന് തിരിച്ചറിഞ്ഞ് പറയണം. ആൺകുട്ടികളെയും പെൺകുട്ടികളെയും പ്രത്യേകം പ്രത്യേകമായും നിർത്താം.

## സമയ രേഖ

ഈ ചോദ്യങ്ങളിൽ നിന്നുള്ള അറിവുകളിലൂടെ കുട്ടികൾക്ക് ഏഹൂദിനെ വരയ്ക്കുവാൻ കഴിയും.

എപ്പോൾ മുതലാണ് ഏഹൂദ് യിസ്രായേലിനെ ന്യായപാലനം ചെയ്യുവാൻ തുടങ്ങിയത്? A. കൃത്യമായുള്ള അറിവ് നമുക്കില്ല, എന്നാൽ 1297 BC യിൽ ആരംഭിച്ചു എന്ന് അനുമാനിക്കാം.
എത്രനാൾ ഏഹൂദ് യിസ്രായേലിനെ നയിച്ചു? A. 80 വർഷങ്ങൾ

## പ്രശ്നോത്തരി 1



| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| പ | രി | സ | യോ | വാ | ബ് | ര | യ | വി | ഹൂ |
| ണി | പം | ഹാ | ച്ച | ശ്രു | ദൈ | വം | ശ്രു | ഗ്ര | ക |
| പാ | ക | യം | വ്യ | ത | വ | രി | വ | ഹ | ഴ |
| പ | രി | ണി | ത | ഫ | ല | ങ്ങ | ൾ | ങ്ങ | പ്പം |
| ആ | പ്രാ | ർത്ഥ | ന | അ | പം | പം | ക്കം | ൾ | അ |
| ങ്ങ | ശ്ര | ധ | യ | സ | ന | ട | ആ | ശ്ര | ച്ച |
| ഹ | രാ | യം | ഹൂ | ഹാ | ച്ച | സ | യം | ക്ഷി | ട |
| ആ | പാ | പാ | ദാ | അ | ഗ്ര | ആ | ര | ധ | ക്കം |
| പ്പം | മോ | വാ | ബ് | പാ | ർത്ഥ | ന | ഴ | ണം | ന |



## ചോദ്യോത്തരങ്ങൾ 1

**(പ്രായമുള്ള കുട്ടികൾക്ക്)**

1. എഹൂദിനോടെന്നതുപോലെ ധീരതയോടെ ചെയ്യേണ്ടുന്ന ഏതെങ്കിലും കാര്യം ദൈവം എന്നോടു ചെയ്യുവാൻ ആവശ്യപ്പെട്ടാൽ ഞാനെന്തിനു ഭയക്കണം? ഭയക്കുന്നത് ശരിയായ കാര്യമാണോ?
(ധൈര്യശാലിയാകുക എന്നത് കൊണ്ട് ഭയത്തിന്റെ അഭാവം ഉള്ളവനായിരിക്കുക എന്നല്ല അർത്ഥമാക്കുന്നത് ഭയമുണ്ടെങ്കിലും മുൻപോട്ടു പോകുവാനുള്ള കഴിവുള്ളവനായിരിക്കുക എന്നാണ് അർത്ഥമാക്കുന്നത്.)
2. താങ്കൾ ഒരു പിഴവ് ചെയ്താൽ ഏത് തരത്തിലുള്ള ശിക്ഷയാകും സ്വീകരിക്കുക? (നമ്മുടെ പിഴവ് നിമിത്തമോ അല്ലാതെയോ നമുക്ക് ലഭ്യമാകുന്ന വിവിധങ്ങളായ ശിക്ഷാ നടപടികളെക്കുറിച്ച് പറഞ്ഞ് കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
3. യുദ്ധങ്ങൾ നല്ലതാണോ? ഒരു വ്യക്തിയെ കൊല്ലുന്നതും യുദ്ധത്തിൽ സംഭവിക്കുന്ന കൊലപാതകങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളെക്കുറിച്ച് ചർച്ച നടത്തുക. നമ്മുടെ ലോകത്തിൽ നടത്തപ്പെടുന്ന യുദ്ധങ്ങളെക്കുറിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ അവർ പങ്കിടട്ടെ. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതായ യുദ്ധങ്ങളെക്കുറിച്ചും ചർച്ച ചെയ്യുവാൻ മറന്ന് പോകരുത്.

## ഗയിം 1

**ദൈവത്തോട് നിലവിളിക്കുക**



ഇത് കളിക്കേണ്ടതിനായി ആൺ പെൺ വിഭാഗത്തെ വേർതിരിക്കുക. കുട്ടികൾ പരസ്പരം ചേർത്ത് പിടിച്ച് ഒരേ വരിയിൽ നിൽക്കുക. ചേർത്തു പിടിച്ച നിൽക്കുന്ന കൈകൾക്ക് അടിയിലൂടെ പിടികൂടുന്നത് വരെ കുട്ടികൾ കടന്നുപോകണം. ഇങ്ങനെ പിടികൂടുമ്പോൾ അവർ ദൈവത്തോട് ഉച്ചത്തിൽ 'ദൈവമേ രക്ഷിക്കേണമേ' എന്ന് നിളിവിളിക്കണം. ശേഷം ഗ്രൂപ്പിലുള്ള ഒരു അംഗം വന്നു കുടുക്കിൽ നിന്ന് ആ കുട്ടിയെ രക്ഷിക്കണം.

## ഹാജർ 1




ക്ലാസ്സിൽ ഹാജരായതിനുള്ള അതാതു ദിവസത്തെ കാർഡ് നൽകുക. അടുത്ത ആഴ്ച കടന്നു വന്ന് വിശ്വാസ വീരന്മാരുടെ ഗയിം കളിക്കേണ്ടതിനുള്ള കാർഡ് വാങ്ങുന്നതിനായി അവരെ പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യണം! ഇന്നത്തെ കാർഡ്:

**പ്രാർത്ഥന**

## ഗൃഹപാഠം 1

നിങ്ങൾ കടന്നുപോകുന്ന സുഖകരമല്ലാത്ത സാഹചര്യങ്ങളുടെ നടുവിൽ ക്ലാസ് റൂമിൽ(സ്കൂൾ) പ്രാർത്ഥിക്കുന്നതാണ് ഗൃഹപാഠം. സുഹൃത്തുക്കൾ നിമിത്തമോ അദ്ധ്യാപകർ നിമിത്തമോ ആകാം ആ സാഹചര്യം നിങ്ങളുടെ ജീവിതത്തിൽ വന്നത്. ദൈവം താങ്കളുടെ ചിന്തകളേയും ഹൃദയത്തേയും അറിയുന്നു എന്നതിനാൽ കണ്ണ് അടച്ച് പ്രാത്ഥിക്കുകയോ ഉറക്കെ പ്രാർത്ഥിക്കുകയോ ചെയ്യേണ്ടതില്ല. പ്രായോഗികവും സ്പഷ്ടവുമായ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ പ്രത്യുത്തരം കാണുവാൻ നമുക്ക് കഴിയും.

**വായിക്കുക**

ദിവസം 1: ന്യായാധിപന്മാർ 4: 1-5
ദിവസം 2 : ന്യായാധിപന്മാർ 4: 6-10
ദിവസം 3: ന്യായാധിപന്മാർ 4: 11-14
ദിവസം 4: ന്യായാധിപന്മാർ 4: 15-20
ദിവസം 5: ന്യായാധിപന്മാർ 4: 21-24

# 2. ദൈവം നീതിമാനാണ്



**ബൈബിൾ കഥ : ദെബോര**

ന്യായാധിപന്മാർ 4:1-24, 2:24-27

## മന:പാഠ വാക്യം 2

"വിശ്വാസംകൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും സാധ്യമല്ല; ദൈവത്തെ സമീപിക്കുന്ന ഏതൊരുവനും ദൈവം ഉണ്ടെന്നും, അവിടുത്തെ അന്വേഷിക്കുന്നവർക്ക് അവിടുന്ന പ്രതിഫലം നല്കുന്ന എന്നും വിശ്വസിക്കേണ്ടതാണല്ലോ." എബ്രായർ 11:6

## ആവശ്യമായ കഥ 2



ഒരിക്കൽ കോമെറ്റിന്റെ സഭയിൽ, സണ്ടേസ്കൂൾ ടീച്ചർക്ക് സുഖമില്ലാത്ത കാരണത്താൽ വരുവാൻ കഴിഞ്ഞില്ല. അവർ കോമെറ്റിനോട് സംസാരിക്കുകയും അന്നേ ദിവസം കുട്ടികളെ ശ്രദ്ധിക്കേണ്ടതിന്ന അപേക്ഷിക്കുകയും ചെയ്തു. അവർ ക്ലാസ്സിൽ നിന്നും പുറത്ത് പോകുന്നില്ല എന്ന് കൊമേറ്റിന്ന ഉറപ്പിക്കണമായിരുന്നു. ആയതിനാൽ താനൊരു ബൈബിൾ സിനിമ അവരെ കാണിച്ചു. ഇത് സ്വീകരിച്ചതിൽ തനിക്ക് അല്പം മടുപ്പ് ഉളവായി. അവൻ ചിന്തിച്ചു "ക്ലാസ് ശ്രദ്ധിച്ചു കൊണ്ട് ഇവിടെയിരിക്കുന്നതായിരുന്ന കൂടുതൽ നല്ലത്". കോമെറ്റ് മറ്റു മറുപടികൾ ഒന്നും തന്നെ പറയുന്നില്ല എന്ന് ടീച്ചർ ശ്രദ്ധിച്ചു. കോമെറ്റ് അത് അംഗീകരിച്ചു എന്നാൽ താൻ ക്ലാസ്സിലുള്ള മറ്റാരോടോ ഈ കാര്യത്തിൽ കൂടുതൽ ഉത്തരവാദിത്വമുള്ളവരായിരിക്കുവാൻ അപേക്ഷിച്ചു.

## പ്രധാന പാഠം 2

വിശാസ വീരന്മാർ എന്ന വിഷയത്തിലേക്ക് നമുക്ക് മടങ്ങിവരാം. ഏഹൂദ് എന്ന മനുഷ്യനിലൂടെ ദൈവം എപ്രകാരമാണ് യിസ്രായേലിനെ രക്ഷിച്ചത് എന്ന് കഴിഞ്ഞ ക്ലാസ്സിൽ നാം പഠിച്ചു. ഇത്തവണ നാം കാണുവാൻ പോകുന്നത് ദൈവം നീതിയുള്ളവൻ എന്നതാണ്. വീണ്ടും, യിസ്രായേൽ പാപം ചെയ്തു. കനാന്യരാജാവായ യാബീൻ തന്റെ പടനായകനായ സീസരയോടു ചേർന്ന് യിസ്രായേലിനെ ഞെരുക്കി. അക്കാലത്ത് അവിടെയൊരു പ്രവാചകി ഉണ്ടായിരുന്നു. അവളുടെ പേര് ദെബോര എന്നായിരുന്നു. അവൾ ഈന്തപ്പനയുടെ ചുവട്ടിൽ ഇരുന്ന് യിസ്രായേലിനെ ന്യായപാലനം ചെയ്തിരുന്നു. ദൈവത്തിന്റെ അരുളപ്പാടുകളെക്കുറിച്ച് പറയുന്ന വ്യക്തിയാണ് പ്രവാചകൻ. ദാബോരയിലൂടെ ദൈവം യിസ്രായേലിനെ കൂട്ടിവരുത്തുവാനും സീസരയുടെ സൈന്യത്തെ ആക്രമിക്കുവാനും ബാരാക്കിനെ വിളിപ്പിച്ചു. കഴിഞ്ഞ ആഴ്ച നാം പഠിച്ചത് നാം പ്രതിസന്ധിയിലാകുമ്പോൾ സഹായത്തിനായി ദൈവത്തോട് അപേക്ഷിക്കുക എന്ന പാഠമായിരുന്നു. ചിലപ്പോൾ, ഇന്നത്തെ കഥയിലെ കോമെറ്റിനെപ്പോലെ മറ്റൊരാൾക്ക് ഒരാവശ്യം വരികയും അവരെ സഹായിപ്പാനായി ദൈവം നമ്മെ വിളിക്കുകയും ചെയ്യും. ദൈവം താങ്കളെ വിളിക്കുമ്പോൾ എന്തായിരിക്കും താങ്കളുടെ പ്രതികരണം? ബാരാക്ക് ദെബോരയോട് പറഞ്ഞത് അവൻ അവളോടൊപ്പം വരുന്നുവെങ്കിൽ മാത്രമേ അവൻ പോകുകയുള്ളൂ എന്നാണ്. നാം ഭയപ്പെടുമ്പോൾ കാണുവാൻ കഴിയാത്ത ദൈവത്തെക്കാൾ കാണുവാൻ കഴിയുന്ന മനുഷ്യരെ ആശ്രയിപ്പാൻ പ്രേരിതരാകുന്നു. ദൈവം എത്ര വലിയവനാണെന്ന് മറക്കുവാൻ നമുക്ക് കഴിയും. ഈ പ്രപഞ്ചത്തെ മുഴുവൻ സൃഷ്ടിച്ച വലിയവനായ ദൈവമാണ് ഈ ദൈവം. നിങ്ങൾക്ക് ഭാവനയിൽ പോലും സങ്കൽപ്പിക്കുവാൻ കഴിയാത്തത്ര വലിപ്പമേറിയതും കാണുവാൻ പോലും കഴിയാത്തത്ര ദൂരത്തിൽ സ്ഥിതി ചെയ്യുന്നതുമായ നക്ഷത്രങ്ങളെ സൃഷ്ടിച്ചവനാണ് ഈ ദൈവം അവൻ വലിപ്പമേറിയ ആഴികളെ സൃഷ്ടിച്ചു. വലിപ്പമേറിയ ആകാശത്തെ സൃഷ്ടിച്ചു, ഒഴുകി നടക്കുന്ന മേഘങ്ങളെ സൃഷ്ടിച്ചു, വലിപ്പമേറിയ പർവ്വതങ്ങളെ സൃഷ്ടിച്ചു. മുഴുലോകത്തെയും നിയന്ത്രിക്കുന്നത് അവൻ മാത്രമാണ്. സകല ജന്തുക്കളുടെയും അധികാരി അവിടുന്നാണ്. സകല ചരിത്രങ്ങളും ചമയ്ക്കുന്നവൻ അവനാണ്. ഭാവിയിൽ നടക്കുവാൻ പോകുന്ന കാര്യങ്ങളുടെ അണുവിട പോലും അവിടുന്ന് അറിയുന്നു. ആകാശത്തിലേക്ക് നോക്കുകയോ ആകാശം ഭാവനയിൽ കാണുകയോ ചെയ്ത് അവൻ എത്ര വലിയവൻ എന്ന് ഓർക്കുക. അവൻ താങ്കളെ വിളിക്കുമ്പോൾ, താങ്കളോട് കൂടെ ഇരിപ്പാനും അവൻ ഭരമേല്പ്പിച്ചതൊക്കെയും ചെയ്യുവാൻ കഴിയേണ്ടതിന് സഹായിപ്പാനും താങ്കൾക്ക് അവനെ ആശ്രയിക്കുവാൻ കഴിയും. താങ്കൾ ചെയ്യുവാൻ പോകുന്ന കാര്യം ഭീതിജനകമായ ഒന്നാണ് എന്ന്

ചിന്തിക്കുന്നവെങ്കിൽ ആകാശത്തെക്കുറിച്ച്, നക്ഷത്രങ്ങളെക്കുറിച്ച്, പർവ്വതങ്ങളെക്കുറിച്ച് ചിന്തിക്കുക. മാത്രമല്ല താങ്കൾ ഭയപ്പെടുന്നത് ഏതൊന്നിനെയാണോ അതിലും വലിയവനാണ് ദൈവം എന്ന് ഓർക്കുക. ബാരാക്ക് ദൈവത്തെ ആശ്രയിക്കാതിരിക്കുകയും ദെബോരയെ ആശ്രയിക്കുകയും ചെയ്ത കാരണത്താൽ സീസരയെ കൊന്നുകളഞ്ഞതിന്റെ മഹത്വം ദൈവം മറ്റൊരു സ്ത്രീയെ ഭരമേല്പ്പിച്ചു. ദൈവം തങ്ങളോടു കൂടെ ഉണ്ടായിരുന്നതിനാൽ ബാരാക്കും യിസ്രായേൽ മക്കളും യുദ്ധത്തിൽ വിജയിച്ചു. സീസര ഓടിച്ചെന്ന് അഭയം പ്രാപിച്ചത് ഒരു സ്ത്രീയുടെ കൂടാരത്തിൽ ആയിരുന്നു. അവിടെ സീസര തളർന്ന് ഉറങ്ങി. അവൻ ഉറങ്ങുമ്പോൾ, അവൾ അവനെ കൊന്നു. യിസ്രായേൽ മക്കൾ ജയഗീതം പാടുമ്പോൾ, ബാരാക്കിനെക്കുറിച്ച പാടുന്നതിനു പകരം സീസരയെ കൊന്ന സ്ത്രീയെക്കുറിച്ച് അവർ പാടി. ദൈവം നീതിമാനാണ്. യേശു പറഞ്ഞു നാം ചെയ്യുന്ന സകല പ്രവൃത്തികൾക്കും ദൈവം പ്രതിഫലം തരും. നാം ചില പ്രതിഫലങ്ങൾ ഭൂമിയിൽ പ്രാപിക്കും, ചിലത് സ്വർഗ്ഗത്തിലും പ്രാപിക്കും. എന്തായാലും നാം ദൈവത്തിനായ് സധൈര്യം പ്രവർത്തിക്കുമ്പോൾ ദൈവം പ്രതിഫലം തരും എന്ന് ഉറച്ച വിശ്വസിക്കാം.

ഈ ജീവിതത്തിൽ ഞാൻ ചെയ്യുന്ന പ്രവർത്തികൾക്കൊക്കെയും പ്രതിഫലം തരുവാൻ ദൈവം നീതിമാനാണെന്ന് ഞാൻ തിരിച്ചറിയുന്നു.

## തീരുമാനം 2



സഭയിലെ പാസ്റ്റർ കൊമെറ്റിനായ് ഒരു ചെറിയ പ്രതിഫലം തയ്യാറാക്കി. അവൻറെ സഹായത്തിനു ധനപരമായ ഒരു സമ്മാനം നൽകുവാൻ തയ്യാറാകുന്നു. രണ്ടുപേർ ആ ക്ലാസ്സിനെ നിയന്ത്രിച്ച എന്ന് പാസ്റ്റർ മനസ്സിലാക്കിയപ്പോൾ അവർക്കിടയിൽ ആ പണം അദ്ദേഹം പങ്കിട്ടു നൽകി. സകലവും സംഭവിച്ചനന്തരം കോമെറ്റ് തനിക്ക് സഹായിയുടെ ആവശ്യമില്ലെന്ന് തിരിച്ചറിഞ്ഞു.

## പ്രവർത്തനം 2

**നീതിന്യായ കോടതി**

കുട്ടികൾ വൃത്തത്തിൽ ഇരിക്കുന്നു. ടീച്ചർ അവിടെയൊരു നാടകീയ രംഗം സൃഷ്ടിക്കണം. ഉദാഹരണമായി(ഒരു പിതാവ് കുട്ടികൾക്കായി ഹിമ പാദുകങ്ങൾ വാങ്ങി വന്നു. അവർ അത് പങ്കിടണമെന്നും പറഞ്ഞു. എന്നാൽ ആ പെൺകുട്ടി തന്റെ സഹോദരനിൽ നിന്നും അത് ഒളിച്ചുവച്ചു അത് നല്ലതോ തീയതോ?) താങ്കളുടെ വലത്തു ഭാഗത്തിരിക്കുന്ന കുട്ടി ന്യായാധിപനായി അഭിനയിക്കണം. വിഷയം സസൂക്ഷ്മം പരിശോധിച്ച് ഇത് നല്ലതോ തീയതോ എന്ന് കണ്ടെത്തണം. എന്നാൽ അതിനു മുമ്പ് മറ്റു കുട്ടികൾ നിയമപാലകരായി അഭിനയിക്കണം. ഒന്നാമതായി ഈ വിഷയം നല്ലതാണെന്ന് അനുകൂലിക്കുന്നവർ കരം ഉയർത്തണം. ആ വോട്ട് എണ്ണപ്പെടണം. ഈ വിഷയം നല്ലതല്ല എന്ന് വിശ്വസിക്കുന്നവർ ശേഷം കരം ഉയർത്തണം. ആ വോട്ടും എണ്ണപ്പെടണം. ന്യായാധിപൻ, ഒരു മിനിട്ടിനു ശേഷം ഇത് നല്ലതോ തീയതോ എന്ന അന്തിമ തീരുമാനം വ്യക്തമായി പ്രഖ്യാപിക്കണം. മറ്റൊരു കുട്ടി നല്ലത് ഏതെന്ന ശരിയായ തീരുമാനം നടപ്പാക്കണം.




## സമയ രേഖ 2

എഹൂദിന് ശേഷം യിസ്രായേലിനെ നയിച്ചതാര്? A. ദെബോര.

എത്ര വർഷം ദെബോര യിസ്രായേലിനെ നയിച്ചു? A. 40 വർഷം

## പ്രശ്നോത്തരി 2

| | | | | | | |
|---|---|---|---|---|---|---|
| ഹീ | റോ | ര | ആ | ക | നീ | നി |
| ഷ്ട | പ്ര | തി | ഫ | ലം | ഷ്ട | ര |
| വി | ഭ | വാ | ക | പീ | ഭ | ത |
| ശ്വ | മ | റ്റ | ച | ടി | ഡ | ൽ |
| സ്ത | പീ | ഡ | തം | കി | യേ | നം |
| ത | സീ | സെ | ര | സ്രാ | മാ | ബോ |
| ആ | ബാ | ബോ | യി | ആ | ബോ | ര് |
| ദൈ | ദെ | രാ | ര് | ശ്ര | നീ | തി |
| ക | വം | ഭ | ക്ക് | യം | പീ | റോ |
| ഷ്ട | പ്ര | യം | മ | റ്റ | പ്ര | ടി |





## ചോദ്യോത്തരങ്ങൾ 2

**(പ്രായമുള്ള കുട്ടികൾക്ക്)**

1. ദൈവ മുൻപാകെ ദിനം പ്രതി നാം ചെയ്യുന്ന പ്രവർത്തികൾ എന്തെല്ലാം? അവൻ നമുക്ക് പ്രതിഫലം തരുമോ? (ടീച്ചർ, ദൈവം എല്ലാം കാണുന്നു എന്നത് ഞാൻ വിശ്വസിക്കുന്നില്ല എന്ന നിലയിൽ അവരുടെ അഭിപ്രായം അറിയേണ്ടതിന് അവരുടെ മുമ്പിൽ അഭിനയിക്കുന്നത് നല്ലതാണ്. ഉദാഹരണമായി, ഞാൻ ടെലിവിഷൻ കാണുമ്പോൾ ദൈവം എന്നെ കാണുന്നില്ല... എന്നിങ്ങനെ പറയണം. ഒടുവിൽ, ദൈവം സലതും കാണുന്നു എന്ന് പറഞ്ഞ് ഉപസംഹരിക്കണം. ഈ പ്രവർത്തനങ്ങൾ താങ്കളുടെ വിദ്യാർത്ഥിയുടെ കണ്ണുകൾ തുറക്കും.)
2. എനിക്ക് ടെലിവിഷൻ കാണണം. അത് ശരിയാണോ? എന്ത് കൊണ്ട് പാടില്ല? (ചില കാര്യങ്ങൾ ധാർമ്മികമായി തെറ്റല്ല, എന്നാൽ അത് സമയം പാഴാക്കൾ ആണ് നമുക്ക് എല്ലാ ദിവസവും വിശ്രമം ആവശ്യമാണ്. കുട്ടികൾ അവരുടെ സമയം കളയുന്നു എന്നത് അവർ മനസ്സിലാക്കേണ്ടതിനായി ഒരു ദിവസത്തിൽ അവർ എത്ര നേരം വീഡിയോ ഗയിമുകൾ കളിക്കുവാനും ടെലിവിഷൻ കാണുവാനും സമയം വിനിയോഗിക്കുന്നുവെന്നു ചോദിക്കുക. ദൈവം സകലത്തിനും പ്രതിഫലം നൽകുന്നുവെങ്കിൽ കൂടുതൽ നല്ല കാര്യങ്ങൾ ചെയ്യുന്നതല്ലേ നല്ല ആശയം?)
3. സ്വർഗ്ഗം എപ്രകാരമാണ് കാണപ്പെടുന്നത്? (നമുക്കോരോരുത്തർക്കും വ്യത്യസ്തങ്ങളായ ഉത്തരങ്ങളാണ് സ്വർഗ്ഗത്തെക്കുറിച്ച് പറയാനുള്ളത്. ലോകമനുഷ്യർ ചിലപ്പോൾ പറയും സ്വർഗ്ഗം വളരെ മടുപ്പുളവാക്കുന്ന ഒരു സ്ഥലമാണ്. അവിടെ നാം മറ്റൊന്നും ചെയ്യുവാൻ ഇല്ലാതെ മേഘങ്ങളിൽ ഒഴുകി നടക്കുന്നു. എന്നാൽ ഈ ലോകം ഉണ്ടാക്കിയ അതേ ദൈവം തന്നെയാണ് അടുത്ത ഘട്ടം ലോകം അതിന്റെ എല്ലാ നന്മകളോടും കൂടെ യാതൊരു തിന്മയുമില്ലാതെ സൃഷ്ടിക്കുവാൻ പോകുന്നത്. നമ്മുടെ ഭാവനാ സങ്കല്പ്പങ്ങൾക്കും അതീനമായ ഒന്നായി ആണ് വേദപുസ്തകം വിവരണം നൽകുന്നത്. താങ്കളുടെ കുട്ടികളുമായി അല്പനേരം ഈ ബഹുസുന്ദരമായ സ്വർഗ്ഗത്തെപ്പറ്റിയും ലഭിക്കാൻ പോകുന്ന വലിയ പ്രതിഫലങ്ങളെപ്പറ്റിയും ചിന്തിക്കുവാൻ സമയമെടുക്കുക. അവരോടു ചോദിക്കുക, ഒരു ഐപാഡ് 2 പ്രതിഫലമായി ലഭിക്കുവാൻ നിങ്ങൾ എന്തു ചെയ്യുവാൻ തയ്യാറാകും. സ്വർഗ്ഗത്തിൽ ഇപ്രകാരം നമുക്ക് ദൈവം പ്രതിഫലങ്ങൾ നൽകി തരുമോ?



## ഗയിം 2

അന്ധ ചിത്രരചന

പങ്കെടുക്കുന്ന കുട്ടികളെ ഓരോ ജോഡികളായി തരംതിരിക്കുക. പുറത്തോടു പുറം തിരിഞ്ഞ് ഇരിക്കുവാൻ പറയണം. ജോഡിയിലുള്ള ഒരു കുട്ടിയ്ക്ക് വീതം ഒരു പേന, പേപ്പർ എന്നിവ നൽകുക. മറ്റേ കുട്ടിക്ക് ഒരു ചിത്രവും നൽകുക. കടലാസിലുള്ള ചിത്രം എന്താണെന്ന് പറയാതെ ചിത്രം ലഭിച്ച കുട്ടി തന്റെ പങ്കാളിയോട് ആ ചിത്രത്തിന്റെ വർണ്ണന മാത്രം നൽകുക. ഉദാഹരണമായി, ഒരു പുഴു ആപ്പിളിന് മുകളിൽ ഇരിക്കുന്ന ചിത്രം ആണെങ്കിൽ "ആപ്പിളിന് മുകളിൽ ഒരു പുഴു ഇരിക്കുന്ന ചിത്രം വരയ്ക്കുക" എന്ന് പറയുവാൻ പാടില്ല. "ഇടത്ത് വശത്തേക്ക് ഒരു വര വരയ്ക്കുക" എന്ന രീതിയിൽ പറയണം. പേനയും കടലാസുമായി ഇരിക്കുന്ന കുട്ടി ആ പറയുന്ന വിവരണം കേട്ട് ഭാവനയിൽ ആ ചിത്രം പകർത്തണം. 10 അല്ലെങ്കിൽ 15 മിനിട്ട് സമയപരിധി നൽകുക.



## ഹാജർ 2




കുട്ടികൾ ക്ലാസ്സിൽ ഹാജർ ആയതിന്റെ അതാതു ദിവസത്തെ കാർഡ് നൽകുക. അടുത്ത ആഴ്ചയും വന്ന് മറ്റൊരു കാർഡ് വാങ്ങുവാനും വീരന്മാരുടെ ഗെയിം കളിക്കുവാനും അവരെ പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക.!ഇന്നത്തെ കാർഡ് :

**ദെബോര.**

## ഗൃഹപാഠം 2

ഈ ആഴ്ചയിലെ ഗൃഹപാഠം എന്നത്, യേശുവിനെക്കുറിച്ച് ആരോടെങ്കിലും പങ്കിടുവാനായി ഒരു പ്രവർത്തി തിരഞ്ഞെടുക്കുക, ആരെയെങ്കിലും ധൈര്യപ്പെടുത്തുക, വീട്ടിൽ മാതാപിതാക്കളെ സഹായിക്കുക, ഏതെങ്കിലും ഒരു ജോലി ചെയ്യുവാൻ നിരന്തരം താങ്കൾ പോകുന്ന ഇടത്തും ഇപ്രകാരം പ്രവർത്തിക്കുക എന്നിവയാണ്. അത് സ്കൂളിലോ, വീട്ടിലോ ആകാം. കൂടാതെ സഭാശുശ്രൂഷകളിൽ ഏതെങ്കിലും ഒന്നിൽ സ്വമേധയാ സഹായം ചെയ്യാം. അത് ഭയാനകമായി തോന്നുന്നുവെങ്കിൽ, ഉയരങ്ങളിലെ നക്ഷത്രങ്ങളെയോ മേഘങ്ങളെയോ നോക്കി അവ സൃഷ്ടിച്ച ദൈവം എത്ര വലിയവനാണെന്ന് ചിന്തിക്കാം.

**വായിക്കുക**

ദിവസം 1: ന്യായാധിപന്മാർ 6: 1-13
ദിവസം 2: ന്യായാധിപന്മാർ 6: 14-26
ദിവസം 3: ന്യായാധിപന്മാർ 6: 27-40
ദിവസം 4: ന്യായാധിപന്മാർ 7: 1-15
ദിവസം 5: ന്യായാധിപന്മാർ 7: 16-25

# 3. ദൈവം തന്റെ വചനം നിവർത്തിക്കുന്നു.



**ബൈബിൾ കഥ: ഗിദയോൻ**

ന്യായാധിപന്മാർ 6:1-7:25

## മന:പാഠ വാക്യം 3

“എന്നാൽ സർവ്വേശ്വരനെ കാത്തിരിക്കുന്നവർ ശക്തി വീണ്ടെടുക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടും, തളരുകയില്ല. അവർ നടക്കും, ക്ഷീണിക്കുകയില്ല.” യെശയ്യാ 40:31

## ആവശ്യമായ കഥ 3



ബസ്സിന്റെ സഹോദരൻ യൌവ്വനക്കാരനാണ്. ഒരിക്കൽ അവൻ പ്രാർത്ഥിക്കുകയും ബൈബിൾ വായിച്ചു കൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ദൈവം അവനോട് ഇപ്രകാരം പറഞ്ഞു... സഭയിലെ ഗായക സംഘശുശ്രൂഷയിൽ ശുശ്രൂഷിക്കുവാൻ ദൈവം അവനെ ഉപയോഗിക്കും. ഒരു സംഗീത ഉപകരണം പോലും തനിക്ക് വായിക്കുവാൻ അറിയാത്ത കാരണത്താൽ അവന് അത് വളരെ ഒരു ആഘാതമായിത്തീർന്നു. അത് അവന്റെ മനസ്സിൽ ഒരു സംശയമുളവാക്കി. തനിക്ക് അബദ്ധം പറ്റിയതാകാം എന്ന് അവൻ കരുതി.

പിന്നീടവൻ ദൈവത്തോട് പ്രാർത്ഥിച്ചു ദൈവം അങ്ങനെ ആവശ്യപ്പെടുന്നുവെങ്കിൽ....

## പ്രധാന പാഠം 3

കഴിഞ്ഞ ആഴ്ച, ദൈവത്തിൽ ആശ്രയിക്കുന്നതിലുപരി ബാരാക്ക് എപ്രകാരമാണ് മനുഷ്യനിൽ ആശ്രയിച്ചതെന്ന് നാം കണ്ടു. ഈ ആഴ്ച നാം പഠിക്കുവാൻ പോകുന്നത് ഗിദെയോൻ എന്ന് പേരുള്ള ഒരു വ്യക്തിയെക്കുറിച്ചാണ്. യിസ്രായേൽ വീണ്ടും പാപം ചെയ്തു. മിദ്യാന്യർ അവരെ കഠിനമായി ഞെരുക്കുക നിമിത്തം ഭക്ഷണമോ മൃഗജാലങ്ങളോ ഒന്നും തന്നെ അവർക്ക് ഇല്ലാതെയായി. അവർ രഹസ്യമായി ആഹാരം ഉണ്ടാക്കുവാൻ തുടങ്ങി. എല്ലാവരും രഹസ്യമായി ഭക്ഷണം കഴിക്കുന്നതായി നടിച്ചു. ഒരിക്കൽ ഒരു ദൂതൻ വന്ന് ഗിദയോനോട് ഇപ്രകാരം സംസാരിച്ചു “തന്നിലൂടെ ദൈവം യിസ്രായേലിനെ രക്ഷിക്കും. അവൻ ഗിദെയോനോട് പറഞ്ഞത് “ഈ ബലത്തോടെ പോക” താൻ വളരെ ചെറിയവനായിരിക്കെ അത് എപ്രകാരം സാധിക്കും എന്ന് അവൻ ചോദിച്ചു. നിങ്ങൾ എന്തെങ്കിലും നിങ്ങളെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ നിങ്ങൾ വളരെ ചെറിയ കുട്ടിയാണെന്ന്, എനിക്ക് എന്തു ചെയ്യുവാൻ കഴിയുമെന്ന്? എന്നാൽ ദൈവത്തിനു നിന്നിലുള്ള ചെറിയ ശക്തി മാറ്റി അനന്തരം വൻകാര്യങ്ങളെ ചെയ്യേണ്ടതിനു നിന്നെ സഹായിക്കുവാൻ കഴിയും. കരുത്തുള്ള മറ്റൊരു വ്യക്തിയുടെ ആവശ്യം തനിക്കില്ലാത്ത നിലയിൽ ദൈവം അതി ശക്തനാണ്. നമുക്കെല്ലാവർക്കും ചെയ്യാൻ കഴിയുന്ന ഒന്നാണ് ഗിദെയോൻ ചെയ്തത്. അവൻ ദൈവത്തോട് അതിനുള്ള ഉറപ്പ് ചോദിച്ചു. ഇന്നത്തെ കഥയിൽ ബസ്സ് ചെയ്തതുപോലെ. നാം ദൈവത്തിന്റെ വചനത്തിൽ ഉറക്കണം എന്നും അത് നാം അനുസരിക്കണം എന്നും ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ അവിശ്വാസവും അനുസരണക്കേടും ദൈവത്തെ അസ്വസ്ഥനാക്കും. ഒരു ദൈവദൂതനാണ് തന്നോടു സംസാരിക്കുന്നത് എന്നറിഞ്ഞപ്പോൾ ഗിദെയോൻ ഭയപ്പെട്ടു. ദൈവം അവനോട് പറഞ്ഞു “ഭയപ്പെടേണ്ട, നിനക്ക് സമാധാനം”. യേശു പറഞ്ഞു അവന്റെ സമാധാനം അവൻ നമുക്ക് നൽകുന്നു. അവൻ എല്ലായ്പ്പോഴും നമ്മോടുകൂടെയുണ്ട്. അനേക തവണ അവൻ നമ്മോടു പറയുന്നു ‘ഭയപ്പെടേണ്ട’. നമുക്ക് സമാധാനം ഉള്ളപ്പോൾ, ദൈവം നമ്മോടുകൂടെയുണ്ട് എന്ന് നാം അറിയുമ്പോൾ, തന്റെ വചനത്തെ അവൻ ഉറപ്പിക്കുമ്പോൾ, നമ്മുടെ വിശ്വാസം പ്രവർത്തിയായി മാറുകയും നാം ദൈവത്തെ അനുസരിക്കുകയും ചെയ്യുന്നു. ഗിദെയോൻ മിത്ഥ്യാമൂർത്തികളുടെ ബലിപീഠങ്ങളെ ഇടിച്ച് കളയുകയും സത്യദൈവത്തിനായി ആ പട്ടണത്തിൽ യാഗപീഠം പണിയുകയും ചെയ്തു. ശേഷം ദൈവം ഗിദെയോനോട് ആ വലിയ മിദ്യാന്യ സൈന്യത്തോട് യുദ്ധം ചെയ്യേണ്ടതിന് യിസ്രായേൽമക്കളെ കൂട്ടി വരുത്തുവാൻ കല്പിച്ചു. വീണ്ടും ഗിദെയോൻ ദൈവത്തോട് ഉറപ്പ് ആവശ്യപ്പെട്ടു. അത് അസാദ്ധ്യമായ ഒന്നായിരുന്നു. അവൻ ഒരു ആട്ടിൻ തോൽ തറയിൽ വിരിച്ചു. പ്രഭാതമായപ്പോൾ അത് നനഞ്ഞ് കുതിർന്നിരുന്നു. എന്നാൽ അതിനു ചുറ്റുമുള്ള സ്ഥലം ഉണങ്ങിയും കാണപ്പെട്ടു.

രണ്ടാം ദിവസം, ആ ആട്ടിൻ തോൽ ഉണങ്ങിയ അവസ്ഥയിലും അതിനു ചുറ്റുമുള്ള നിലം നനഞ്ഞും കാണപ്പെട്ടു. ഗിദെയോൻ 32000 ആളുകളെ കൂട്ടിവരുത്തി. എന്നാൽ ദൈവം നമ്മുടെ കരുത്തിൽ സംതൃപ്തനല്ല. വളരെ ചുരുക്കം ആളുകളാലും അവൻ നമ്മെ വിടുവിക്കും. 300 ആളുകൾ ആകുന്നത് വരേയും മറ്റുള്ളവരെ ഭവനങ്ങളിലേക്ക് പറഞ്ഞയക്കുവാൻ യഹോവ ഗിദെയോനോട് കല്പിച്ചു. നമ്മുടെ കണ്ണുകളെ അടച്ച് നമുക്ക് ഭാവനയിൽ കാണുവാൻ കഴിയുമോ കേവലം 300 ആളുകൾ ഒരു വലിയ സൈന്യത്തിനെതിരായി യുദ്ധത്തിനു പോകുന്നത്. ദൈവം വീണ്ടും തന്റെ വാക്കുകളെ ഉറപ്പിച്ചു. ശത്രു പാളയത്തിലേക്ക് പതുങ്ങി ചെല്ലുവാൻ ദൈവം ഗിദെയോനോട് കല്പിച്ചു. ആ കൂടാരത്തിൽ 2 പേർ ഗിദെയോൻ തങ്ങളെ ആക്രമിക്കുന്ന സ്വപ്നത്തെക്കുറിച്ച് പറയുന്നത് താൻ മറഞ്ഞിരുന്ന് കേട്ടു. ദൈവം താങ്കളോട് കൂടെയുണ്ട് എന്നറിയുമ്പോൾ, ഗിദെയോൻ ചെയ്തതുപോലെ ചെയ്യുകയും ദൈവത്തെ ആരാധിക്കുകയും വേണം. ഗിദെയോൻ 300 ആളുകൾക്ക് തീപന്തങ്ങളെ നൽകി, കുടങ്ങൾ നൽകി, കാഹളങ്ങൾ നൽകി. അർദ്ധരാത്രിയിൽ അവർ സൈന്യത്തെ വളഞ്ഞു. പെട്ടെന്ന് കുടങ്ങളെ ഉടച്ച് പന്തം കത്തിച്ച് കാഹളങ്ങൾ ഊതി ആർത്തുവിളിച്ചു. ആ വലിയ സൈന്യം ഭയന്നോടി! യിസ്രായേൽ ആ യുദ്ധം വേഗം ജയിച്ചു. എന്തെന്നാൽ ദൈവം അവരോടു കൂടെ ഉണ്ടായിരുന്നു. ദൈവം താങ്കളെ വിളിക്കുമ്പോൾ ദൈവം എത്ര ശക്തനാണെന്ന് ഓർക്കണം. അവനോട് അതിന്റെ ഉറപ്പ് പ്രാപിക്കണം. ദൈവം ഏത് ദൌത്യത്തിനാണോ വിളിച്ചത് അത് നിറപടിയായി നിവർത്തിക്കണം.

ദൈവത്തിന് എന്നോടുള്ള വചനത്തിന്റെ ഉറപ്പ് ഞാൻ പ്രാപിക്കും. ഞാൻ ദൈവത്തെ അനുസരിക്കും.

## തീരുമാനം 3



ചില മാസങ്ങൾക്ക് ശേഷം സഭയിൽ, ദൈവത്തിനു പകരമായി നിന്നു കൊണ്ട് പാസ്റ്റർ തന്നെ അവൻ കേട്ട അതേ കാര്യം അവനോട് പറഞ്ഞു. അപ്പോഴാണ് ദൈവീക അരുളപ്പാടിന്റെ ഉറപ്പ് പ്രാപിച്ച് അവൻ സംഗീത ശുശ്രൂഷയ്ക്കായി തയ്യാറായത്.

## പ്രവർത്തനം 3

**ഡയറി**



- ഒരു ഡയറിയോ ബുക്ക് ലെറ്റോ പേപ്പർ ഷീറ്റുകൾക്കൊപ്പം തയ്യാറാക്കി വയ്ക്കുക.
- ഓരോ ദിവസവും ദൈവത്തിന്റെ അസ്ഥിത്വം ഉറപ്പാക്കുന്ന സാക്ഷ്യം രേഖപ്പെടുത്തി വയ്ക്കുവാൻ അവരോടു പറയുക. ദൈവത്തിന്റെ അസ്ഥിത്വം വെളിപ്പെടുന്ന രീതിയിൽ ചിലത് സംഭവിക്കുകയും ചിലത് അവർ കാണുകയും ചെയ്യും.


## സമയ രേഖ 3

ഗിദയോൻ ജനിച്ചത് ഏത് വർഷം? കൃത്യമായി നമുക്ക് അറിയില്ല, എന്നാൽ BC 1252-ൽ ആണെന്ന് നമുക്ക് ചിന്തിക്കാം.

എന്നാണ് ഗിദെയോൻ മരിക്കുന്നത്? കൃത്യമായി നമുക്ക് അറിയില്ല, എന്നാൽ BC 11 52-ൽ മരിച്ചു എന്ന് നാം ചിന്തിക്കുന്നു.

## പ്രശ്നോത്തരി 3

| | | | | | | | | |
|---|---|---|---|---|---|---|---|---|
| കാ | ളു | മ | ഞ്ഞ് | സ്ഥി | യാ | ഗ | ഫി | ഠം |
| വി | മി | ദ്യാ | ശ | ബ | രി | യ | ധ | ഞ്ഞ |
| വെ | ശ | ന്യ | ക്തി | ല | ആ | ക | ളം | ണം |
| ളി | ർ | പ്പ | യു | ഹി | ളു | രാ | ര | ത് |
| ച്ച | മാ | ഹ | ള്ള | നം | മ | സ | ധ | ണം |
| ങ്ങ | യാ | ലാ | ധാ | വ | ന | മി | പ്പ | ന |
| ൾ | ഗ | മാ | ഖ | അ | ൽ | ദ്യാ | ള്ള | ന |
| ഠം | സ | ന | ന | യോ | ഞ്ഞ | ന്യ | വ | ഞ്ഞ |
| കാ | ഹ | ളം | ദെ | ളി | ച്ച | ർ | ൽ | ങ്ങ |
| ഉ | ങ്ങി | ഗി | ള്ള | ഉ | ണ | ങ്ങി | യ | ത് |






## ചോദ്യോത്തരങ്ങൾ 3

**(മുതിർന്ന കുട്ടികൾക്ക്)**

1. ദൈവം നമ്മോടു സാദ്ധ്യമല്ല എന്ന് പറഞ്ഞാൽ എന്തു ചെയ്യും? (ഇത് നമുക്കെല്ലാവർക്കും സംഭവിക്കാം. നമുക്ക് എന്തെങ്കിലും നന്മകൾ അധികമായി വേണ്ടി വരുന്ന സമയം ഉണ്ടായിരിക്കാം. എന്നാൽ അത് സാദ്ധ്യമല്ല എന്ന തോന്നൽ ഉണ്ടാകുമ്പോൾ ഉറപ്പ് പ്രാപിക്കേണ്ടതിനായി പലയാവർത്തി ദൈവത്തോട് നാം ചോദ്യങ്ങൾ ചോദിക്കുന്നു. ദൈവം നമ്മോടു ദീർഘക്ഷമയുള്ളവനാണ്. എന്നാൽ സാദ്ധ്യമല്ല എന്ന് പറയുന്നതിന്റെ പിന്നിലുള്ള വസ്തുത നാ അംഗീകരിക്കുകയും അവനെ അനുസരിക്കുകയും ചെയ്യേണ്ടതാണ്.
2. ദൈവം എന്നോടു കോപിക്കുമോ? എന്തുകൊണ്ട്
   (ഏതെല്ലാം ഭാഗങ്ങളിലാണ് ദൈവ കോപം ഉണ്ടാകുന്നത്? നാം അനുസരണക്കേട് കാണിക്കുമ്പോഴും പാപം മറയ്ക്കേണ്ടതിന് കള്ളം പറയുമ്പോഴും, എന്തെങ്കിലും ചെയ്യേണ്ട സാഹചര്യങ്ങളിൽ സംശയം ഉളവാകുമ്പോൾ , നമുക്ക് അത് ചെയ്യാൻ കഴിയുകയില്ല എന്ന് പരാതി പറയുമ്പോൾ. നാം ഭയപ്പെടുമ്പോഴും ദൈവത്തോട് ഉറപ്പ് ചോദിക്കുമ്പോഴും ദൈവം നമ്മോട് ദേഷ്യപ്പെടാറില്ല).
3. ദൈവത്തിനു വാസ്തവമായും എന്നോടു സംസാരിക്കേണ്ടതുണ്ടോ? ( ഈ വിഷയം ചർച്ച ചെയ്യുക. ദൈവം എന്താണ് പറയുന്നത്, ആരോടാണ് സംസാരിക്കേണ്ടത്, എപ്പോഴാണ് അവൻ നമ്മോട് സംസാരിക്കുന്നത്, അവൻ നമ്മോട് എല്ലാവരോടും സംസാരിക്കും, എല്ലാ ദിവസവും സംസാരിക്കും, എന്തിനെക്കുറിച്ചും അവൻ സംസാരിക്കും).

## ഗയിം 3

**ആരെന്ന കണ്ടെത്തുക**



2 ടീമുകളിൽ നിന്നും ഒരു ടീമിൽ ഓരോ കുട്ടികളും കഴിഞ്ഞ പാഠങ്ങളിലെ കഥാപാത്രങ്ങളെ പ്രതിനിധീകരിച്ച് കടന്നു വരണം. ടീച്ചർ അവരെ രഹസ്യമായി നിയമിച്ചിരിക്കണം. മറ്റുള്ള ടീമുകൾ ഈ കഥാപാത്രങ്ങൾ ആരെല്ലാമെന്ന് കണ്ടെത്തണം. ഈ കഥാ പാത്രങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾ ചോദിക്കാം. എന്നാൽ ഉത്തരം പറയുന്ന ആൾ 'അതെ' എന്നോ 'അല്ല' എന്നോ മാത്രമേ പറയാൻ പാടുള്ളൂ. ആരും കള്ളം പറയരുത്. ഉദാഹരണമായി, കഥാപാത്രം മോശെ ആണെങ്കിൽ ചോദ്യം 'താങ്കൾ പെട്ടകം ഉണ്ടാക്കിയിട്ടുണ്ടോ? ഉത്തരം ഇല്ല എന്നായിരിക്കാം. "എന്താണ് താങ്കളുടെ പേര്?" എന്ന് തുടങ്ങുന്ന തരത്തിലുള്ള ചോദ്യങ്ങൾ അനുവദനീയമല്ല. ചോദ്യം ചോദിക്കുന്ന ടീമിന് അവരുടെ അനുമാനം ശരിയാണെന്ന ഉറപ്പുണ്ടായിരിക്കണം. ഇത് അവസാനിക്കുമ്പോൾ, കഥാപാത്രങ്ങളെ പരസ്പരം മാറാം, പ്രായ വ്യത്യാസം വരുത്താം, വീണ്ടും കളിക്കാം.

## ഹാജർ 3




ക്ലാസ്സിൽ ഹാജരായതിനുള്ള ഇന്നത്തെ കാർഡ് കുട്ടികൾക്ക് നൽകാം. അടുത്ത ആഴ്ച വരുവാനും വീരന്മാരുടെ ഗയിമിലൂടെ മറ്റൊരു കാർഡു കൂടി നേടുവാനും അവരെ പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക. ഇന്നത്തെ കാർഡ്:

**ഗിദെയോൻ**

## ഗൃഹപാഠം 3

ദൈവത്തിന്റെ അസ്തിത്വത്തെ ഉറപ്പിക്കുന്ന എന്തെങ്കിലും കാര്യങ്ങളെ കണ്ടെത്തുക. താങ്കളുടെ ജീവിതത്തിൽ സംഭവിച്ചതോ താങ്കൾ ജീവിതത്തിൽ കണ്ടതോ മറ്റാരുടെയെങ്കിലും ജീവിതത്തിൽ സംഭവിച്ചതോ ആയ കാര്യങ്ങളാകാം അത്. അതിനെക്കുറിച്ച് എഴുതുകയോ നോട്ടു ബുക്കിൽ അതിനെ സംബന്ധിക്കുന്ന ചിത്രം വരയ്ക്കുകയോ ചെയ്യാം. ഇതിനെക്കുറിച്ച് സഭയിലുള്ള ടീച്ചറോട് പറയുക.

**വായിക്കുക**

ദിവസം 1: ന്യായാധിപന്മാർ 10: 6-14
ദിവസം 2: ന്യായാധിപന്മാർ 10: 15-11: 3
ദിവസം 3: ന്യായാധിപന്മാർ 11: 4-13
ദിവസം 4: ന്യായാധിപന്മാർ 11: 28-34
ദിവസം 5: ന്യായാധിപന്മാർ 11: 35-40

# 4.ദൈവം നിങ്ങളെ വിലമതിക്കുന്നു



**ബൈബിൾ കഥ : യിഫ്താഹ്**

ന്യായാധിപന്മാർ 10: 6-11:13, 11: 29-40

### മന:പാഠ വാക്യം 4

“ദൈവം ബലവാനാണ്, അവിടുന്ന് ആരെയും വെറുക്കുന്നില്ല. അവിടുത്തെ ജ്ഞാനശക്തിയും അപാരംതന്നെ.” ഇയ്യോബ് 36:5

### ആവശ്യമായ കഥ 4



ടാഫി എല്ലായ്പ്പോഴും സ്കൂളിൽ വിരസത ഉള്ളവനായിട്ടാണ് ഇരിക്കുന്നത്. സ്കൂളിലുള്ള എല്ലാവരും അവളെ അവളുടെ കുടുംബത്തെപറ്റിയും അവൾ ക്രിസ്ത്യാനി ആയതുകൊണ്ടും പരിഹസിക്കും. ഉച്ചഭക്ഷണത്തിന് മിക്കപ്പോഴും അവൾ ഒറ്റയ്ക്കാണ് ഇരിക്കുന്നത്. അവൾക്ക് പന്തുകളിയ്ക്കാൻ അറിയില്ല. വ്യായാമ ക്ലാസ്സിൽ മറ്റുകുട്ടികൾ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെടുമ്പോൾ ഇവളായിരിക്കും ഏറ്റവും അവസാനം തിരഞ്ഞെടുക്കപ്പെടുന്ന കുട്ടി. അവളോടൊപ്പമുള്ള കുട്ടികളോട് അവൾ പറയും നിങ്ങൾ എത്ര നന്നായിട്ടാണ് പന്തുകളിയ്ക്കുന്നത്. എന്നാൽ അവർ കളിയാക്കി ചിരിച്ചിട്ട് ഇങ്ങനെ പറയും അവൾ കളിയ്ക്കുന്നത് എത്ര മോശമായിട്ടാണെന്ന്. പലപ്പോഴും അവർ അവളെ ഒഴിവാക്കിയിരുന്നു. ഒരു ആഴ്ച അസുഖം ബാധിച്ച് അവൾക്ക് സ്കൂളിൽ പോകുവാൻ കഴിഞ്ഞില്ല. എന്നാൽ അസുഖം ഭേദമായപ്പോൾ ഇനിയുമുള്ള ദിവസങ്ങൾ പരിഹസിക്കപ്പെടുന്നതോർത്ത് സ്കൂളിൽ പോകുവാൻ അവൾക്ക് ഭയമായി. അവൾ പ്രാർത്ഥിച്ചു. ”പിതാവേ എന്നെ സഹായിക്കേണമേ!”

### പ്രധാന പാഠം 4

വിശ്വാസ വീരന്മാർ എന്ന പാഠത്തിലേക്ക് സ്വാഗതം! ഇന്ന് നാം പഠിക്കുവാൻ പോകുന്നത് ദൈവമുൻപാകെ മൂല്യമുള്ളത് എന്താണ് എന്നതാണ്. ഒരു നിമിഷം ചിന്തിക്കുക മനുഷ്യൻ മൂല്യമായി കാണുന്ന വസ്തുകൾ ഏതൊക്കെയാണ്? ഒരു വ്യക്തിയുടെ ജീവിതത്തിന്റെ മൂല്യം ഉയർത്തി കാട്ടുന്ന കാര്യങ്ങൾ എന്തൊക്കെയാണ്? ഒരു വ്യക്തി പ്രാധാന്യമുള്ള വ്യക്തിയാണെന്ന് പറയത്തക്ക നിലയിൽ ലോകം അവകാശപ്പെടുന്ന മൂല്യങ്ങൾ എന്തൊക്കെയാണ്? (വ്യത്യസ്തങ്ങളായ ഉത്തരം പറയേണ്ടതിന് സമയം നൽകുക) ലോകം നമ്മോട് എല്ലായ്പ്പോഴും പറയുന്നത് ധനത്തിലേക്കും കഴിവിലേക്കും(ഇന്നത്തെ കഥയിലെ ടാഫിയെപ്പോലെ) താലന്തുകളിലേക്കും കുടുംബ പശ്ചാത്തലത്തിലേക്കും, വർണ്ണത്തിലേക്കും, തലമുടിയിലേക്കും, വസ്ത്രത്തിലേക്കും നല്ല പള്ളുകളിലേക്ക് പോലും നോക്കുവാനാണ്. ലോകം ഇപ്രകാരമുള്ള കാര്യങ്ങളിലൂടെയാണ് ആളുകളുടെ മൂല്യം കണ്ടെത്തുന്നത്. ചില ആളുകൾക്ക് കൂടുതൽ പദവി നൽകുകയും ചിലർക്ക് കുറഞ്ഞ പദവി നൽകുകയും ചെയ്യുന്നു. എന്നാൽ ഈ കാര്യങ്ങളൊന്നും ദൈവം നോക്കുന്നതേയില്ല. ദൈവം നോക്കുന്നത് എന്താണെന്നാണ് നിങ്ങൾ കരുതുന്നത്(ഇതിനെക്കുറിച്ച് ചിന്തിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുക, എന്നാൽ ഉത്തരം അപ്പോൾ പറയരുത്) ഇന്നത്തെ ബൈബിൾ കഥകളിലേക്ക് നോക്കാം. സത്യദൈവത്തെ കൂടാതെ മറ്റു ദൈവങ്ങളെ ആരാധിച്ച് യിസ്രായേൽ വീണ്ടും പാപം ചെയ്തു. ആയതിനാൽ ഫെലിസ്ത്യരും അമോന്യരും 18 വർഷങ്ങൾ അവരെ ഞെരുക്കി. അവരെ രക്ഷിക്കേണ്ടതിന് അവർ ദൈവത്തോട് അപേക്ഷിച്ചു. എല്ലാ അന്യദൈവങ്ങളേയും അവരുടെ ദേശത്ത് നിന്നും നീക്കിക്കളഞ്ഞു. ദൈവം അവരുടെ പ്രാർത്ഥനയ്ക്ക് ഉത്തരം അരുളി. അവരെ രക്ഷിപ്പാൻ ഒരുവനെ അയച്ചു. ആർക്കാണ് യിസ്രായേലിനെ രക്ഷിപ്പാൻ കഴിഞ്ഞത്? എല്ലാവരാലും ആദരിയ്ക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്ന ഉന്നത പദവിയിലുള്ള ഒരു യോദ്ധാവാണ് ആ മനുഷ്യൻ എന്ന് നിങ്ങൾ കരുതുന്നുവോ? എന്നാൽ ആ മനുഷ്യൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട യിഫ്താഹ് ആയിരുന്നു. ലോകം കരുതിയത് അവൻ അപ്രധാനിയായ വ്യക്തി ആണെന്നാണ്. ലോകം അവനെ പരിഹസിച്ചു. അവനെ അവന്റെ സഹോദരന്മാർ അമ്മയുടെ പേര് പറഞ്ഞ് ആട്ടി ഓടിച്ചു. താൻ ചെയ്യാത്ത കുറ്റത്തിന് അവൻ വളരെ അനുഭവിച്ചു. യേശുക്രിസ്തുവും ഈ വേദന അനുഭവിച്ചു. യഹൂദാ നേതാക്കന്മാർ അവനെ പരിഹസിച്ചു, അപമര്യാദയായി പെരുമാറി, ഒരു തെറ്റും ചെയ്യാതെയിരുന്നിട്ടും

അവനെ കൊന്നു കളഞ്ഞു. ദൈവം എന്താണ് നോക്കുന്നത്? വചനം പറയുന്നത്, ലോകം നോക്കുന്നതുപോലെ ദൈവം പുറമേയല്ല നോക്കുന്നത്. ദൈവം ഹൃദയത്തെ നോക്കുന്നു(1 ശമുവേൽ 16:7). യേശു പറഞ്ഞു ഒരുവൻ സർവ്വലോകവും നേടിയിട്ട് (പദവി, ധനം, പ്രാധാന്യത) തന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ എന്തു ഗുണം (മത്തായി 16:25) നിങ്ങളുടെ ഹൃദയത്തിലേക്ക് നോക്കുക. മുഴു ലോകത്തേക്കാൾ വിലയേറിയതാണ് നിങ്ങളിലുള്ള ആത്മാവ്. യേശു മരിച്ചപ്പോൾ അവൻ നമുക്കുവേണ്ടി അപ്രകാരം ചെയ്തു. എന്തെന്നാൽ നിങ്ങളിൽ അവൻ അത്രത്തോളം മൂല്യം കണ്ടു. ദൈവം നിങ്ങളിൽ എത്രത്തോളം മൂല്യം കാണുന്നു എന്നത് ലോകം തരുന്ന പദവികളുടെ ഏറ്റക്കുറച്ചിലിന്റെ അടിസ്ഥാനത്തിലല്ല. നിങ്ങളുടെ ഇടത്തും വലത്തുമുള്ള ആളുകളെ നോക്കുക. നിങ്ങൾ കണ്ടതായ ഓരോ വ്യക്തികളും സർവ്വ ലോകത്തെക്കാളും വിലയേറിയവർ ആണ്. ഇന്നത്തെ ബൈബിൾ കഥയിൽ, ദൈവം തന്റെ ജനത്തിന്റെ ഹൃദയത്തിനു രൂപാന്തര വരുത്തി. അവർ കഷ്ടത്തിൽ ആയപ്പോൾ തങ്ങൾ ആട്ടി ഓടിച്ച യിഫ്താഹിന്റെ അടുക്കൽ എത്തുകയും സഹായത്തിനായി അപേക്ഷിക്കുകയും ചെയ്തു. അവൻ ജനത്തെ വിജയത്തിലേക്ക് നടത്തുകയും 6 വർഷം ജനത്തിന്റെ നേതൃത്വം വഹിക്കുകയും ചെയ്തു. ദൈവത്തിന്റെ അഭിപ്രായമാണ് ഏറ്റവും പ്രധാനം എന്നും ദൈവം എന്നെ മൂല്യമുള്ളവനായി കരുതിയിരിക്കുന്നു എന്നും ഞാൻ അറിയുന്നു.

## റെസലൂഷൻ 4



ടാഫി സ്കൂളിൽ പോയപ്പോൾ അവൾ വലിയൊരു അതിശയം കണ്ടു. അവൾ മടങ്ങി വന്നതിൽ മറ്റു കുട്ടികൾ ആനന്ദിച്ചു. "ഞങ്ങൾ നിന്റെ അഭാവം അറിഞ്ഞു" അവർ പറഞ്ഞു. " നീ ഇല്ലാതെ ഒരു രസവുമില്ലായിരുന്നു. എല്ലായ്പ്പോഴും നീയായിരുന്നു ഞങ്ങളുടെ ഉത്തേജനം". വ്യായാമ ക്ലാസ്സിൽ ഇപ്പോഴും അവൾക്ക് നന്നായി കളിയ്ക്കാൻ അറിയില്ലാ എങ്കിലും പിന്നീട് ഒരിക്കലും അവൾ അവസാനം തിരഞ്ഞെടുക്കപ്പെടുന്ന കളിക്കാരിയായി മാറിയില്ല.

## പ്രവർത്തനം 4

**നിങ്ങളുടെ കൈ വരയ്ക്കുക**




ഒരു A-4 കടലാസിലോ നോട്ടു ബുക്കിലോ അവരവരുടെ കൈയ്യുടെ ചിത്രം വരയ്ക്കുക. ഓരോ വിരലിലും ദൈവം അവർക്ക് നൽകേണ്ടുന്ന കാര്യങ്ങൾ എഴുതുക. മറ്റൊരു വ്യക്തിയ്ക്കായുള്ള സമ്മാനമോ അപേക്ഷയോ ആകാം.

## സമയ രേഖ 4

ഏത് വർഷമാണ് യിഫ്താഹ് ജനിച്ചത്? കൃത്യമായി നമുക്ക് അറിയില്ല, എന്നാൽ അവൻ BC 1118-ൽ ജനിച്ചു എന്ന് കരുതുന്നു.
യിഫ്താഹ് മരിച്ചത് എന്ന്? കൃത്യമായി നമുക്ക് അറിയില്ല എങ്കിലും 1094-ൽ അവൻ മരിച്ചു എന്ന് കണക്കാക്കാം.

## പ്രശ്നോത്തരി 4

ഈ പ്രവർത്തനത്തിൽ, നാം ഓർക്കേണ്ട കാര്യം സർവ്വലോകത്തെക്കാളും വിലയേറിയതായി ദൈവം കരുതുന്ന ഒന്നാണ് ഓരോ വ്യക്തിയുടേയും ആത്മാക്കൾ. (മത്തായി 16:26). മനുഷ്യർക്കിടയിൽ അവനു ഒരു വിഭാഗീയതകളുമില്ല. (മത്തായി 22:16, ഗലാത്യർ 3:28)



| | | | | | | | | |
|---|---|---|---|---|---|---|---|---|
| അ | ർത്താ | അ | മോ | ന്യ | ർ | സ | ഹാ | ധി |
| വേ | ധി | സ്നേ | ഹാ | സ്ഥ്യ | മാ | ഹാ | ത്മ്യം | ന്യ |
| ദ | ജ | ക്ഷേ | ലി | വി | ജ | യം | വേ | ദ |
| പൃ | എ | ഫെ | പം | ഗ്ര | ധി | മോ | സ്നേ | ത |
| സ്ത | ർത്താ | ഫ | ക | ഹ | മാ | ക | ക്ഷ | ഹം |
| കം | പൃ | സ്ത | ദാ | ങ്ങ | ഹി | ത്യ | ർത്താ | സ്ത |
| പ്ര | തി | മ | ക | ശ് | പ്ര | റോ | വം | വ് |
| വി | ധി | കം | ർത്താ | വ് | സ്ഥ്യ | ദൈ | വി | റോ |



## ചോദ്യോത്തരങ്ങൾ 4

**(മുതിർന്ന കുട്ടികൾക്ക്)**

1. നിങ്ങളുടെ സ്കൂളിൽ ഏതു സാഹചര്യത്തിലാണ് നിങ്ങൾ വിവേചനം കാണാറുള്ളത്? (വിവേചനം നടത്തപ്പെടുന്ന വിവിധ സാഹചര്യങ്ങളെപ്പറ്റിയും അതിന്റെ സ്വീകർത്താക്കളിൽ ഉളവാക്കുന്ന മുറിവുകളെപ്പറ്റിയും ഒരു ചർച്ച നടത്തുക)
2. വിവേചനം ഞാൻ കാണുമ്പോൾ എനിക്കെന്തുകൊണ്ട് അതിൽ ഇടപ്പെട്ടുകൂടാ? (മറ്റൊരാളുടെ ആവശ്യത്തിനായി നിങ്ങൾ ഒന്നും ചെയ്യാതെയിരിക്കുകയോ മിണ്ടാതെയിരിക്കുകയോ ചെയ്യുന്നതുപോലെ തീരെ മോശപ്പെട്ട മറ്റൊരു കാര്യവും ഇല്ലെന്ന സത്യം ചർച്ച ചെയ്യുക)
3. അവർക്കെന്തുകൊണ്ടെന്നെ ഏകനായി വിട്ടുകൂടാ? (മനുഷ്യൻ സാമൂഹ്യജീവിയാണ്. നാം വേഗം വിവേചനം എന്ന തെറ്റിലേക്ക് കടന്നുപോകുന്നു. ആഗ്രഹങ്ങൾ മറ്റേതിനെക്കാളും പ്രചാരത്തിൽ വരുന്നു. നാം പാപത്തിൽ അകപ്പെടുന്നു. ആളുകൾ ഒരിക്കലും നമ്മെ സമാധാനത്തിലേക്ക് വിടുകയില്ല. നാം നമ്മെത്തന്നെയും മറ്റുള്ളവരേയും സംരക്ഷിക്കുവാൻ അറിഞ്ഞിരിക്കണം. നാം ദൈവത്തിൽ ആരാണെന്ന് ഉറപ്പ് പ്രാപിക്കണം. മറ്റുള്ളവർ എന്തുപറയുന്നു എന്ന് നാം ശ്രദ്ധിക്കരുത്.

## ഗയിം 4

അന്യോന്യം വിലയിരുത്തുക.



കുട്ടികൾ കൈകൾ ചേർത്തു പിടിച്ച് ഒരു വൃത്തത്തിൽ നിൽക്കുക. ആൺപെൺ വിഭാഗങ്ങളെ വെവ്വേറെ നിർത്തുക. ഒരു കുട്ടി വൃത്തത്തിനു പുറത്ത് ചുറ്റും ഓടുക. വൃത്തത്തിൽ നിന്നും ഒരു കുട്ടിയെ തിരഞ്ഞെടുക്കണം. അവന്റെ പിൻപിൽ തൊടുകയും ശേഷം അവന്റെ സ്ഥാനം കളയാതെ എതിർ ദിശയിലേക്ക് അവൻ ഓടുകയും വേണം. ആരാണോ ആദ്യം ലക്ഷ്യസ്ഥാനത്തേക്ക് എത്തുന്നത് അവൻ വിജയിക്കും. പരാജയപ്പെട്ട കുട്ടിയോട് വിജയിച്ചകുട്ടി ഔപചാരിക വാക്കായി ചില നല്ല വാക്കുകൾ പറയണം. ഉദാഹരണമായി മാനുവൽ ബുദ്ധിശാലിയാണ്.

## ഹാജർ 4

കുട്ടികൾ ക്ലാസ്സിൽ ഹാജരായതിനുള്ള ഇന്നത്തെ കാർഡ് നൽകണം. അടുത്ത ആഴ്ചയും കടന്നു വന്ന് വീരന്മാരുടെ ഗെയിം കളിച്ച് മറ്റൊരു കാർഡ് കൂടി നേടുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക. ഇന്നത്തെ കാർഡ്:




**കാവ്യ പുസ്തകങ്ങൾ**

## ഗൃഹപാഠം 4

ഈ ആഴ്ച്ചത്തെ ഗൃഹപാഠം ഒരു സ്വയ പരിശോധന നടത്തുന്നതിനെക്കുറിച്ചാണ്. നിങ്ങൾ നിങ്ങളെത്തന്നെ എങ്ങനെ കാണുന്നു? മറ്റുള്ളവരുമായി നിങ്ങളെ താരതമ്യം ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കുക. കുറഞ്ഞ മൂല്യമാണ് നിങ്ങൾക്ക് തോന്നുന്നതെങ്കിൽ നിങ്ങളായിരിക്കുന്ന നിലയിൽ ദൈവം നിങ്ങളെ മെനഞ്ഞിരിക്കുകയാണെന്ന് ഓർക്കുക. അവൻ നിങ്ങളെ വില മതിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. നിങ്ങൾക്ക് അഭിമാനം തോന്നുന്നുവെങ്കിൽ നിങ്ങളുടെ ആശ്രയം യേശുവിലാണെന്നും സ്വയത്തിലല്ല എന്നും ഓർക്കുക. ഈ ആഴ്ച്ചയിൽ എല്ലാ ദിവസവും ഉറക്കെവിളിച്ച് പറയുക "ഞാൻ യേശുവിനുള്ളവനാണ്, അവനെന്നെ വിലമതിയ്ക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു."

**വായിക്കുക**

ദിവസം 1: ന്യായാധിപന്മാർ 13: 1-5
ദിവസം 2: ന്യായാധിപന്മാർ 15: 9-16
ദിവസം 3: ന്യായാധിപന്മാർ 16: 4-10
ദിവസം 4: ന്യായാധിപന്മാർ 16: 15-22
ദിവസം 5: ന്യായാധിപന്മാർ 16: 23-30

# 5. വിശദാംശങ്ങൾ



**ബൈബിൾ കഥ : ശിംശോൻ**

ന്യായാധിപന്മാർ 13:1-25, 14:5-6, 15:9-20, 16:2- 31

## മന:പാഠ വാക്യം 5

"അതുകൊണ്ട് ധൈര്യംപൂണ്ട് കൃപയുടെ ഇരിപ്പിടമായ ദൈവസിംഹാസനത്തെ നമുക്കു സമീപിക്കാം. യഥാസമയം നമ്മെ സഹായിക്കുന്ന കൃപ നാം അവിടെ കണ്ടെത്തുകയും ദൈവത്തിൻറെ കരുണ നമുക്കു ലഭിക്കുകയും ചെയ്യും." എബ്രായർ 4:16

## ആവശ്യമായ കഥ 5



ടാഫിയുടെ മാതാപിതാക്കൾ ജോലിയ്ക്കായി പോയ ഈ പ്രഭാതത്തിൽ, സ്റ്റൌവിൽ ഇരിക്കുന്ന ഭക്ഷണം എടുത്ത് ഫ്രിഡ്ജിൽ വയ്ക്കുവാൻ മറക്കരുത് എന്ന് അവർ അവളോട് പറഞ്ഞു. "ഈ കാര്യം മാത്രമാണ് ഞങ്ങൾ നിന്നോട് പറയുന്നത്, ഇത് നീ വളരെ നന്നായി ചെയ്യണം". ടാഫി ഇപ്രകാരം ചിന്തിച്ചു. "യാതൊരു കാര്യത്തിലും ഞാൻ ഇതുവരെ ചുമതലയുള്ളവളായിത്തീർന്നിട്ടില്ല എന്നത് എത്ര വിചിത്രമായ കാര്യമാണ്. എന്തുതന്നെയായിരുന്നാലും ചെയ്യേണ്ടുന്ന കാര്യങ്ങൾ ചെയ്യുവാൻ എനിക്ക് കഴിയും. ശേഷം ടാഫി പത്രം വായിക്കുവാൻ പോയി. മാതാപിതാക്കൾ ഏൽപിച്ച കാര്യം പിന്നീട് ചെയ്യാം എന്ന് കരുതി. എന്നാൽ വായനയിൽ വ്യാപൃതയായ അവൾ അത് മറന്നുപോയി.

## പ്രധാന പാഠം 5

മടങ്ങിവരാം! അസാധാരണനായ ഒരു നേതാവിനെക്കുറിച്ചാണ് നാം ഇന്ന് പഠിക്കുവാൻ തുടങ്ങുന്നത്. ഒരിക്കൽ ഒരു ദൂതൻ മക്കളില്ലാത്ത ദമ്പതികളുടെ അടുക്കൽ വന്ന് അവർക്കൊരു മകൻ ഉണ്ടാകും എന്ന് പറഞ്ഞു. അവൻ നാസീർ വ്രതക്കാരനാകും, പ്രത്യേക വാഗ്ദത്തങ്ങളാൽ അവൻ ദൈവത്തിനായ് സമർപ്പിതനായി. അവൻ വീഞ്ഞ് തൊടുവാൻ പോലും പാടില്ല. മൃതദേഹത്തിൽ സ്പർശിക്കുവാൻ പാടില്ല, അവന്റെ ജീവകാലത്ത് തന്റെ മുടി മുറിക്കുവാനും പാടില്ല. നാസീർ വ്രതം എന്നത് ദൈവത്തോട് കൂടെയുള്ള ജീവിതത്തിന്റെ രൂപരേഖയാണ്. ക്രിസ്തു നമുക്കായി ന്യായപ്രമാണങ്ങൾ പൂർത്തീകരിച്ചതിനാൽ അതു നാം ചെയ്യേണ്ടതില്ല. എന്നാൽ ദൈവത്തിനു മാറ്റമില്ല. എന്നാൽ അവൻ ഇന്നും ശ്രദ്ധാലുവാണ്. ആ വ്രതം അവൻ ചെയ്ത നാൾ അത്രയും ദൈവം അവനു അമാനുഷീകമായ ഒരു കരുത്ത് നൽകി. ഒരിക്കൽ, ഒരു സിംഹം അവനെ ആക്രമിക്കേണ്ടതിനായി തനിക്കു നേരെ ചാടിവീണു. കൈയ്യിൽ ഒന്നുമില്ലാതിരിക്കെ താൻ ആ സിംഹത്തെ വലിച്ചു കീറിക്കളഞ്ഞു. മറ്റൊരിക്കൽ, യിസ്രായേല്യർ അവനെ ഫെലിസ്ത്യർക്ക് കൈമാറി. തന്റെ മേലുണ്ടായിരുന്ന പുതിയ കയർ വലിച്ചു പൊട്ടിച്ച് കഴുതയുടെ പച്ചത്താടിയെല്ലുകൊണ്ട് 1000 ഫെലിസ്ത്യരെ കൊന്നുകളഞ്ഞു. മറ്റൊരിക്കൽ ഫെലിസ്ത്യർ പട്ടണം വളഞ്ഞപ്പോൾ അവൻ പട്ടണ വാതിലിന്റെ കതകും കട്ടിളക്കാലും പറിച്ചെടുത്ത് മലമുകളിൽ കൊണ്ടുവച്ചു. ശിംശോന്റെ ശക്തിയെ എതിർക്കുവാൻ ഫെലിസ്ത്യർക്ക് ഒരുവിധത്തിലും കഴിഞ്ഞില്ല. ഇപ്രകാരം, ഒരു ശത്രുവിനോ പിശാചിനോ ജയിക്കുവാൻ കഴിയാത്ത കരുത്ത് ദൈവം നമ്മുടെ ഉള്ളിൽ തന്നിട്ടുണ്ട്. ശേഷം ശിംശോൻ ദലീല എന്ന ഒരു ഫെലിസ്ത്യ സ്ത്രീയുമായി പ്രണയത്തിലായി. തന്റെ ശക്തിയുടെ ഉറവിടം തലമുടിയാണെന്ന് പറയുന്നതുവരെ ഉപായരൂപേണ ദലീല അവനെ നിർബന്ധിച്ചു കൊണ്ടേയിരുന്നു. അവൻ അവളുടെ തലമുടി മുറിച്ചപ്പോൾ അവൻറെ ശക്തി നഷ്ടമായിത്തീർന്നു. ഫെലിസ്ത്യർ അവനെ പിടിച്ചു, അന്ധനാക്കി, തടവിൽ പാർപ്പിച്ചു. ദൈവം വിശദാംശങ്ങളിൽ ശ്രദ്ധാലുവാണ്. നമ്മുടെ ജീവിതത്തിൽ, നമുക്ക് സഭയിൽ പോകുവാൻ കഴിയും എന്നാൽ കാര്യമായ ശ്രദ്ധ ചെലുത്തുവാൻ നമുക്ക് സാദ്ധ്യമല്ല. ഇന്ന് നാം പഠിച്ച കഥയിലെ ദാഫിയെപ്പോലെ അത് അനുസരണക്കേടായിത്തീരും. അതല്ലെങ്കിൽ, മാതാപിതാക്കളോട് മറയ്ക്കുവാൻ ശ്രമിച്ച് അവരെ മറുതലയ്ക്കുന്നതുപോലെയാകും. ഇത് ആരോടെങ്കിലുമുള്ള വിദ്വേഷത്തിന് കാരണമാകാം. എന്തുതന്നെയായാലും ദൈവത്തിൽ നിന്നും ഒന്നും മറയ്ക്കുവാൻ കഴിയില്ല. അതെന്താണെന്ന് കണ്ടെത്തിയാൽ, മാനസാന്തരപ്പെടുക. ദൈവം താങ്കളുടെ ശക്തി മടക്കിത്തരും. അല്പം കഴിഞ്ഞു ശിംശോന്റെ തലമുടി വീണ്ടും വളർന്നു. ഒരു വലിയ ഉത്സവത്തിനു ശിംശോനെ പരിഹസിക്കേണ്ടതിന് ഫെലിസ്ത്യർ അവനെ അവരുടെ നടുവിൽ കൊണ്ടുവന്ന് നിർത്തി. ഒരിക്കൽ കൂടെ അവസാനമായി തന്നിൽ ആ ശക്തി നൽകണമെന്ന് അവൻ ദൈവത്തോട് അപേക്ഷിച്ചു. ക്ഷേത്രത്തിന്റെ 2 മണ്ഡപങ്ങളെ താൻ തള്ളി നിലത്തിടുകയിൽ ആ വലിയ

കെട്ടിടം തകർന്നു വീണു താൻ ജീവിച്ചിരിക്കുമ്പോൾ കൊന്നവരേക്കാൾ കൂടുതൽ മരിച്ചശേഷം കൊന്നു. ഇപ്രകാരം യേശു ദൈവശക്തിയാൽ ഈ ഭൂമിയിൽ നടന്നു. ആർക്കും അവനെ തടുക്കുവാൻ കഴിഞ്ഞില്ല. ശിംശോൻ ധാരാളം തെറ്റുകൾ ചെയ്തിട്ടുണ്ട് എന്നാൽ യേശു ഒരു തെറ്റുപോലും ചെയ്തിട്ടില്ല. ശിംശോനെപ്പോലെ യേശുവും പാപത്തെയും പിശാചിനേയും പരാചയപ്പെടുത്തി ക്രൂശിൽ മരിച്ചു ഉയർത്തെഴുന്നേറ്റു പിശാചിന് വലിയ പ്രഹരം നൽകി. ശിംശോനെപ്പോലെ നാം തെറ്റുകളിൽ അകപ്പെടുമ്പോൾ, യേശുവിന്റെ കൃപ നമ്മിൽ ചൊരിയപ്പെടുന്നു. അവനുവേണ്ടി എപ്രകാരം ജീവിക്കണം എന്ന് അവൻ നമ്മെ പഠിപ്പിക്കുകയും നമ്മോടു കൂടെ ഇരിക്കുകയും ചെയ്യുന്നു. നാം സകലത്തിലും ശ്രദ്ധാലുക്കൾ ആകേണ്ടതിന് അവനെ അനുഗമിയ്ക്കുവാനും അവൻ നമ്മെ പഠിപ്പിക്കുന്നു.

ഞാൻ സകലത്തിലും ദൈവത്തെ അനുഗമിക്കും.


## തീരുമാനം 5



അവളുടെ മാതാപിതാക്കൾ മടങ്ങിയെത്തിയപ്പോൾ, അവരോടൊപ്പം അതിഥികളെയും കൂട്ടിയാണ് വന്നത്. ആശ്ചര്യമെന്നോണം അവർ തയ്യാറാക്കിയിരുന്ന ആഹാരം ചീത്തയായിപ്പോയിരുന്നു.

## പ്രവർത്തനം 5

**പുതിയ അവസരം**



രണ്ടു ഭാഗങ്ങളായി വിഭജിക്കേണ്ടതിന് ഒരു ഷീറ്റിൽ ഒരു നേർരേഖ വരയ്ക്കുക. ആദ്യത്തേതിൽ ഏതെങ്കിലും കാര്യങ്ങൾ താറുമാറായ സാഹചര്യങ്ങളെക്കുറിച്ച് എഴുതുക. മറ്റേതിൽ ദൈവം നിങ്ങൾക്ക് തരുന്ന രണ്ടാം അവസരങ്ങളെക്കുറിച്ചും കൂടുതൽ ആശയങ്ങളെക്കുറിച്ചും കാര്യങ്ങളെ എങ്ങനെ മാറ്റിമറിയ്ക്കാം എന്നതിനെക്കുറിച്ചും എഴുതുക.

## സമയ രേഖ 5

ശിംശോൻ ജനിച്ചത് ഏത് വർഷം? കൃത്യമായി അറിയില്ല, എന്നാൽ 1119 BC യിലാണ് എന്ന് കണക്കാക്കപ്പെടുന്നു. എപ്പോഴാണ് ശിംശോൻ മരിച്ചത്? കൃത്യമായി അറിയില്ല, എന്നാൽ 1079 BC യിലാണെന്ന് കണക്കാക്കപ്പെടുന്നു.

## പ്രശ്നോത്തരി 5

| | | | | | | | |
|---|---|---|---|---|---|---|---|
| വാ | ഫെ | ശ | ക്തി | ശ് | ദ | ശിം | ല്യ |
| ദ | ത | ലി | ക | യ | ർ | ശോ | മു |
| ത്തം | ലീ | ല്യ | സ്ത്യ | ന | ഖ | ൽ | ട്ടി |
| ദെ | തി | താ | ഫെ | ർ | ത്ത് | ക | ത |
| വാ | ക | വ | ടി | റ | ദെ | ലീ | ല |
| മാ | യ | ഞ്ച | സ | യെ | ശോ | സ്ത്യ | മു |
| യെ | ലാ | ന | സിം | ഹം | ല്ല് | ക | ടി |
| ല്ല് | ർ | ഖ | വാ | തി | ല | ക | ശ് |

ശരിയോ തെറ്റോ:

ഉത്തരം ശരിയാണെങ്കിൽ 👍 എന്നും തെറ്റാണെങ്കിൽ 👎 എന്നും അടയാളപ്പെടുത്തുക.

1. ശിംശോന്റെ ശക്തി അവന്റെ ഹൃദയത്തിൽ കണ്ടെത്തിയിരുന്നു
2. ദലീല ശിംശോനെ ഒറ്റികൊടുക്കുകയും ഫെലിസ്ത്യരുടെ കൈയ്യിൽ ഏല്പിച്ചു കൊടുക്കുകയും ചെയ്തു
3. അനേകം ഫെലിസ്ത്യർ ശിംശോൻ ജീവിച്ചിരുന്ന സമയത്ത് മരിച്ചു. അത് ദേവാലയം തകർന്നപ്പോൾ ആയിരുന്നു
4. ശിംശോൻ അവന്റെ തലമുടി കൂടാതെ ശക്തി ഉള്ളവൻ ആയിരുന്നു.
5. ഒരു കഴുതയുടെ താടിയെല്ല് ഉപയോഗിച്ച് ശിംശോൻ ആയിരം പേരെ കൊന്നു.



## ചോദ്യോത്തരങ്ങൾ 5

**(മുതിർന്ന കുട്ടികൾക്ക്)**

1. എനിക്ക് എന്റേതായ രീതിയിൽ കാര്യങ്ങൾ ചെയ്യുവാൻ കഴിയുമോ? (നമുക്ക് യേശുവിനെ ആദരിക്കണമെങ്കിൽ നാം അവന്റെ പാതയിൽ തന്നെ കാര്യങ്ങൾ ചെയ്യേണം. രക്ഷ സൌജന്യമാണെങ്കിൽ കൂടിയും, ഒടുവിൽ നമുക്കുള്ളതെല്ലാം നാം ദൈവമുൻപാകെ സമർപ്പിക്കുന്നു. ജീവിതത്തിന്റെ സമസ്ത മേഖലയും സമർപ്പിക്കുന്നു).
2. നല്ലയാളുകൾ സ്വർഗ്ഗത്തിൽ പോകുന്നു, അല്ലേ?( നല്ലവനാകുക എന്നതും യേശുവിലുള്ള നന്മ നമ്മുടെ പാപത്തിനായ് നൽകപ്പെട്ടതും തമ്മിലുള്ള വ്യത്യാസം ചർച്ച ചെയ്യുക. ആരും പൂർണ്ണമല്ല.
3. ഞാൻ എന്തിന് ദൈവത്തിൽ ആശ്രയിക്കണം? (നമുക്കാശ്രയിപ്പാനുള്ള ഏകൻ ദൈവമാണ്. നമ്മുടെ പിതാക്കന്മാർ, പാസ്റ്റർമാർ, അദ്ധ്യാപകർ എന്നിവർ അതാതു സമയങ്ങളിൽ നമ്മെ പരാജിതരാക്കുന്നു. അത് മുറിവേൽപ്പിക്കുന്നു, എന്നാൽ ഒടുവിൽ നമുക്ക് ആശ്രയിപ്പാൻ ദൈവം മാത്രം എന്ന് മനസ്സിലാകും.

## ഗയിം 5

**ശ്രദ്ധ നൽകുക.**



കുട്ടികൾ വൃത്തത്തിൽ ഇരിക്കുക. കൂട്ടത്തിൽ ആരെങ്കിലും അതിനു മദ്ധ്യഭാഗത്തേക്ക് ചെന്ന് നേതാവ് ആരെന്നു സങ്കൽപ്പിക്കുക. മദ്ധ്യഭാഗത്ത് നിൽക്കുന്ന കുട്ടി അറിയാതെ ഒരു നേതാവിനെ തിരഞ്ഞെടുക്കുക. തിരഞ്ഞെടുക്കപ്പെട്ട നേതാവ് എന്തെങ്കിലും ഒരു ആംഗ്യം കാണിക്കുകയും മറ്റു കുട്ടികൾ അത് ആവർത്തിക്കുകയും വേണം. മദ്ധ്യഭാഗത്ത് നിൽക്കുന്ന കുട്ടി കാണാതെയാകണം നേതാവ് ആംഗ്യം തുടങ്ങുവാൻ. തലയിൽ തലോടുന്നതുപോലെയോ, മൂക്കിൽ തൊടുന്നത് പോലെയോ വളരെ ലളിതമായ ആംഗ്യമായിരിക്കണം കാണിക്കേണ്ടത്. മദ്ധ്യഭാഗത്ത് നിൽക്കുന്ന കുട്ടി നേതാവിനെ കണ്ടെത്തിയാൽ സ്ഥാനമാറ്റം നൽകുകയും വീണ്ടും കളി തുടങ്ങുകയും ചെയ്യാം.

## ഹാജർ 5




ക്ലാസ്സിൽ ഹാജരായതിനുള്ള ഇന്നത്തെ കാർഡ് നൽകണം. അടുത്ത ആഴ്ചയും കടന്നു വന്ന് വീരന്മാരുടെ ഗെയിം കളിച്ച് മറ്റൊരു കാർഡ് കൂടി നേടുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക. ഇന്നത്തെ കാർഡ്:

**ശിംശോൻ**

## ഗൃഹപാഠം 5

ജീവിതത്തിലെ സമസ്ത മേഖലകളിലേക്കും ശ്രദ്ധ നൽകുക എന്നതാണ് ഈ ആഴ്ചയിലെ ഗെയിം. നിങ്ങൾ മാതാപിതാക്കളെ അനുസരിക്കാറുണ്ടോ? നിങ്ങൾ മറ്റുള്ളവരോട് നന്നായി ഇടപെടാറുണ്ടോ? എല്ലാവരോടും ക്ഷമിക്കാറുണ്ടോ? അധികാരികളായവരിൽ നിന്നും എന്തെങ്കിലും മറച്ചു വയ്ക്കാറുണ്ടോ? (മാതാപിതാക്കൾ, അദ്ധ്യാപകർ, പാസ്റ്റർ) നിങ്ങൾക്ക് നഷ്ടമാകുന്നവയെക്കുറിച്ച് ഒരു വിശദാംശം തിരഞ്ഞെടുക്കാമോ? ക്ഷമയ്ക്കായി ദൈവത്തോട് അപേക്ഷിക്കാം, സഹായത്തിനായും ദൈവത്തോട് അപേക്ഷിക്കാം. അധികാരികളായവരോട് കുറ്റം ഏറ്റുപറയാം, അതിനെക്കുറിച്ച് അനുതപിക്കാം. ആ വിശദാംശം നിമിത്തം തുടർന്നുള്ള ആഴ്ചകളിൽ ശരിയായ കാര്യങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുക.

**വായിക്കുക**

ദിവസം 1: രൂത്ത് 1: 1-7
ദിവസം 2: രൂത്ത് 1: 11-18
ദിവസം 3: രൂത്ത് 2: 1-4
ദിവസം 4: രൂത്ത് 2: 19-23
ദിവസം 5: രൂത്ത് 4: 9-15

# 6. ദൈവം നിങ്ങളെ അനുഗ്രഹിക്കുന്നു



**ബൈബിൾ കഥ: രൂത്ത്**

രൂത്ത് 1:1-3:3, 3:16-4:22

## മന:പാഠ വാക്യം 6

"സർവേശ്വരനെ ആശ്രയിക്കയും അവിടുന്നു തന്നെ പൂർണ ആശ്രയമായിരിക്കുകയും ചെയ്യുന്നവൻ അനുഗ്രഹീതൻ. അവൻ ആറ്റുതീരത്തു നട്ടിരിക്കുന്നതും വെള്ളത്തിലേക്കു വേരോടിയിരിക്കുന്നതുമായ വൃക്ഷംപോലെയാണ്; വേനൽക്കാലമാകുമ്പോൾ അതു ഭയപ്പെടുകയില്ല; അതിൻറെ ഇലകൾ എപ്പോഴും പച്ച ആയിരിക്കും; വരൾച്ചയുള്ള കാലത്ത് അതിന് ഉൽക്കണ്ഠയില്ല; അതു ഫലം പുറപ്പെടുവിച്ചുകൊണ്ടേയിരിക്കും." യിരെമ്യാ 17:7-8

## ആവശ്യമായ കഥ 6



ഇന്ന് സ്കൂളിൽ കൊമറ്റിന്റെ ടീച്ചർ എല്ലാ ഗ്രൂപ്പുകൾക്ക് വേണ്ടി ഒരു ആശയം മുന്നോട്ടു വച്ചു. " എല്ലാ ദിവസവും ക്ലാസ്സിനുശേഷം ഈ ക്ലാസ് റൂം വൃത്തിയാക്കുവാനും സാധനങ്ങൾ ക്രമമായി വയ്ക്കുവാനും. നിങ്ങൾ എന്നോടൊപ്പം നിൽക്കണം എന്ന ഒരു ആശയം ഞാൻ മുന്നോട്ടു വയ്ക്കുന്നു. വളരെ പെട്ടെന്ന് തീർത്ത ശേഷം സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങിപ്പോകാം. എല്ലാവരും എന്നെ സഹായിക്കുമെങ്കിൽ, ഈ വർഷാർദ്ധത്തിന്റെ ഒടുവിൽ അവർക്കൊരു സമ്മാനം ഞാൻ നൽകും! കൊമറ്റിനു ഒഴികെ ബാക്കിയുള്ള എല്ലാവർക്കും ഈ ആശയം ഇഷ്ടപ്പെട്ടു. അവൻ വളരെ ദൂരെനിന്നുമാണ് വരുന്നത് എന്നുള്ളതിനാൽ ഇത് അവന് അല്പം കഠിനമായി തോന്നി. എല്ലാവരും ക്ലാസ്സിൽ നിൽക്കുവാൻ തുടങ്ങി. സമ്മാനം വളരെ ചെറുതായിരിക്കാം എന്ന് കരുതി അവർക്ക് ഈ ജോലിയോട് മടുപ്പ് ഉളവായി. എന്നാൽ ടീച്ചറെ സഹായിക്കുന്നതിൽ നിന്നും കോമറ്റ് മാറിയതേയില്ല അവൻ എല്ലായ്പ്പോഴും അവിടെയുണ്ടായിരുന്നു. പ്രതിഫലത്തെക്കുറിച്ച് അവൻ ചിന്തിച്ചതുമില്ല.

## പ്രധാന പാഠം 6

മടങ്ങി വരാം! ന്യായാധിപന്മാരുടെ കാലത്ത് യിഫ്താഹിനെപ്പോലെയും ശിംശോനെപ്പോലെയും മറ്റൊരു മനോഹര കഥ ഉണ്ടായിരുന്നു. ക്ഷാമം നിമിത്തം യിസ്രായേല്യർ അവരുടെ താമസം മോവാബിലേക്ക് മാറ്റി. പത്തു വർഷത്തിനകം പിതാവും രണ്ട് ആൺമക്കളും മരണമടഞ്ഞു. പാപപങ്കിലമായ ഒരു ലോകത്തിലാണ് നാം താമസിക്കുന്നത്. ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും ഒരേപോലെ ദുരിതങ്ങൾ വന്നു ഭവിക്കാം. യേശു പറഞ്ഞു നമുക്ക് പ്രയാസങ്ങൾ ഉണ്ടാമെന്നു വരാമെങ്കിലും നമ്മുടെ പ്രതിസന്ധികളിലുടനീളം അവൻ നമ്മോടു കൂടെയുണ്ട്. വിധവയായ നവോമി തന്റെ മരുമക്കളായ രൂത്തിനോടും ഒർപ്പയോടും കൂടെ യിസ്രായേലിലേക്ക് മടങ്ങിവന്നു. യാത്രയിൽ നവോമി അവരെ മോവാബിലുള്ള ഭവനത്തിലേക്ക് മടക്കി അയച്ചു. അതായിരിക്കും ഏറ്റവും നന്ന് എന്ന് അവൾ കരുതി. അവർ പരസ്പരം സ്നേഹിച്ചിരുന്നു. പിരിയുന്നത് അതിദു:ഖമായിരുന്നു. ഓർപ്പ മോവാബിലേക്ക് മടങ്ങിപ്പോയി. എന്നാൽ രൂത്ത് നവോമിയോടു പറ്റിച്ചേർന്നു നിന്നു. നവോമിയുടെ ദൈവവും ജനവും രൂത്തിന്റെ ദൈവവും ജനവും ആയിരിക്കും എന്നവൾ പറഞ്ഞു. ബെത്ലഹേമിലെ ഭവനത്തിൽ നവോമിയുടെ ജീവിതം വളരെ കയ്പേറിയതായിരുന്നു എന്ന് അവൾ പറഞ്ഞു. കഠിനമായ ശോധന നമ്മിലേക്ക് വരുമ്പോൾ അത് കയ്പ്പായി മാറുന്നു. എന്നാൽ രൂത്ത് നവോമിയോടു ചേർന്ന് നിന്നു. ബോവസിന്റെ വയലിൽ ജാഗ്രതയോടെ യവം ശേഖരിച്ച് വേല ചെയ്തു. എന്തു ചെയ്യണം എന്ന് അമ്മാവിയമ്മ അവൾക്ക് ഉപദേശിച്ചു കൊടുത്തത് അവൾ ചോദ്യം ചെയ്യാതെ അനുസരിച്ചു. സത്യസന്ധത, ജാഗ്രത, അനുസരണം എന്നിവ മനോഹര വസ്ത്രങ്ങൾ, മുടിയുടെ ഭംഗി, ഒരുക്കം, മറ്റു സംഗതികൾ എന്നിവയേക്കാൾ മനോഹരമാണ്. ബോവസും അതാണ് ശ്രദ്ധിച്ചത്. അവളെ സംരക്ഷിക്കാം എന്ന ഉറപ്പിൽ അവന്റെ വയലിൽ തുടർന്നും വേല ചെയ്യുവാൻ അവൻ അവളോട് പറഞ്ഞു. അവൻ കരുണയുള്ളവനും ദയാലുവും ആയിരുന്നു. അവളെ ഭക്ഷണത്തിനു ക്ഷണിക്കുകയും അവൾക്ക് ധാരാളം ഭക്ഷണം നല്കുകയും ചെയ്തു. വിവാഹ കാലമായപ്പോൾ ദൈവഹിതത്താൽ ബോവസ് എല്ലാറ്റിനും ഉത്തരവാദിത്വം ഏറ്റെടുത്തു. ദയ, കരുണ, നീതി എന്നിവ യേശുവിൽ പ്രതിഫലിച്ചിരുന്നു. അവ ശക്തിയേക്കാളും സൌന്ദര്യത്തേക്കാളും പ്രാധാന്യമർഹിക്കുന്നവയാണ്. ബൈബിൾ പറയുന്ന "യഹോവയിൽ തന്നെ രസിച്ചുകൊൾക, അവനെ നമ്മുടെ ജീവിതത്തിലെ പ്രധാനവും മനോഹരവുമായ സ്ഥാനം നൽകി ആദരിക്കുമ്പോൾ അവൻ നമ്മുടെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നമുക്ക് തരും (സങ്കീർത്തനം 37:4) യേശു പറഞ്ഞു അവൻ വന്നത് നമുക്ക് സമൃദ്ധിയായ ജീവൻ നൽകുവാൻ വേണ്ടിയാണ്. (യോഹ. 10:10) യേശു

പറഞ്ഞു നാം സകലതും അവനു നൽകുമ്പോൾ അവൻ നമുക്ക് 100 മടങ്ങ് പ്രതിഫലമായി മടക്കി നൽകുന്നു. ചിലത് ഈ ഭൂമിയിലും ചിലത് സ്വർഗ്ഗത്തിലും (മത്തായി 19:28:നട൳൳. ദൈവത്തിനു നമ്മെ അനുഗ്രഹിക്കണം. ബോവസും രൂത്തും വിവാഹിതരായി അവർക്ക് ഒരു ആൺകുട്ടി ജനിച്ചു. അത് നവോമിയിൽ സന്തോഷമുളവാക്കി. ചിലപ്പോൾ നമ്മോടുള്ള ദൈവാനുഗ്രഹം മറ്റുള്ളവർക്ക് സഹായകമായിത്തീരും. ബോവസും രൂത്തും ഭാവികാല രാജാവായ ദാവീദിനും വംശപാരമ്പര്യത്തിൽ യേശുവിനും വാർദ്ധക്യ മാതാപിതാക്കളായിത്തീർന്നു. നിങ്ങളുടെ ജീവിതത്തിലെ അനുഗ്രഹം ഭാവികുടുംബത്തിന്റെ അനുഗ്രഹമായോ സുഹൃത്തിലേക്കോ ദൈവത്തെ സേവിക്കുവാനുള്ള വലിയ അവസരത്തിലേക്കോ വഴി മാറിയേക്കാം. നാം ഇന്ന് കണ്ട കോമെറ്റ് പിന്നീട് അനുഗ്രഹം പ്രാപിച്ചു. ദൈവം താങ്കളെ സ്നേഹിക്കുന്നു എന്നതിന് ഏറ്റവും ചെറിയ കാര്യങ്ങളെപ്പോലും ഉപയോഗയുക്തമാക്കുന്നു. ദൈവം താങ്കളെ അനുഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നു. ദൈവത്തിനു ഒന്നാം സ്ഥാനം നൽകുകയും അവനിൽ തന്നെ രസിക്കുകയും, പ്രയാസമുള്ള ജീവിതമാണെങ്കിൽ കൂടി അവന്റെ ആഗ്രഹ പ്രകാരം നടക്കുകയും ചെയ്യുമ്പോൾ അവൻ നമ്മെ അനുഗ്രഹിക്കുന്നതിൽ പ്രസാദിക്കുന്നു.

ദൈവം എന്നെ അനുഗ്രഹിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു, എന്തുതന്നെയായാലും അവനെ അനുഗമിപ്പാൻ ഏറ്റവും നന്നായി ഞാൻ കാര്യങ്ങളെ ചെയ്യും.

## റെസലൂഷൻ 6




ആ ദിവസം വന്നെത്തി, എല്ലായ്പ്പോഴും ടീച്ചറോട് കൂടെയുണ്ടായിരുന്നത് കോമെറ്റ് ആയതിനാൽ ടീച്ചർ കോമറ്റിന് ആ സമ്മാനം നൽകി. ആ സമ്മാനം എന്തായിരിക്കുമെന്നാണ് നിങ്ങൾ കരുതുന്നത്?

വൌ, ഒരു ബൈസൈക്കിൾ, ഇത് കോമെറ്റിന് വളരെ വലിയ ഒരു സമ്മാനമായിരുന്നു. എന്തെന്നാൽ ഇപ്പോൾ അവനു ആ സമ്മാനം നിമിത്തം അധികം ക്ഷീണമില്ലാതെ വേഗം വീട്ടിലെത്താൻ കഴിയുന്നു.

## പ്രവർത്തനം 6

**ഓർമ്മിപ്പിക്കൽ**

ദൈവത്താൽ പ്രാപിച്ച അനുഗ്രഹങ്ങളെ ഓർക്കുവാൻ വേണ്ടിയുള്ള ഒരു പ്രവർത്തനമാണ് തുടർന്ന് കാണുന്നത്. ചിത്രത്തിൽ കാണുന്നത് പോലെ കത്തെഴുതുന്നതോ അല്ലെങ്കിൽ അ-4 സൈസ് പേപ്പറോ എടുത്ത് മടക്കുക. ചില ചിത്രങ്ങളും വരകളും നൽകുവാൻ വേണ്ടി അല്പം സ്ഥലം വിടുക. നിങ്ങളുടെ വീട്ടിൽ ഫോട്ടോ ഉണ്ടെങ്കിൽ അത് ഒട്ടിക്കുവാൻ ആ സ്ഥലം വെട്ടിയെടുക്കുക. നിങ്ങളുടെ കുടുംബത്തിന്റെ ഫോട്ടോയോ നിങ്ങൾക്കുള്ള എന്തിന്റെയെങ്കിലും ഫോട്ടോയോ ആയിരിക്കണം അത്.




## സമയ രേഖ 6

എപ്പോഴാണ് രൂത്തിന്റെ കഥ നടക്കുന്നത്? കൃത്യമായ സമയം നമുക്കറിയില്ല, എന്നാൽ BC 1230 ൽ ആണെന്ന് കണക്കാക്കപ്പെടുന്നു.

## പ്രശ്നോത്തരി 6

| | | | | | | |
|---|---|---|---|---|---|---|
| രാ | ക്ഷാ | ശ്രു | വ | യ | ൽ | ഹം |
| ജ | അ | ത്ത് | മം | ത | ശ്രു | ഗ്ര |
| ഭ | ഹം | ന | ട്ടു | വി | ബ് | യ |
| ക്തി | ബോ | ക്ലു | ഗ്ര | വാ | യോ | ത |
| ക | യ്പ്പ് | വ | മോ | ഹം | ഗ്യ | ല |
| ഒ | ക്ഷാ | ത | സ് | ഓ | ർപ്പ | മ്പ |
| ർപ്പ | ഗ്യ | മം | വം | ധാ | ഭ | ടി |
| യോ | ദ | യ | ത്ത് | ന്യം | ജ | ക്തി |





## ചോദ്യോത്തരങ്ങൾ 6

**(മുതിർന്ന കുട്ടികൾക്ക്)**

1. എന്താണെനിക്കുള്ളത്? ( ദൈവം കരുണയുള്ളവനാണ്, അവൻ നമ്മെ അനുഗ്രഹിപ്പാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ സ്വപ്നങ്ങളിൽ ഏറ്റവും വലുത് എന്താണ്? ദൈവം അത് പൂർത്തീകരിക്കുന്നത് കാണുവാൻ ചില വർഷങ്ങൾ കാത്തിരിക്കുക! നിങ്ങളുടെ വിദ്യാർത്ഥികൾ എന്തു ചോദിക്കുന്നുവെന്ന് ശ്രദ്ധയോടെ നോക്കിയിരിക്കുക. അതൊരു പുതിയ കാർ അല്ല, ഒരു പുതിയ മൊബൈൽ അല്ല, കൂടുതൽ പ്രാധാന്യവും നല്ലതുമായ സ്വപ്നങ്ങൾ കാണുവാൻ അവരെ സഹായിക്കുക.
2. ദൈവത്തിനു നമ്മെ അനുഗ്രഹിക്കണമെങ്കിൽ, എന്തിന് കഠിന ശോധനകൾ വരുന്നത് ദൈവം അനുവദിക്കുന്നത്? (നാം പാർക്കുന്നത് പാപത്താൽ നിറയപ്പെട്ട ഒരു ലോകത്തിലാണ്, കഷ്ടങ്ങൾ എല്ലാവർക്കും ഉണ്ടാകാം. ദൈവം നമ്മുടെ ശരീരത്തേക്കാൾ ഹൃദയത്തെ സൂക്ഷിക്കുന്നവനാണ്. നമ്മുടെ പ്രാണനും ആത്മാവും നിത്യമാണ്. എന്നാൽ ശരീരം അങ്ങനെയല്ല നമ്മുടെ ഹൃദയ വിചാരങ്ങളെ വ്യതിചലിപ്പിക്കുവാനും നമ്മിലുള്ള പക്വതയെ വർദ്ധിപ്പിക്കുവാനും ദൈവം വേദനയേയും കഠിന ശോധനകളെയും ഉപയോഗിക്കുന്നു.
3. നമ്മിൽ എല്ലാവരും "ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ"എന്ന് എന്തിനാണ് പറയുന്നത്? ( അതൊരു സമ്പ്രദായമായി മാറിയിരിക്കാം, ഒരു അഭിവാദ്യം മാത്രമായിത്തീർന്നിരിക്കാം എല്ലാവർക്കും അതൊരു ശീലമായിത്തീർന്നിരിക്കുന്നു. എന്തുകൊണ്ട് അതിൽ പങ്കെടുത്ത് കൂടാ?)

## ഗെയിം 6

**അനുഗ്രഹത്തിന്റെ സമാഹരണം**

ഒരു വ്യക്തി വിൽപ്പനക്കാരൻ, മറ്റൊരാൾ വാങ്ങുന്നയാൾ മറ്റുള്ളവർ അനുഗ്രഹങ്ങൾ . ടീച്ചർ കുട്ടികൾക്ക് ഓരോ അനുഗ്രഹങ്ങളുടെ പേര് നൽകുക(ഉദാഹരണം താഴെ നൽകിയിരിക്കുന്നു) വാങ്ങുന്നയാൽ



എത്തുമ്പോൾ ഇപ്രകാരം പറയണം: എനിക്ക് ഒരു അനുഗ്രഹം വേണം വിൽക്കുന്നയാൾ ചോദിക്കണം: ഏതു തരത്തിലുള്ള അനുഗ്രഹമാണ് നോക്കുന്നത്?

നൽകിയിരിക്കുന്ന ലിസ്റ്റ് പ്രകാരം നിങ്ങൾക്ക് തിരഞ്ഞെടുക്കാം. വാങ്ങുന്നയാൽ ചോദിക്കുന്ന ഇതിനെത്രയാണ് വില? അവിടെ ആ അനുഗ്രഹം ഉണ്ടെങ്കിൽ, അതിനെ പ്രതിനിധീകരിക്കുന്ന കുട്ടി അവന്റെ പ്രായം ഉറക്കെ വിളിച്ചു പറയുകയും പിടികൊടുക്കാതെ ഓടുകയും ചെയ്യണം. വാങ്ങുന്നയാൽ ആ പ്രായത്തിനൊത്ത കയ്യടി നൽകി ഇരുവരും ആ പ്രതിനിധീകരിക്കപ്പെട്ട കുട്ടി പിടികൂടുകയും ചെയ്യണം. അവൻ പിടിയ്ക്കപ്പെട്ടാൽ ഓടിയ കുട്ടി പരാജയപ്പെടുന്നു, ഇല്ലെങ്കിൽ അവൻ മടങ്ങിവന്ന് മറ്റൊരു കുട്ടിയുടെ പേര് പറയണം. അനുഗ്രഹങ്ങൾ എന്നത്:

1. ആഹാരം
2. രക്ഷ
3. ആരോഗ്യം
4. ഹാംബർഗർ
5. വസ്ത്രം
6. മധുരപലഹാരം
7. കേക്ക്
8. കളിപ്പാട്ടങ്ങൾ
9. സമാധാനം
10. ജ്ഞാനം
11. സന്തോഷം
12. കുടുംബം
13. സ്നേഹം
14. സുഹൃത്തുക്കൾ
15. നിത്യത

ഇച്ഛാനുസൃതമായ: ഒരു മേശയോ, കസേരയോ, മരമോ, പാറയോ അങ്ങനെയെന്തും കടയെ പ്രതിനിധീകരിച്ച് വയ്ക്കാവുന്നതാണ്.




## ഹാജർ 6

ക്ലാസ്സിൽ ഹാജരായതിനുള്ള ഇന്നത്തെ കാർഡ് നൽകണം. അടുത്ത ആഴ്ചയും കടന്നു വന്ന് വീരന്മാരുടെ ഗെയിം കളിച്ച് മറ്റൊരു കാർഡ് കൂടി നേടുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക.!ഇന്നത്തെ കാർഡ്:

**രൂത്ത്**

## ഗൃഹപാഠം 6

നിങ്ങൾക്കേറ്റവും ഇഷ്ടപ്പെട്ട ഒരു കാര്യം ചിന്തിക്കുക എന്നതാണ് ഈ ആഴ്ചത്തെ നിങ്ങളുടെ ഗൃഹപാഠം. ഉദാഹരണമായി നിങ്ങളുടെ കുടുംബം, ഒരു സുഹൃത്ത്, നിങ്ങളുടെ വീട്, കിടക്ക, കളിപ്പാട്ടം, സ്കൂളിലെ ഏറ്റവും ഇഷ്ടപ്പെട്ട ക്ലാസ്, ഈ ആഴ്ച്ചയിലുള്ള എല്ലാ ദിവസങ്ങളും ഇവയെ ഓർത്ത് ദൈവത്തിനു നന്ദി പറയുക.

**വായിക്കുക**

ദിവസം 1: 1 ശമുവേൽ 1: 1-8
ദിവസം 2: 1 ശമുവേൽ 1: 9-20
ദിവസം 3: 1 ശമു 3: 1-6
ദിവസം 4: 1 ശമു 3: 7-14
ദിവസം 5: 1 ശമു 3: 15-21

# 7. ദൈവം നിങ്ങളെ തിരഞ്ഞെടുക്കുന്നു.



**ബൈബിൾ കഥ: ശമുവേൽ**

1 ശമുവേൽ 1;1- 28, 3:1-21

## മന:പാഠ വാക്യം 7

"നിങ്ങൾ പോയി നിലനില്ക്കുന്ന ഫലം പുറപ്പെടുവിക്കുന്നതിന് ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു. അതുകൊണ്ട് എൻറെ നാമത്തിൽ നിങ്ങൾ പിതാവിനോട് എന്തപേക്ഷിച്ചാലും അവിടുന്നു നിങ്ങൾക്കു നല്കും." യോഹന്നാൻ 15:16

## ആവശ്യമായ കഥ 7



കോമറ്റിന്റെ സഭയിൽ അവർ വെക്കേഷൻ ബൈബിൾ സ്കൂൾ നടത്തുവാൻ തീരുമാനിച്ചു. ഒരു നാടകമോ അതുപോലെയുള്ള പരിപാടികളോ നടത്തുവാൻ ഓരോ കുട്ടികളും നിയോഗിതരായി. എല്ലാ കുട്ടികളും അവരുടെ സണ്ടേസ്കൂൾ അദ്ധ്യാപകരാൽ നയിക്കപ്പെട്ടു. എന്നാൽ കോമറ്റ് ഇതിലൊന്നും പങ്കെടുത്തില്ല. തന്നെ ഒന്നിനും കൊള്ളില്ല എന്ന് കരുതി അവൻ ദുഃഖത്തോടെ നടന്നു. ദൈവം അവനെ ഉപയോഗിക്കുകയില്ലെന്നും ഉപയോഗിച്ചിട്ടില്ലെന്നും അവൻ ചിന്തിച്ചു.

## പ്രധാന പാഠം 7

വിശ്വാസ വീരന്മാരുടെ പാഠത്തിലേക്ക് മടങ്ങിവരാം! ഇന്ന് നാം ശമുവേലിനെക്കുറിച്ചു പഠിക്കുവാൻ പോകുന്നു. അവസാന ന്യായാധിപനായിരുന്നു ശമുവേൽ. ദൈവം തന്നെ എപ്രകാരം വിളിച്ചു എന്ന് നോക്കാം. നാം പഠിച്ച എല്ലാ വിശ്വാസ വീരന്മാരെക്കുറിച്ചും ഒന്ന് ഓർക്കാം. ശമുവേൽ ഏതു രീതിയിലുള്ള വ്യക്തിയാണെന്നാണ് താങ്കൾ കരുതുന്നത്? ഒരു യോദ്ധാവ്, ഒരു ധനികൻ, ഒരു പുരോഹിതൻ? ദൈവം അവനെ വിളിച്ചത് എങ്ങനെയെന്നു നോക്കാം. യിസ്രായേലിൽ ഉള്ള ഒരു സ്ത്രീയ്ക്ക് കുട്ടികൾ ഉണ്ടായിരുന്നില്ല. അത് അവളെ വളരെ ദുഃഖത്തിലാക്കി. ഒരിക്കൽ അവൾ തന്റെ ഭർത്താവിനൊപ്പം ദേവാലയത്തിൽ ആരാധനയ്ക്കായി പോയപ്പോൾ അവൾ വളരെ രഹസ്യമായി ദൈവത്തോട് ഒരു കുഞ്ഞിനുവേണ്ടി പ്രാർത്ഥിച്ചു. ആ കുഞ്ഞിനെ ദൈവത്തിനു നൽകുമെന്നും പറഞ്ഞു. അവൾ ഭവനത്തിലേക്ക് പോയതിനുശേഷം ദൈവം അവളുടെ പ്രാർത്ഥനയ്ക്ക് ഉത്തരമരുളി. അവൾക്കൊരു കുഞ്ഞിനെ നൽകി. ശമുവേൽ എന്നായിരുന്നു ആ കുഞ്ഞിന്റെ പേര്. അവൾ ആ കുഞ്ഞിനെ ആലയത്തിൽ കൊണ്ടുവന്നു, ഏലിയോടൊപ്പം അവൻ അവിടെ വളർന്നു. ഒരിക്കൽ, ശമുവേൽ ബാലനായിരിക്കുമ്പോൾ തന്നെ വിളക്കണയും മുൻപേ ആലയത്തിൽ കിടക്കുമ്പോൾ ആരോ തന്നെ വിളിക്കുന്നതായി തനിക്ക് അനുഭവപ്പെട്ടു "ശാമുവേലേ, ശാമുവേലേ" അവൻ എണീറ്റ് ഏലിയുടെ അടുക്കലേക്ക് ഓടിച്ചെന്നു "അടിയനിതാ". എന്നാൽ ഏലി അവനെ വിളിച്ചിരുന്നില്ല. 3 പ്രാവശ്യം കഴിഞ്ഞ ശേഷം ഏലി തിരിച്ചറിഞ്ഞു ദൈവമാണ് അവനെ വിളിക്കുന്നത്. അവൻ ശമുവേലിനോട് മടങ്ങിപ്പോയി ദൈവ ശബ്ദത്തിനായി കാതോർക്കുവാൻ കല്പിച്ചു. അടുത്ത തവണ ദൈവം അവനെ വിളിക്കുമ്പോൾ ശമുവേൽ പറഞ്ഞു "അടിയനിതാ" തന്റെ രാജ്യത്തിൽ അത്ഭുതങ്ങളെ ചെയ്യേണ്ടി വരുമ്പോൾ ദൈവം ദൂതന്മാരെ ഉപയോഗിച്ചുകൊള്ളും എന്ന് നാം കരുതുന്നു. അല്ലെങ്കിൽ ഗംഭീര നാദത്തോടെ ദൈവം തന്നെ ഇറങ്ങിവരും എന്ന് ചിന്തിക്കുന്നു. ദൈവം ഇത് രണ്ടും ചെയ്തിട്ടുണ്ട്. എന്നാൽ മിക്കപ്പോഴും ദൈവം എന്നേയും നിങ്ങളേയും പോലെയുള്ള സാധാരണക്കാരെയാണ് ഉപയ്ഗൊഇക്കുന്നത്. ദൈവത്തിനു പാസ്റ്റേഴ്സ്, മിഷനറിമാർ അദ്ധ്യാപകർ എന്നിവരെ മാത്രമല്ല ഉപയോഗിപ്പാനുള്ളത്. ദൈവത്തിനു താങ്കളെ ഉപയോഗിക്കണം. താങ്കളിപ്പോൾ ആയിരിക്കുന്ന അവസ്ഥയിലും ദൈവത്തിനു ഉപയോഗിക്കുവാൻ കഴിയും. കോമറ്റിനെ എപ്രകാരമാണ് ദൈവം തിരഞ്ഞെടുത്തത് എന്ന് പിന്നീട് നമുക്ക് കാണുവാൻ കഴിയും. യേശു പറഞ്ഞു അവന്റെ ആടുകൾ(താങ്കൾ) തന്നെ അറിയുകയും തന്റെ ശബ്ദം തിരിച്ചറിയുകയും ചെയ്യുന്നു. (യോഹ. 10:27) ശമുവേലിനെ പോലെ ഒരു ദൈവ വിളി കേൾക്കുവാൻ തയ്യാറാകുക.

സഭയിൽ സമയങ്ങളെ ചിലവഴിക്കുക. താങ്കളാൽ ആകുംവിധം സഹായങ്ങൾ ചെയ്യുക. അവന്റെ ശബ്ദം കേൾക്കേണ്ടതിനായി മാതാപിതാക്കളോടും അദ്ധ്യാപകരോടും പാസ്റ്റർമാരോടും ഉപദേശങ്ങൾ ചോദിച്ചുകൊള്ളുക. ശേഷം ദൈവം താങ്കളെ വിളിക്കുമ്പോൾ "അടിയനിതാ"എന്ന് പറയുക. താങ്കളോട്

ചെയ്യുവാൻ പറയുന്നതൊക്കെയും ചെയ്യുക. ദൈവത്തിൽ നിന്നും സന്ദേശം വാങ്ങി അനന്തരം ശമുവേൽ കിടന്നുറങ്ങി. പ്രഭാതമായപ്പോൾ ഇതെല്ലാം അവൻ ഏലിയോട്ടു പറഞ്ഞു. ഒരു ഭക്ഷണശാലയിൽ കഴിച്ചുകൊണ്ടിരിക്കുമ്പോഴാണ് ദൈവം താങ്കളെ വിളിക്കുന്നതെങ്കിൽ, താങ്കൾ ഒരു നല്ല ആത്മീകൻ ആകയാൽ മറ്റുള്ളവരുടെ കാര്യത്തിൽ ഇടപെടാതെ ക്ഷമാപണത്തോടെ അവിടെ നിന്നും മാറി ഒരു വിശ്രമമുറിയിൽ ചെന്നു പ്രാർത്ഥിക്കാം. ഒരു നിസ്സാരമായ കാര്യമാണിത്. എന്നാൽ ദൈവത്തിനു താങ്കളോട് എവിടെ വെച്ച് വേണമെങ്കിലും സംസാരിക്കാം. ശേഷം മടങ്ങിവന്ന് മാതാപിതാക്കളോടോ, അദ്ധ്യാപകനോടോ അതെക്കുറിച്ച് പങ്കിടാം. ശമുവേൽ പിന്നീടുള്ള തന്റെ ജീവിതത്തിൽ ദൈവത്തിന്റെ വചനം വിശ്വസ്തതയോടെ സംസാരിച്ചു. യിസ്രായേലിലെ അവസാന ന്യായാധിപനായ ശമുവേലിനെ ആദ്യ രണ്ടു രാജാക്കന്മാരെ അഭിഷേകം ചെയ്യുവാൻ ദൈവം ഉപയോഗിച്ചു.

ദൈവം വിളിക്കുമ്പോൾ തയ്യാറായി നിൽക്കുവാൻ ഞാൻ ഒരുങ്ങി.

## റെസലൂഷൻ 7



അവൻ വെക്കേഷൻ ബൈബിൾ സ്കൂളിൽ പോയത് ശ്രോതാവായി മാത്രമാണ്. എന്നാൽ ഒരിക്കൽ ഒരുകുട്ടി ആർക്കും അവനെ ആവശ്യമില്ല എന്ന് പറഞ്ഞ് കരഞ്ഞ് വി.ബി.എസിൽ പങ്കെടുക്കുന്നതായി കണ്ടു. കോമറ്റ് അവനോട് ദൈവവചനം പറയുകയും ദൈവം അവനെ സ്നേഹിക്കുന്നുവെന്നും എല്ലായ്പ്പോഴും ദൈവം അവനോട് കൂടെയുണ്ടെന്നും പറയുകയും ചെയ്തു. കോമറ്റ് അവനെ പള്ളിയിലേക്ക് സ്വാഗതം ചെയ്തു. അന്നു മുതൽ അവനും അവന്റെ അമ്മയും മുടങ്ങാതെ സഭയിൽ പൊയ്ക്കൊണ്ടിരുന്നു. അപ്പോഴാണ് കോമറ്റ് തിരിച്ചറിയുന്നത് ദൈവത്തിന്റെ സേനയിൽ ഭാഗമാകുവാൻ അവനേയും ദൈവത്തിന് ആവശ്യമുണ്ട് എന്ന സത്യം.

## പ്രവർത്തനം 7

**വിളി**



തന്നെ സേവിപ്പാൻ ദൈവം എപ്രകാരം താങ്കളെ വിളിച്ചുവെന്നും നിങ്ങളുടെ ഈ പ്രായത്തിൽ, ഈ സാഹചര്യത്തിൽ ഏതു വിധത്തിൽ താങ്കളെ ക്ഷണിച്ചുവെന്നും ഒരു കടലാസിലേക്ക് എഴുതുക. ഉദാഹരണം: ബൈബിളിലൂടെ സംസാരിക്കുവാൻ, അദ്ധ്യാപകൻ ആകുവാൻ, സഭാ പ്രവർത്തനങ്ങളിൽ സഹായിപ്പാൻ, സ്കൂളിലുള്ള ഒരു സുഹൃത്ത് അവന് മൂല്യം ഇല്ലെന്ന് പറയുകയും കരയുകയും ചെയ്യുമ്പോൾ അവനെ സഹായിപ്പാൻ.


## സമയ രേഖ 7

ഏതു കാലയളവിലാണ് ശമുവേൽ യിസ്രായേലിനെ നയിപ്പാൻ തുടങ്ങിയത്? A. കൃത്യമായ വർഷം നമുക്ക് അറിയില്ല. എന്നാൽ BC 1143 ൽ നയിക്കുവാൻ തുടങ്ങി എന്ന് അനുമാനിക്കാം.

എപ്പോഴാണ് ശമുവേൽ അനുസരിച്ചത്? അ. കൃത്യമായ വർഷം നമുക്കറിയില്ല, BC 1055 ലാണ് എന്ന് കണക്കാക്കപ്പെടുന്നു.

## പ്രശ്നോത്തരി 7

| | | | | | | | |
|---|---|---|---|---|---|---|---|
| ശ | ദ്ധി | ത്രി | വി | ശ | മ്മ | വേ | ൻ |
| അ | രാ | ക്ക | ശ്വ | യി | സ്രാ | യേ | ത് |
| ന | ന്യാ | ക | സ്ത | റ | ക്കം | വേ | സ |
| സ | വി | യാ | ത | ഉ | മ്മ | ശ്ര | ൾക്ക |
| ര | ഹ്ള | ളി | ധി | ശ | ബ്യം | ദ്ധി | കേ |
| ണം | ത് | പ | ക്ക | പ | ദ്ദ | ക്ക | ക |
| ദ്ദ | പ്ര | വാ | ച | ക | ൻ | ക | ക്കം |
| ത | ശ | സ്ത | ൾക്ക | ദൈ | ര | റ | ച |
| മ്മ | ബ്ദ | കേ | ത് | വം | ഉ | ഹ്ള | ലി |






## ചോദ്യോത്തരങ്ങൾ 7

**(മുതിർന്ന കുട്ടികൾക്ക്)**

1. എന്തു വ്യത്യാസമാണ് എനിക്ക് ഉണ്ടാക്കാൻ കഴിയുന്നത്? ഒരു മനുഷ്യന്റെ നേട്ടം എന്നത് എത്ര ആശ്ചര്യകരമാണ്. നാം ചെറിയവരായി തോന്നിയാലും നമുക്ക് വളരെ അധികം കാര്യങ്ങൾ ചെയ്യുവാൻ കഴിയും. വലിയ സംഖ്യകളെപ്പറ്റി ഒരു നിമിഷം മറക്കുവാൻ ഇത് നമ്മെ സഹായിക്കും, അനേക ആളുകൾ വിശപ്പോടെ ആയിരിക്കുമ്പോൾ ഒരു മനുഷ്യനിലേക്ക് മാത്രം ശ്രദ്ധിക്കുന്നത് കാണുക. ആവശ്യക്കാരായ ആരെങ്കിലും നമ്മുടെ അടുക്കൽ ഉണ്ടോ? ഒരു വ്യക്തിയെ സഹായിച്ച് തുടങ്ങുന്നത് പിന്നീട് മറ്റൊരാളെ പിന്നെയും മറ്റൊരാളെ എന്നിങ്ങനെ ഒടുവിൽ നിങ്ങൾ വലിയൊരു മാറ്റത്തിലേക്ക് എത്തിച്ചേരുന്നു.
2. ലോകത്തിലുള്ള എല്ലാവർക്കും എന്തുകൊണ്ട് ആവശ്യമായ ഭക്ഷണവും പണവും ലഭ്യമാകുന്നില്ല? (സാഹചര്യങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ നിങ്ങളുടെ വിദ്യാർത്ഥികളെ സഹായിക്കുക. ഒരു പക്ഷേ അന്യോന്യം നാം പങ്കുവയ്ക്കുന്നതിനെക്കുറിച്ച് ദൈവത്തിനു പഠിപ്പിക്കുവാൻ ഉണ്ടാകും. ഒരു പക്ഷേ ആദാമ്യ പാപത്തിലൂടെ ലോകത്ത്ിൽ പ്രവേശിച്ച പാപത്തിന്റെ ഒരു ഭാഗമാകാം ഇത്.
3. ആരെങ്കിലും എന്നെ വെറുത്താൽ എന്ത്? (നാം എല്ലാവരോടും സൗഹൃദം പങ്കിടുവാൻ പോകുന്നില്ല. എന്നാൽ ദൈവം നമ്മോട് ആവശ്യപ്പെടുന്നത് ശത്രുക്കളേയും സഹായിപ്പാനാണ്. ആർക്കറിയാം? ഒരു പക്ഷേ ദൈവത്തിനു ഓരോരുത്തരെക്കുറിച്ചും വലിയ പദ്ധതികൾ ഉണ്ടായിരുന്നിരിക്കാം. അവൻ താങ്കളെ ഉപയോഗിക്കുവാൻ പദ്ധതിയിടുന്നു.)

## ഗയിം 7

**ചെന്നായയും കുഞ്ഞാടും**



കുട്ടികൾ കൈ കോർത്തുപിടിച്ച് ഒരു വൃത്തത്തിൽ നിൽക്കണം ഒരു കുട്ടിയെ ചെന്നായയായും മറ്റൊരു കുട്ടിയെ കുഞ്ഞാടായും തിരഞ്ഞെടുക്കുക. കുഞ്ഞാട് വൃത്തത്തിനുള്ളിലും ചെന്നായ വൃത്തത്തിനു പുറത്തും നിൽക്കണം. കൈകൾ കോർത്ത് പിടിച്ചിരിക്കുന്ന കുട്ടികൾ ചെന്നായ കുഞ്ഞാടിനെ പിടിക്കാതിരിക്കുവാൻ സൂക്ഷിക്കണം. വൃത്തത്തിനുള്ളിലേക്ക് കയറി ചെന്നായ കുഞ്ഞാടിനെ പിടിക്കുവാൻ ശ്രമിക്കും. കോർത്തുപിടിച്ച കൈകൾക്ക് മുകളിലൂടെയോ അടിയിലൂടെയോ ആ ബന്ധം പൊട്ടിച്ചിട്ടോ അകത്തുകയറാൻ ചെന്നായ പരിശ്രമിക്കും. രണ്ടു കുട്ടികളാൽ കോർത്തുപിടിച്ച ബന്ധം പോട്ടുന്നതിലൂടെയോ ചെന്നായ അകത്തുകടക്കുന്നതിലൂടെയോ ആ വൃത്തം ഭേദിച്ച് ചെന്നായയും കുഞ്ഞാടും വൃത്തത്തിനുള്ളിലേക്കോ പുറത്തേക്കോ പോകുന്നു.

## ഹാജർ 7




ക്ലാസ്സിൽ ഹാജരായതിനുള്ള ഇന്നത്തെ കാർഡ് നൽകണം. അടുത്ത ആഴ്ചയും കടന്നു വന്ന് വീരന്മാരുടെ ഗെയിം കളിച്ച് മറ്റൊരു കാർഡ് കൂടി നേടുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക.!ഇന്നത്തെ കാർഡ്:

**ശമുവേൽ**

## ഗൃഹപാഠം 7

എല്ലാ ദിവസവും ദയയോടെ കാര്യങ്ങൾ ചെയ്യുന്നതാണ് ഈ ആഴ്ചയിലെ ഗൃഹപാഠം. ഉദാഹരണമായി: പ്രായമുള്ള ഒരു വ്യക്തിയെ റോഡ് മുറിച്ചു കടക്കാൻ സഹായിക്കാം. മുതിർന്ന ഒരു വ്യക്തിയ്ക്ക് വേണ്ടി അദ്ദേഹത്തിന്റെ സൂപ്പർ മാർക്കറ്റിൽ നിന്നും കൊണ്ടുവന്ന സാധനങ്ങൾ അടങ്ങിയ ബാഗ് നമുക്ക് ചുമക്കാം, മറ്റു കുട്ടികളെ ഹോം വർക്ക് ചെയ്യുവാൻ സഹായിക്കാം. അടുത്ത ക്ലാസ് സമയത്ത്, നിങ്ങൾ ചെയ്ത പ്രവർത്തികളെക്കുറിച്ച് അദ്ധ്യാപകരോട് പറയാം.

**വായിക്കുക**

ദിവസം 1: 1 ശമു 5: 1-6
ദിവസം 2: 1 ശമു 5: 7-12
ദിവസം 3: 1 ശമു 6: 1-6
ദിവസം 4: 1 ശമു. 6: 7-12
ദിവസം 5: 1 ശമു. 6: 13-16, 7: 1

# 8. ദൈവം സർവ്വശക്തൻ



**ബൈബിൾ കഥ: ഉടമ്പടിയുടെ പെട്ടകം**

1 ശമുവേൽ 4:1-11, 5:1-6:21

## മന:പാഠ വാക്യം 8

"നിങ്ങളുടെ ദൈവമായ സർവേശ്വരൻ ദേവാധിദേവനും കർത്താധികർത്താവും ആകുന്നു. അവിടുന്നു മഹത്ത്വമേറിയവനും സർവശക്തനും ഭീതിദനുമായ ദൈവമാണ്. അവിടുത്തേക്കു പക്ഷഭേദം ഇല്ല; അവിടുന്നു കോഴ വാങ്ങാത്തവനുമാണ്." ആവർത്തനപുസ്തകം 10:17

## ആവശ്യമായ കഥ 8



കിപ്പ് ഒരിക്കൽ തന്റെ സുഹൃത്തുമായി സഭയിൽ ഇരിക്കുകയായിരുന്നു. കഠിനമായ തലവേദനയിൽ തന്റെ സ്നേഹിതൻ കരയുകയായിരുന്നു. അവനു വേണ്ടി പ്രാർത്ഥിക്കണം എന്ന് കിപ്പ് കരുതി. അവന്റെ തലവേദന പ്രാർത്ഥനയാൽ മാറും എന്നും കിപ്പ് വിശ്വസിച്ചു. ചില നിമിഷങ്ങൾ കിപ്പ് പ്രാർത്ഥിച്ചു. എന്തു സംഭവിച്ചിട്ടുണ്ടാകും എന്നാണ് നിങ്ങൾ കരുതുന്നത്?

തന്റെ സ്നേഹിതന് പിന്നീടൊരിക്കലും ഇപ്രകാരം തലവേദന അനുഭവപ്പെട്ടില്ല. അന്നുമുതൽ, തന്നിൽ രോഗികളെ സൌഖ്യമാക്കുവാനുള്ള ശക്തിയുണ്ടെന്ന് കിപ്പ് ചിന്തിച്ചു തുടങ്ങി. അത് തന്നിലൂടെയല്ല, മറിച്ച് ദൈവത്തിലൂടെയാണ് നടന്നതെന്ന് താൻ വിസ്മരിച്ചു. താൻ ചെയ്ത പ്രവർത്തിയെക്കുറിച്ച് സ്കൂളിലുള്ള കൂട്ടുകാരോട് പറഞ്ഞ് അവൻ പ്രശംസിക്കുവാൻ തുടങ്ങി.

## പ്രധാന പാഠം 8

വൻകാര്യങ്ങളെ ചെയ്യേണ്ടതിനു ദൈവം മനുഷ്യനെ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നു എന്ന് കഴിഞ്ഞയാഴ്ച നാം പഠിച്ചു. ഈ ആഴ്ച നാം പഠിക്കുവാൻ പോകുന്നത് അവനു മനുഷ്യരെ ആവശ്യമില്ല എന്നതാണ്. പഴയ കാലത്ത് യിസ്രായേല്യരുടെ നടുവിൽ ദൈവസാന്നിദ്ധ്യം വസിച്ചിരുന്നത് പെട്ടകം എന്ന് വിളിക്കപ്പെടുന്ന ഒരു സ്വർണ്ണ പേടകത്തിനുള്ളിൽ ആയിരുന്നു. ആ പെട്ടകത്തിനുള്ളിൽ പത്തു കല്പനകൾ അടങ്ങിയ കല്പലകകൾ ഉണ്ടായിരുന്നു. അഹരോന്റെ വടി ഉണ്ടായിരുന്നു, യിസ്രായേല്യർ മരുഭൂമിയിൽ ഭക്ഷിച്ചിരുന്ന മന്നായുടെ പൊൻപാത്രവും അപ്പവും ഉണ്ടായിരുന്നു. കഴിഞ്ഞയാഴ്ച നാം പഠിച്ച ശമുവേലിനെ യഹോവ വിളിച്ചനന്തരം യിസ്രായേല്യർക്ക് ഫെലിസ്ത്യരോട് ഒരു വലിയ യുദ്ധം ഉണ്ടായി. ആദ്യ യുദ്ധത്തിൽ യിസ്രായേല്യർ പരാജിതരായി. ദൈവം കൂടെയുണ്ടെങ്കിൽ വിജയിക്കും എന്ന ചിന്തയോടെ അവർ ദൈവത്തിന്റെ പെട്ടകം കൊണ്ടുവന്നു. നാം ആഗ്രഹിക്കുന്നതുപോലെ ദൈവം പ്രവർത്തിക്കണം എന്ന് ചിലപ്പോഴെങ്കിലും നാം ചിന്തിക്കാറുണ്ട്. ഇന്നത്തെ കഥയിൽ കിപ്പ് ചിന്തിച്ചതുപോലെ. എന്നാൽ നമ്മുടെ നിർദ്ദേശങ്ങളെ സ്വീകരിക്കുവാൻ ഒരു കുപ്പിയ്ക്കുള്ളിൽ കാത്തിരിക്കുന്ന ദൈവമല്ല ഈ ദൈവം. ദൈവം സർവ്വശക്തനാണ്. അവിടുന്ന് സർവ്വവ്യാപിയും സർവ്വജ്ഞാനിയുമാണ്. അവൻ തന്റെ ഉദ്ദേശങ്ങളെ പൂർത്തീകരിക്കുന്നു. യുദ്ധത്തിന്റെ രണ്ടാം ദിവസം യിസ്രായേല്യ സൈന്യം പരാജിതരായി. ഫെലിസ്ത്യർ പെട്ടം പിടിച്ചെടുത്തു. യിസ്രായേല്യർ ഭയപ്പെട്ടു. പലപ്പോഴും നാം ദൈവത്തിന്റെ സൽകീർത്തി ഓർത്ത് ഭയപ്പെടാറുണ്ട്, എനാൽ ദൈവം വലിയവനും അതേപറ്റി കരുതലുള്ളവനും ആണ്. ഫെലിസ്ത്യർ പെട്ടകം എടുത്ത് അവരുടെ ദേവനായ ദാഗോന്റെ ക്ഷേത്രത്തിൽ അവന്റെ വിഗ്രഹത്തോട് ചേർത്ത് വച്ചു. പ്രഭാതമായപ്പോൾ ആ വിഗ്രഹം പെട്ടകത്തിന്റെ മുൻപിൽ കവിണ്ണു വീണു കിടക്കുന്നു. അവർ അത് വീണ്ടും പ്രതിഷ്ഠിച്ചു, എന്നാൽ അടുത്ത പ്രഭാതത്തിൽ തലയും കൈകളും തകർന്ന അവസ്ഥയിൽ അത് വീണ്ടും നിലംപരിചായി. ആ പട്ടണത്തിൽ അർബുദം വ്യാപിച്ചു. ദൈവം സർവ്വശക്തനാകുന്നു. തനിക്കു തന്നേ യുദ്ധം ചെയ്വാൻ കഴിവുള്ളവനത്രേ. ഫെലിസ്ത്യർ പെട്ടകം പ്രധാന മൂന്നു പട്ടണങ്ങളിൽ കൊണ്ടു വെച്ചു. ആ പട്ടണത്തിലൊക്കെയും വ്യാധി പടർന്നു പിടിച്ചു. അവർ പെട്ടകം എടുത്ത് അല്പം സ്വർണ്ണവും അതോടൊപ്പം വച്ച് പശുക്കൾ വലിക്കുന്ന വണ്ടിയിൽ കയറ്റി യിസ്രായേലിലേക്ക് മടക്കി അയച്ചു. ഒരു മനുഷ്യന്റെ സഹായവും ഇല്ലാതെ ദൈവം പശുക്കളെ നിയന്ത്രിച്ചു. പെട്ടകം യിസ്രായേലിൽ എത്തിയപ്പോൾ ആളുകൾ ആഹ്ലാദചിത്തരായി. എന്നാൽ ആദരവില്ലാതെ പെട്ടകത്തെ നോക്കിയ ചിലർ അവിടെ മരിച്ചു വീണു. യേശു പറഞ്ഞു നാം ഭയപ്പെടേണ്ടത് ദൈവത്തെ മാത്രം. നമ്മുടെ തലയിലെ ഓരോ മുടികളും നിലത്തു വീഴുന്നത് പോലും അറിയുന്ന ഒരു പിതാവും കൂടിയാണ് ഈ ദൈവം. അവൻ നമ്മെ

സ്നേഹിക്കുന്നു, നമ്മെ പരിപാലിക്കുന്നു. നാം ഒന്നിനെക്കുറിച്ചും ഭാരപ്പെടേണ്ട ആവശ്യം ഇല്ല. പഴയകാലത്ത് പെട്ടകം എന്ന് വിളിക്കപ്പെടുന്ന ഈ പേടകം  ആയിരുന്നു ദൈവസാന്നിദ്ധ്യത്തിന്റെ കേന്ദ്രസ്ഥാനം. എന്നാൽ ഇപ്പോൾ യേശു നിമിത്തം, ദൈവസാന്നിദ്ധ്യം നമ്മുടെ ഹൃദയത്തിൽ അവിടുന്ന് നിറച്ചു (1 കൊരിന്ത്യർ 6:19) പെട്ടകത്തിനുള്ളിൽ ഉണ്ടായിരുന്ന ആ വസ്തുതകളെ കർത്താവ് സൂക്ഷിച്ചു. ആ കല്പലകകൾ എന്നതുപോലെ യേശു കല്പനകളെ നിവർത്തിച്ചു. അഹരോന്റെ വടി പ്രതിനിധീകരിക്കുന്നതുപോലെ യേശു നമ്മുടെ നിത്യ മഹാപുരോഹിതനായിത്തീർന്നു. സ്വർഗ്ഗത്തിൽ നിന്നുള്ള മന്ന എന്നതുപോലെ അവൻ നമ്മുടെ ദൈനംദിന ആത്മീക ആഹാരമാകുന്നു. നിങ്ങളുടെ ഹൃദയത്തിലേക്ക് നോക്കുക. നിങ്ങൾ യേശുവിൽ വിശ്വസിക്കുമ്പോൾ, നിങ്ങൾ ദൈവത്തിന്റെ പെട്ടകം എന്നതുപോലെയാകുന്നു. സർവ്വശക്തനാകുന്ന ദൈവം നമ്മിൽ വന്നു വസിക്കുകയുംൻ നാം പോകുന്ന ഇടത്തൊക്കെയും നമ്മോട് കൂടെ വരികയും ചെയ്യുന്നു.

ദൈവം സർവ്വശക്തനാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ അവനെ ബഹുമാന്നിക്കുന്നു. യേശുവിനെ എന്റെ രാജാവാക്കുകയും ഞാൻ അവനിൽ ആശ്രയിക്കുകയും ഒന്നിനെക്കുറിച്ചും ഞാൻ ഭാരപ്പെടാതിരിക്കുകയും ചെയ്യും.

## തീരുമാനം 8



ഒരിക്കൽ തന്റെ സ്കൂളിലുള്ള ഒരു കുട്ടിക്ക് ചെവി വേദനയുണ്ടായി. ഞാൻ നിനക്ക് വേണ്ടി പ്രാർത്ഥിക്കാം എന്നും അപ്പോൾ തന്നെ വേദന മാറും എന്നും കിപ്പ് തൻറെ സ്നേഹിതനോട് പറഞ്ഞു. കിപ്പ് അവനുവേണ്ടി ദൈവത്തോട് പ്രാർത്ഥിച്ചു എന്നാൽ ഒന്നും തന്നെ സംഭവിച്ചില്ല. അവന് ഈ കാര്യത്തിൽ വളരെ ലജ്ജ തോന്നി. എന്താണ് സംഭവിച്ചത് എന്ന് അവൻ തൻറെ സണ്ടേസ്കൂൾ ടീച്ചറോട് അന്വേഷിച്ചു. ടീച്ചർ അവനോട് ഇപ്രകാരം മറുപടി പറഞ്ഞു ദൈവത്തിൽ നിന്നു മാത്രമാണ് ശക്തി വരുന്നത്.

## പ്രവർത്തനം 8

**വാക്യങ്ങൾ**

അഞ്ച് ശൂന്യമായ സ്ഥലങ്ങൾ താങ്കൾ കാണത്തക്ക രീതിയിൽ, ഓരോരുത്തർക്കും ഓരോ കടലാസുകൾ നൽകുക. അവ വെട്ടിയെടുത്ത് ഓരോ ദിവസവും ദൈവത്തിന്റെ ശക്തിയേയും സാന്നിദ്ധ്യത്തേയുംക്കുറിച്ച് പറയുന്ന വാക്യം അതിൽ ഒട്ടിക്കുക. സങ്കീർത്തനം 23:1, മർക്കോസ് 10:27 തുടങ്ങിയവ.

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | |

## സമയ രേഖ 8


ഏതു വർഷത്തിലാണ് ഫെലിസ്ത്യർ നിയമപെട്ടകം പിടിച്ചെടുത്തത്?

കൃത്യമായ വർഷം നമുക്ക് അറിയില്ല, എന്നാൽ 1142 BC യിൽ സംഭവിച്ചു എന്ന് കരുതുന്നു.

## പ്രശ്നോത്തരി 8

| | | | | | | | | |
|---|---|---|---|---|---|---|---|---|
| മ | എ | അ | ണ | മു | കം | ല്ലാം | ദു: | ഖം |
| ഴ | ല്ലാം | ക്കേ | ന | ട്ട | ഴ | ഹ | മു | ന്ന |
| ഹ | ശ | ട് | പെ | സ | ള്ള | ൻ | ദ | ശു |
| ഫെ | ക്തി | ക | ട്ടി | ക്തി | ര | യു | ള്ള | യം |
| ലി | യു | ര | ല്പ | ക്കാ | ഹ | ണ | ശ്ര | സ്ത്യ |
| സ്ത്യ | ള്ള | ദ | ലി | ന | ദ | ആ | ക്കേ | ൻ |
| ൻ | ഖം | ജ്ജോ | ക്ക | കം | ക | ദൈ | വം | ട് |
| ദൈ | മ | ന്ന | പ | ശു | ക്ക | ൾ | ല്പ | ന |





## ചോദ്യോത്തരങ്ങൾ 8

**(മുതിർന്ന കുട്ടികൾക്ക്)**

1. സർവ്വശക്തനും ഉന്നതനുമായ ദൈവത്തിനു എങ്ങനെ എന്റെ സ്നേഹിതനായിരിക്കുവാൻ കഴിയും? (ദൈവത്തിന് അനവധി ഭാവങ്ങളുണ്ട്. നാം അവനെ ഭയപ്പെടണം. അവൻ നമ്മെ സ്നേഹിക്കുന്നു എന്നും നാം അറിയണം. ബൈബിൾ പറയുന്നു നമ്മുടെ തലയിലെ മുടികളെല്ലാം അവൻ എണ്ണി അറിയുന്നു. നമ്മുടെ ചെറിയ കാര്യങ്ങൾ പോലും അവൻ അറിയുന്നു.

2. ദൈവം വിദൂരസ്ഥനാണെന്ന് ഞാൻ ചിന്തിപ്പാൻ കാരണമെന്താണ്? ( പ്രാരംഭം മുതൽ തന്നെ, വിശ്വാസം എന്നത് ദൈവത്തിനു വളരെ പ്രാധാന്യമുള്ള കാര്യമാണ്. നാം അവനെ കാണുന്നില്ല എങ്കിൽ പോലും അവനിൽ വിശ്വസിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. നാം നമ്മുടെ കാര്യം മാത്രം ചിന്തിക്കാതെ ശരിയായ കാര്യങ്ങൾ ചെയ്യേണ്ടതിനു റോബോട്ടുകളെപ്പോലെ ആകരുത് നമ്മുടെ സൃഷ്ടിപ്പ് എന്നത് അവന്റെ തീരുമാനത്തിന്റെ ഭാഗമാകാം. അവൻ ആരാണ് എന്ന നിലയിൽ നാം അവനെ കണ്ടാൽ അവന്റെ മുൻപാകെ മുട്ടുകുത്തും. പലപ്പോഴും നമുക്ക് ദൈവത്തെ കാണുവാൻ കഴിയുന്നില്ല. അവൻ നമ്മിൽ നിന്നും വിദൂരത്തിലാണെന്ന് നാം കരുതുന്നു. എന്നാൽ ദൈവത്തിനു നമ്മുടെ ഹൃദയങ്ങളെ കാണാം. ആരിലാണ് യഥാർത്ഥ വിശ്വാസം എന്നും ദൈവം അറിയുന്നു.

3. യഥാർത്ഥത്തിൽ ഈ ലോകത്തിനു ഒരു അവസാനം ഉണ്ടാകുമോ? (നിങ്ങളുടെ വിദ്യാർത്ഥികളുമായി ഈ വിഷയം സംസാരിക്കുക, അതേ എന്ന ഉത്തരത്തോടെ ഉപസംഹരിക്കണം, നാം യഥാർത്ഥമായും ബൈബിളിൽ വിശ്വസിക്കുന്നവരാണെങ്കിൽ നാം അറിയുന്നത് പോലെ ലോകത്തിനു ഒരു അവസാനം ഉണ്ടാകും എന്ന് നന്നായി തിരിച്ചറിയുന്നവരാകണം.

## ഗയിം 8

**ഹോട്ട് പൊട്ടാറ്റോ**

കുട്ടികൾ ചേർന്ന് ഒരു വലയമുണ്ടാക്കുക. സംഗീതം തുടങ്ങുമ്പോൾ കുട്ടികൾ എന്തെങ്കിലും ഒരുസാധനം മറ്റു കുട്ടികളുടെ കൈകളിലേക്ക് കൈമാറണം. സംഗീതം തീരുമ്പോൾ ആ സാധനം ഏതു കുട്ടിയുടെ കൈയ്യിലാണോ വന്നത് ആ കുട്ടി തന്റെ ജീവിതത്തിൽ ദൈവം ചെയ്ത ഏതെങ്കിലും കാര്യത്തെക്കുറിച്ച് സാക്ഷ്യം പറയണം. (ഉദാഹരണമായി, തന്നെ ശല്യപ്പെടുത്തിയ ഒരു കുട്ടിയിൽ നിന്നും ദൈവം രക്ഷിച്ചത്, ദൈവം ഭക്ഷണം നൽകിയത്, പണം നൽകിയത്... എന്നിങ്ങനെ എന്തും)



## ഹാജർ 8




കുട്ടികൾ ക്ലാസ്സിൽ ഹാജരായതിനുള്ള ഇന്നത്തെ കാർഡ് നൽകുക. വീരന്മാരുടെ ഗെയിം കളിച്ച് കാർഡുകൾ ഇനിയും നേടേണ്ടതിന് അടുത്ത ആഴ്ചയും വരുവാൻ പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക! ഇന്നത്തെ കാർഡ്:

**ഉടമ്പടിയുടെ പെട്ടകം**

## ഗൃഹപാഠം 8

ഒരു ചെറിയ തീപ്പെട്ടിയുടെ കവറോ അല്ലെങ്കിൽ അതുപോലെയുള്ള ഒരു ചെറിയ പെട്ടിയോ കണ്ടെത്തുക എന്നതാണ് ഈ ആഴ്ചയിലെ ഗൃഹപാഠം. നിങ്ങൾക്കത് അലങ്കരിക്കാം. കടലാസിൽ വാക്യങ്ങൾ എഴുതാം. എഴുതിയ വാക്യങ്ങൾ ആ ചെറിയ പെട്ടിയിൽ വച്ച് അത് പോക്കറ്റിൽ ഇടാം. എപ്പോഴെല്ലാം നിങ്ങൾക്ക് പ്രയാസങ്ങൾ വരുന്നുവോ, അപ്പോൾ ആ വാക്യങ്ങൾ എടുത്ത് വായിക്കാം. ദൈവത്തിന്റെ വചനം നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ ജീവിതത്തിൽ ആശ്വാസം പകരുകയും ചെയ്യും. അടുത്ത ക്ലാസ്സിൽ വരുമ്പോൾ ആ പെട്ടി ക്ലാസ്സിൽ കൊണ്ടുവരികയും അത് ടീച്ചറെ കാണിക്കുകയും ചെയ്യുക.

**വായിക്കുക**

ദിവസം 1: 1 ശമു 8: 4-11, 17-22
ദിവസം 2: 1 ശമു 9: 1-9
ദിവസം 3: 1 ശമു 9:25-10: 2
ദിവസം 4: 1 ശമു 10: 9-11, 17-25
ദിവസം 5: 1 ശമു 13: 1-14

# 9. ദൈവഹിതം



**ബൈബിൾ കഥ: ശൌൽ രാജാവ്**

1 ശമുവേൽ 8:4-21, 9:15-10:1, 10:20-25, 13:5-14, 15:1-31

## മന:പാഠ വാക്യം 9

"തിരുഹിതം നിറവേറ്റാൻ എന്നെ പഠിപ്പിക്കണമേ. അവിടുന്നാണല്ലോ എൻറെ ദൈവം. അങ്ങയുടെ നല്ല ആത്മാവ് എന്നെ സുരക്ഷിതമായ പാതയിലൂടെ നയിക്കട്ടെ." സങ്കീർത്തനങ്ങൾ 143:10

## ആവശ്യമായ കഥ 9



കിപ്പ് വളരെ വിഷാദം അനുഭവിക്കുന്നു. എന്തെന്നാൽ അയൽപക്കക്കാരായ കുട്ടികളോടൊന്നിച്ച് കളിയ്ക്കുവാൻ അവന്റെ ഡാഡി സമ്മതിച്ചില്ല. അങ്ങനെ പോകുന്നുവെങ്കിൽ അവനെ ശിക്ഷിക്കുമായിരുന്നു. ഈ കുട്ടികൾക്ക് നല്ല സ്വഭാവ രീതി ഇല്ല എന്ന് കിപ്പിനു അറിയാമായിരുന്നു. ഒരിക്കൽ കിപ്പ് തന്റെ പാസ്റ്ററിനോട് ഇപ്രകാരം പറഞ്ഞു അവൻ തന്റെ പിതാവിനെ ഇനിയും അനുസരിക്കുകയില്ല. കാരണം ഡാഡി മോശപ്പെട്ട വ്യക്തിയാണ്. അപ്പോൾ പാസ്റ്റർ അവനോട് ഇപ്രകാരം ചോദിച്ച "നീ എന്തുകൊണ്ട് അങ്ങനെ പറയുന്നു? കിപ്പ് മറുപടി പറഞ്ഞത് "കാരണം ഡാഡി എന്നെ കളിയ്ക്കുവാൻ പുറത്ത് വിടുന്നില്ല, എന്നെ ശിക്ഷിക്കുന്നു"

## പ്രധാന പാഠം 9

ദൈവം സർവ്വശക്തനാണെന്നും തന്റെ ഇഷ്ട്ടത്തിനൊത്തവണ്ണം താൻ സകലതും നടപ്പാക്കുന്നുവെന്നും കഴിഞ്ഞ ക്ലാസ്സിൽ നാം പഠിച്ചു. ഇന്ന് നാം പഠിക്കുവാൻ പോകുന്നത് ശൌൽ എന്ന ഒരു മനുഷ്യനെക്കുറിച്ചും ദൈവത്തിന്റെ പദ്ധതിയെ മാറ്റുമ്പോഴുള്ള പരിണിത ഫലത്തെക്കുറിച്ചും അതിനു വിപരീതമായി അനുസരണക്കേട് കാട്ടുമ്പോൾ എന്തു സംഭവിക്കുന്നു എന്നതിനെക്കുറിച്ചുമാണ്. ആ കാലങ്ങളിൽ, യിസ്രായേലിൽ ഒരു രാജാവ് ഉണ്ടായിരുന്നില്ല. ശമുവേലായിരുന്നു യിസ്രായേലിന്റെ നേതാവ്. യിസ്രായേല്യർ ശമുവേലിന്റെ അടുക്കൽ വന്നു ചുറ്റുമുള്ള രാജ്യങ്ങളിലേതുപോലെ ഞങ്ങൾക്കും ഒരു രാജാവിനെ വേണം എന്ന് പറഞ്ഞു. ചുറ്റും നോക്കി അയൽപക്കങ്ങളിൽ ഉള്ളവർക്ക് എന്തെല്ലാമുണ്ടെന്നു കണ്ടെത്തുക വളരെ ലളിതമായ കാര്യമാണ്. താരതമ്യം ചെയ്യുമ്പോൾ ദൈവം നമുക്ക് നൽകിയ നന്മകളിൽ നാം അസംതൃപ്തരാകുന്നു. യിസ്രായേല്യർ ഒരു രാജാവിനു വേണ്ടി ദൈവത്തോട് യാചിച്ചു. ദൈവം പറഞ്ഞത് ഒരിക്കൽ നിങ്ങൾക്കിതിനോട് അനിഷ്ടമുണ്ടാവുകയും മടങ്ങിവരുവാൻ കഴിയാത്തതുപോലെയും ആകും. ദൈവം നാമ്മേ സ്നേഹിക്കുന്നു. നമുക്ക് വേണ്ടുന്നത് അവൻ അറിയുന്നു. എന്നാൽ ഇത് ദൈവത്തെ എന്തിനോവേണ്ടി നിർബന്ധിക്കുന്നതു പോലെയാകുന്നു. ദൈവം മനസ്സലിഞ്ഞു ശൌൽ എന്ന മനുഷ്യനെ അഭിഷേകം ചെയ്യുവാൻ പറഞ്ഞയച്ചു. എന്നാൽ കാലക്രമേണ അല്പാല്പമായി ശൌൽ ദൈവത്തോട് അനുസരണക്കേട് കാട്ടുവാൻ തുടങ്ങി. അനുസരണക്കേട് നുഴഞ്ഞു കയറി. നാം ഇന്ന് പഠിച്ച കഥയിലെ കിപ്പ് എന്ന കുട്ടിയിലും ഇതാണ് സംഭവിച്ചത്. നിങ്ങൾ വളരെ ശ്രദ്ധാലുക്കൾ ആകണം. പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവാൻ യേശു പറഞ്ഞു. (മത്തായി 26:14). ഒരു യുദ്ധത്തിൽ, ശമുവേൽ യാഗം നടത്തുവാൻ വരുന്നതിനു വേണ്ടി ശൌലിന് കാത്ത് നിൽക്കേണ്ടി വന്നു. ആ യാഗം ശമുവേലിനെപ്പോലെയുള്ള ലേവ്യർക്ക് മാത്രം അനുവദിക്കപ്പെട്ടിരിക്കുന്ന യാഗമായിരുന്നു. അവർ ഒരു ആഴ്ചയോളം കാത്തു നിന്ന് ക്ഷമ നശിച്ചു. ശൌലിന് തന്റെ സൈന്യത്തെ നഷ്ടപ്പെടുമോ എന്ന ഭയം ഉളവായി. യുദ്ധം ജയിക്കുവാൻ ദൈവത്തെക്കാളും പ്രാധാന്യം ആളുകൾക്കാണെന്ന് ശൌൽ കരുതി. അവൻ നിയമം ഭേദിച്ച് യാഗം അർപ്പിച്ചു തനിക്ക് പകരം യഹോവ മറ്റൊരുവനെ രാജസ്ഥാനത്തേക്ക് നോക്കുന്നുണ്ടെന്നു ശമുവേൽ ശൌലിനോടു പറഞ്ഞു. ദൈവഹിതത്തിനു അറുതി വരുത്തുവാൻ ശ്രമിച്ചാൽ, ദൈവത്തിനു താങ്കളോട് ചെയ്യുവാനുള്ള അത്ഭുതകാര്യങ്ങൾ നിങ്ങൾ നഷ്ടമാക്കിയേക്കും. യേശു ക്രിസ്തു ക്രൂശിൽ ചെയ്ത പ്രവർത്തി നിമിത്തം നമ്മെ സഹായിപ്പാൻ സദാസമയവും ദൈവകൃപ നമ്മോടു കൂടെയുണ്ട്.

അനുസരണക്കേടിനു പകരം സഹായത്തിനായി ദൈവത്തോട് അപേക്ഷിക്കാം. ചില നിമിഷങ്ങൾക്ക് ശേഷം, അമാലേക്യരെ നശിപ്പിക്കാനുള്ള ദൈവത്തിന്റെ കല്പനയോടു ശൌൽ അനുസരണക്കേട് കാട്ടി. രാജാവിനേയും ആടുമാടുകളേയും സംരക്ഷിച്ചു. അവ യാഗത്തിന് വേണ്ടിയാണെന്ന് അവൻ പറഞ്ഞപ്പോൾ, അനുസരിക്കുന്നത് യാഗത്തെക്കാളും നല്ലതാണെന്നാണ് ശമുവേൽ പ്രതിവചിച്ചത്. നമ്മുടെ ജീവിതത്തിലും സമയം നൽകിയും, പണം നൽകിയും, ദാനങ്ങൾ നൽകിയും ദൈവത്തിനു യാഗാർപ്പണം നൽകാം എങ്കിലും അനുസരനമാണ് ദൈവം എല്ലായ്പ്പോഴും പ്രധാനമായും ആവശ്യപ്പെടുന്ന ഘടകം. യേശു പറഞ്ഞു ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ യേശുവിന്റെ സഹോദരീസഹോദരന്മാർ (മത്തായി 12:50). യേശു പറഞ്ഞു പ്രവചിക്കുന്നതിനേക്കാളും ഭൂതങ്ങളെ പുറത്താക്കുന്നതിനെക്കാളും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിനെക്കാളും അനുസരിക്കുന്നതാണ് ദൈവം കണക്കാക്കുന്നത് (മത്തായി 7:21-23). ശൌലിന്റെ അനുസരണക്കേട് നിമിത്തം ദൈവം അവനിൽ നിന്നും രാജത്വം കളഞ്ഞു. ശൌലിന്റെ ജീവിതത്തിലുടനീളം അവൻ യുദ്ധത്തിൽ മരിക്കുന്നതുവരെ അനുസരണക്കേട് വർദ്ധിച്ചുകൊണ്ടേയിരുന്നു. അടുത്ത തവണ പഠിക്കുവാൻ പോകുന്നത് ശൌലിന് പകരം രാജാവായിത്തീർന്ന ഒരു വ്യക്തിയെക്കുറിച്ചാണ്. എന്തുതന്നെയാണെങ്കിലും ശരിയായ കാര്യം ചെയ്യുന്ന ഒരു മനുഷ്യനാണ് അത്. ഞാൻ എന്തു ചെയ്യണം എന്ന് ദൈവം ആഗ്രഹിക്കുന്നുവോ, അത് അനുസരിക്കുവാനും അവന്റെ ഇഷ്ടം ചെയ്യുവാനും ഞാൻ തീരുമാനിക്കുന്നു.

## തീരുമാനം 9



കിപ്പിന്റെ പിതാവ് അവനുവേണ്ടി ഏറ്റവും മെച്ചമായത് കരുതും എന്നും ദൈവം ആ നിലയിൽ ഒരു അധികാരം പിതാവിന് ഭവനത്തിൽ നൽകിയിരിക്കുന്നതിനാൽ കിപ്പ് പിതാവിനെ അനുസരിക്കണമെന്നും അവനോട് അവന്റെ പാസ്റ്റർ പറഞ്ഞു. അപ്പോൾ മുതൽ പാസ്റ്റർ അവനോട് പറഞ്ഞത് അവൻ ചിന്തിച്ചു തുടങ്ങി. പാസ്റ്റർ പറഞ്ഞത് ശരിയാണെന്ന് തിരിച്ചറിഞ്ഞു. മോശമായി തന്നെ സ്വാധീനിക്കുന്ന ആളുകളിൽ നിന്നും തന്റെ പിതാവ് തന്നെ സംരക്ഷിച്ചിട്ടുണ്ട്.

## പ്രവർത്തനം 9

**കണ്ണാടി**

കുട്ടികളെ ഒന്നിച്ചാക്കുവാനുള്ള ഒരു ഐസ്-ബ്രേക്കർ പ്രവർത്തനമാണിത്. നിർദ്ദേശങ്ങൾ:

1. ഈ പ്രവർത്തനം നയിക്കുന്ന വ്യക്തി എല്ലാവരേയും ക്രമം അല്ലാതെ ഈരണ്ടായി നിർത്തണം.
2. ഓരോ ജോഡിയിലുമുള്ള 2 കുട്ടികൾ വീതം അഭിമുഖമായി നിൽക്കണം.
3. ഒരു കണ്ണാടിയിലെന്നപോലെ ഒന്നാമത്തെ കുട്ടി മറ്റേ കുട്ടിയുടെ അംഗവിക്ഷേപങ്ങളെല്ലാം അനുകരിക്കണം. അംഗചലനങ്ങൾ മുഴുവനും അനുകരിക്കണം. (പ്രകടനങ്ങൾ, കൈ കാലുകളുടെ ചലനങ്ങൾ മുതലായവ അനുകരിക്കാനാകും).
4. പിന്നീട് മറ്റേ കുട്ടിയും തിരിച്ച് ഇപ്രകാരം ചെയ്യണം.




## സമയ രേഖ 9

ശൌൽ ജനിച്ചത് ഏത് വർഷമാണ്? കൃത്യമായി നമുക്ക് അറിയില്ല, എങ്കിലും BC 1082 ലാണെന്ന് കരുതപ്പെടുന്നു.

ശൌൽ മരിച്ചത് ഏത് വർഷമാണ്? കൃത്യമായി നമുക്ക് അറിയില്ല, എങ്കിലും BC 1010 ലാണെന്ന് കരുതപ്പെടുന്നു.

## പ്രശ്നോത്തരി 9

| | | | | | | | |
|---|---|---|---|---|---|---|---|
| അ | ന്ന | സ | ൽ | ണം | ത്യാ | ജാ | ശ്രു |
| മാ | ന | സാ | ന്ത | രം | ഗം | ട് | വേ |
| താ | രാ | ത | മൃം | വ് | ക്കേ | ചെ | ദ |
| ത്യാ | ജാ | താ | ന | ണ | ക്ഷ | മ്മ | പ്പ് |
| വേ | വ് | മാ | ര | യേ | ശ്രു | രി | സ്ത |
| അ | ദ | സ | രാ | ത | ത്തി | യാ | കം |
| ശൌ | ന്ന | പ്പ | ജാ | കാ | മൃം | ട് | ശൌ |
| അ | ജാ | സ | സ്ത | ശ | മ്യ | വേ | ൽ |
| ക്രു | ശ് | ത്തി | ര | കം | ട് | പ്രം | ഗം |
| സാ | ന്ത | രം | ക്ഷ | ണം | പാ | ക്രു | ശ് |






## ചോദ്യോത്തരങ്ങൾ 9

**(മുതിർന്ന കുട്ടികൾക്ക്)**

1. അസാദ്ധ്യമായ എന്തെങ്കിലും കാര്യം ദൈവം ആവശ്യപ്പെട്ടാൽ എന്തു ചെയ്യും (പലപ്പോഴും, ദൈവത്തിനു നമ്മുടെ ജീവിതത്തിൽ അത്ഭുതം ചെയ്യുവാൻ ആഗ്രഹം ഉണ്ട്. ദൈവം നമ്മോടു ചെയ്യുവാൻ കല്പിച്ചത് ചെയ്തുകൊണ്ട് ചുവടുകൾ മുന്നോട്ടു വയ്ക്കുക മാത്രമേ നാം ചെയ്യേണ്ടതുള്ളൂ)
2. ദൈവത്തിന്റെ ഉത്ഭവം എവിടെ നിന്നാണ്? (വേദപുസ്തകം പറയുന്നു ദൈവം ഉണ്ടായിരുന്നവൻ ആണ്. അവൻ ലോകസ്ഥാപനത്തിനു മുൻപേ ഉള്ളവൻ. നമുക്ക് മുൻപേയും നമുക്കറിയാവുന്ന സകലത്തിനും മുൻപേയും ദൈവം ഉണ്ടായിരുന്നു. ദൈവം ഉണ്ടായിരുന്നവനും ഉള്ളവനും ഇനിയും ഉണ്ടായിരിക്കുന്നവനും ആകുന്നു. ദൈവം നിത്യനാണ്.
3. എല്ലാവരും ദൈവത്തിൽ വിശ്വസിക്കാത്തത് എന്തുകൊണ്ട്? (പിശാച് വ്യത്യസ്തങ്ങളായ വഴികളിലൂടെ ദിശതിരിച്ചു നമ്മെ ദൈവത്തിൽ നിന്നും അകറ്റുന്നു. ദൈവത്തിൽ വിശ്വസിക്കുന്നുവെന്ന് എത്ര കുട്ടികൾ പറയും എന്ന് താങ്കളുടെ വിദ്യാർത്ഥികളോട് ചോദിക്കുക. എന്നാൽ അവരുടെ ജീവിതം പ്രദർശിപ്പിക്കുന്നത് അവർക്ക് അത് ആവശ്യമില്ല എന്ന നിലയിലാണ്. നമ്മുടെ പ്രവർത്തികൾ വിശ്വാസത്തെക്കുറിച്ച് എന്താണ് പറയുന്നത്?)

## ഗയിം 9

**ഡോഡ്ജ് ബോൾ**



നൂലുകൊണ്ടോ റിബൺ കൊണ്ടോ ഒരു നിറ കസേരകൾ കൊണ്ടോ തറയിൽ തീർത്ത ഒരു സമചതുരം. രണ്ടു ടീം കുട്ടികളെ ഉൾക്കൊള്ളിക്കാൻ പറ്റിയ സമചതുരം ആയിരിക്കണം. ഓരോ ടീമിൽ നിന്നും ഓരോരുത്തരെ ഷൂട്ട് ചെയ്യുവാൻ തിരഞ്ഞെടുത്ത് സമചതുരത്തിന്റെ എതിരെ നിർത്തുക.

ഷൂട്ടറായ ഈ കുട്ടി എതിർവശത്തുള്ള കുട്ടികളുടെ അടുത്തേക്ക് പന്തെറിയുക. അവർക്ക് കൊള്ളുവാൻ കണക്കാക്കി എറിയുക. എതിർ വശത്തെ കളത്തിലുള്ള കുട്ടികൾ പന്ത് പതിക്കാത്ത നിലയിൽ ഒഴിഞ്ഞു മാറുക. കളിയുടെ അവസാനം കളത്തിൽ കൂടുതൽ കുട്ടികൾ വരുന്നത് ഏതു ടീമിനാണോ ആ ടീം വിജയിക്കും.

## ഹാജർ 9




കുട്ടികൾ ക്ലാസ്സിൽ ഹാജരായതിനുള്ള ഇന്നത്തെ കാർഡ് നൽകുക. വീരന്മാരുടെ ഗെയിം കളിച്ച് കാർഡുകൾ ഇനിയും നേടേണ്ടതിന് അടുത്ത ആഴ്ചയും വരുവാൻ പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക! ഇന്നത്തെ കാർഡ്:

**വലിയ പ്രവാചകന്മാർ**

## ഗൃഹപാഠം 9

ഈ ആഴ്ചയിലെ നിങ്ങളുടെ ഗൃഹപാഠം പരീക്ഷിക്കപ്പെടുന്ന ഓരോ നിമിഷങ്ങളിലും ശരിയായ കാര്യം ചെയ്യേണ്ടുന്നതിനായ് ദൈവത്തോട് സഹായം അപേക്ഷിക്കുക എന്നതാണ്. നിങ്ങൾ പാപം ചെയ്താൽ ക്ഷമ ലഭിക്കുന്നതിനായി ദൈവത്തോട് അപേക്ഷിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യുക. ഈ ആഴ്ചയിൽ നല്ല കാര്യങ്ങൾ ചെയ്യേണ്ടതിനായും ആരെയെങ്കിലും സഹായിക്കണം എന്നോ ആരെയെങ്കിലും ധൈര്യപ്പെടുത്തണം എന്നോ കരുതുമ്പോഴും ദൈവത്തോട് സഹായമപേക്ഷിക്കുക.

**വായിക്കുക**

ദിവസം 1: 2 ശമു 11: 1-13
ദിവസം 2: 2 ശമു 11: 14-27
ദിവസം 3: 2 ശമു 12: 1-10
ദിവസം 4: 2 ശമു 12: 11-19
ദിവസം 5: 2 ശമു 12: 20-25

# 10. ദൈവം നമ്മെ ശിക്ഷിക്കുന്നു



**ബൈബിൾ കഥ: ദാവീദ് രാജാവ്**

1 ശമുവേൽ 16:1-13, 2 ശമുവേൽ 5:1-5, 11:1-15, 12:1-23

## മന:പാഠ വാക്യം 10

"ദൈവം ശാസിക്കുന്ന മനുഷ്യൻ ധന്യനാകുന്നു; അതിനാൽ സർവശക്തൻറെ ശിക്ഷണത്തെ അവഗണിക്കരുത്." ഇയ്യോബ് 5:17

## ആവശ്യമായ കഥ 10



പെപ്പിയുടെതല്ലാത്ത സാധനങ്ങൾ കൈവശം വയ്ക്കുന്നത് തെറ്റാണെന്നും അത് ദൈവത്തിനു പ്രസാദമാകുകയില്ലെന്നും പെപ്പിയ്ക്ക് അറിയാം. സണ്ടേസ്കൂളിൽ ഒരു പെൺകുട്ടി എല്ലായ്പ്പോഴും പണം തറയിലോ മേശപ്പുറത്തോ വയ്ക്കുമായിരുന്നു. മൂന്ന് ആഴ്ചകളിൽ പെപ്പി ആ പണം എടുക്കുന്നതിനുള്ള പരീക്ഷയെ എതിർത്തു നിന്നു. അവൾ ഇപ്രകാരം ചിന്തിച്ചു "ഞാൻ പണം എടുത്താൽ ആരും കാണുകയില്ല- ഇല്ല ഞാനൊരിക്കലും അങ്ങനെ ചെയ്യുകയില്ല. എന്നാൽ ഒരു ദിവസം അവൾ പരീക്ഷയിൽ വീണു. പണം എടുത്തു. അടുത്ത സണ്ടേസ്കൂൾ ക്ലാസ്സിൽ ആരും കാണാതെ മറ്റൊരു ആരുടെയോ ചായപ്പെൻസിൽ എടുക്കുന്നത് പെപ്പി കണ്ടു. അവൾ വളരെ അസഹനീയമായി ക്ലാസ്സിൽ ഉറക്കെ വിളിച്ചു പറഞ്ഞു "ഹേ... നീ അവന്റെ ചായപ്പെൻസിൽ എടുക്കുകയാണോ! അത് തെറ്റാണെന്ന് നിനക്കറിയില്ലയോ? ആ കുട്ടി ക്ഷമ പറഞ്ഞു ചായപ്പെൻസിൽ തിരികെ നൽകിയെങ്കിലും പെപ്പി ഈ കാര്യം ക്ലാസ്സിൽ പറഞ്ഞു കൊണ്ടേയിരുന്നു, അദ്ധ്യാപകരോടും പറഞ്ഞു. അവൾക്കു ചുറ്റുമുള്ള എല്ലാ പെൺകുട്ടികളോടും ഇത് മന്ത്രിച്ചു. ആ കുട്ടിയോട് പരിഹാസ മുഖം കാണിക്കുകയും അവനെ വളരെയധികം നാണം കെടുത്തുകയും ചെയ്തു.

## പ്രധാന പാഠം 10

ശൌൽ എപ്രകാരമാണ് ദൈവത്തോട് അനുസരണക്കേട് കാട്ടിയതെന്ന് കഴിഞ്ഞ ക്ലാസ്സിൽ നാം കണ്ടു. വളരെ പ്രത്യേകതകൾ ഉള്ള ഒരാളെക്കുറിച്ചാണ് നാം ഇന്ന് പഠിക്കുന്നത്. അടുത്ത രാജാവിനെ അഭിഷേകം ചെയ്യുവാനായി ദൈവം ശമുവേലിനെ ബെത്ലഹേമിലേക്ക് അയച്ചു. ശമുവേൽ ഏറ്റവും മുതിർന്ന സഹോദരനിൽ ആകൃഷ്ടനായി. എന്നാൽ പുറമേയുള്ള രൂപഗുണമല്ല, ഹൃദയമാണ് നോക്കുന്നത് എന്ന് ദൈവം ശമുവേലിനോട് പറഞ്ഞു. ഏറ്റവും ഇളയപുത്രനായ ദാവീദിനെ ദൈവം രാജാവായി തിരഞ്ഞെടുത്തു. നിങ്ങൾ വളരെ ചെറിയവനാണെന്നോ കാഴ്ചയിൽ കുറിയവനാണെന്നോ ഓർത്തു വിഷമിക്കേണ്ട. ദൈവം അവന് ആവശ്യമുള്ള ആളുകളെയാണ് നോക്കുന്നത് (സങ്കീ. 14:2). ദൈവം നിങ്ങളേയും കാണുന്നു. ദാവീദിൽ നിന്നും നമുക്ക് ഒരുപാട് കാര്യങ്ങൾ പഠിക്കുവാൻ ഉണ്ട്. അവൻ ഒരു ധീര യോദ്ധാവായിരുന്നു. ശൌലിനെ കൊന്നു രാജസ്ഥാനം കരസ്ഥമാക്കുവാൻ കഴിയുമായിരുന്നെങ്കിലും അവൻ ദൈവഹിതത്തെ ആദരിക്കുകയും ശരിയായ കാര്യങ്ങൾ ചെയ്യുവാൻ പരിശ്രമിക്കുകയും ചെയ്തിരുന്നു. യേശു പറഞ്ഞു ജീവനെ നേടുവാൻ ആഗ്രഹിക്കുന്നവൻ അതിനെ കളയും എന്നാൽ യേശുവിനായി ജീവൻ നൽകുന്നവൻ അതിനെ നേടും (ലൂക്കോ. 9:24). ദാവീദിന് ജീവിതം "നഷ്ടമായെങ്കിലും" രാജസ്ഥാനം അവകാശപ്പെട്ടില്ല. വർഷങ്ങൾക്ക് ശേഷം ദൈവം ദാവീദിനെ തന്റെ വാഗ്ദത്ത പ്രകാരം രാജാവാക്കി. ഈവണ്ണം തന്നെ, യേശു തന്റെ രാജത്വം അവകാശപ്പെട്ടില്ല, അതു നല്കുന്നതിനായ് ദൈവകരത്തിൽ എല്പ്പിക്കപ്പെട്ടു (ഫിലിപ്പിയർ 2:6-11). ഒരു തവണ രാജാവായ ശൌൽ അവനെ കൊല്ലുവാൻ ശ്രമിച്ചപ്പോൾ ദാവീദ് വളരെ വിശേഷപ്പെട്ട ഒരു കാര്യമാണ് മറുപടിയായി പറഞ്ഞത്. എന്റെ രക്തം യഹോവയുടെ സന്നിധിയിൽ നിലത്ത് വീഴരുത്. (1 ശമുവേൽ 26:20) മറ്റൊരു രീതിയിൽ പറഞ്ഞാൽ: നീയെന്നെ കൊന്നു എന്ന് വരികിലും എന്റെ ജീവിതത്തെക്കാളും എനിക്ക് വലുത് ദൈവത്തോടൊപ്പം ആയിരിക്കുവാനാണ്. യഹോവ ദാവീദിനെ 'എന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ' എന്ന് വിളിച്ചു. (1 ശമുവേൽ 13:14, അപ്പൊ. പ്രവൃത്തി. 13:22) ദൈവം ഒരുവനെക്കുറിച്ചു ഇപ്രകാരം പറയുന്നത് എത്ര ആശ്ചര്യകരമാണ് ആരും പൂർണ്ണരല്ല. ദൈവം സ്നേഹിക്കുന്നവരെ അവൻ ശിക്ഷിക്കുന്നു. (എബ്രായർ 12:6) ഒരിക്കൽ ദാവീദ് ബേത്ശേബ എന്ന വിവാഹിതയായ ഒരുസ്ത്രീയെ ഭാര്യയായി എടുത്ത് അവളുടെ ഭർത്താവിനെ യുദ്ധത്തിൽ അയച്ചു

കൊന്നുകളഞ്ഞു. എത്ര ദയനീയമാണ്. അവനെ ശാസിക്കേണ്ടതിന് ദൈവം നാഥാൻ പ്രവാചകനെ അയച്ചു. വിലയേറിയ ഒരു ആട്ടിൻകുട്ടി ഉണ്ടായിരുന്ന ഒരു പാവം മനുഷ്യന്റെ കഥ നാഥാൻ പറഞ്ഞു. ഒരു അയൽക്കാരൻ തനിക്ക് വളരെയധികം ആടുകൾ ഉണ്ടായിരുന്നിട്ടും ഈ ആടിനെ കൊന്നു തിന്നു. ദാവീദ് രോഷാകുലനായി. അവൻ മരണയോഗ്യൻ എന്ന് പറഞ്ഞു. അല്പം മുമ്പ് പറഞ്ഞ കഥയിലെ പെപ്പിയുടെ സ്വഭാവം പോലെ, ആരെങ്കിലും എന്തെങ്കിലും തെറ്റ് ചെയ്യുമ്പോൾ അതെക്കുറിച്ച് നിങ്ങൾ വളരെ ആകുലചിത്തനായി തീരുകയും ചെയ്താൽ നിങ്ങളും അതേ വിഷയത്തിൽ തെറ്റുകാരനാണ് എന്ന് ഓർക്കുക.(റോമർ 2:1) നിങ്ങളുടെ ഹൃദയത്തെ ഒന്ന് പരിശോധിക്കുവാനും അനുതപിക്കുവാനുമുള്ള സഹായം ലഭിക്കേണ്ടതിനായി ദൈവത്തോട് അപേക്ഷിക്കുക. ഓർക്കുക, ശൌൽ ഈ കാര്യങ്ങളെ അഭിമുഖീകരിച്ചപ്പോൾ അവൻ കുറ്റബോധമില്ലാതെ കൂടുതൽ മോശമായതിലേക്കാണ് നീങ്ങിയത്. എന്നാൽ ദാവീദ് ഈ കാര്യങ്ങളെ അഭിമുഖീകരിച്ചപ്പോൾ, അവൻ തന്റെ തെറ്റുകളെ സമ്മതിച്ചു. നന്നാകുന്നതിനുവേണ്ടിയുള്ള ആദ്യചുവടായിരുന്നു അത്. ദാവീദിന്റെയും ബെത്ശേബയുടേയും കുഞ്ഞിന്റെ ജീവൻ എടുക്കുന്നതായിരുന്നു അവനോടുള്ള ദൈവത്തിന്റെ ശിക്ഷ. ആ കുഞ്ഞിനെ ജീവനോടെ ലഭിക്കുന്നതിനായി ദാവീദ് ദൈവത്തോട് അപേക്ഷിച്ചു. പാപത്തിന്റെ പരിണിതഫലം നിർത്തുന്നതിനായി നമുക്ക് ദൈവത്തോട് അപേക്ഷിക്കുവാൻ കഴിയും. ചിലപ്പോൾ ദൈവത്തിനത് കഴിഞ്ഞേക്കും എന്നാൽ നമ്മേയും സകലരേയും ചിലത് പഠിപ്പിക്കുവാനുള്ള നല്ല വഴി ഇങ്ങനെയുള്ള പരിണിതഫലങ്ങൾ തന്നെയാണ്. ആ ശിശു മരിച്ചു. എന്നാൽ അത് പ്രതീക്ഷകൾ ഇല്ലാതെയല്ല സംഭവിച്ചത്. ദൈവം പലപ്പോഴും നന്മയ്ക്കായി മനസാന്തരത്തിനും മടങ്ങിവരവിനും ഇട നൽകുന്നു. ദാവീദിനും ബെത്ശേബയ്ക്കും ശലോമോൻ എന്ന മറ്റൊരു മകനെ ലഭിച്ചു. ദൈവം ശലോമോനെ സ്നേഹിച്ചു. അവൻ അടുത്ത രാജാവായും യേശുവിൻറെ പൂർവ്വികനായും തീർന്നു.

ഞാൻ എൻറെ ഹൃദയത്തെ കേന്ദ്രീകരിക്കുകയും ദൈവീക ശിക്ഷണത്തെ സ്വീകരിക്കുകയും ചെയ്യുന്നു.

## റെസല്യൂഷൻ 10



ക്ലാസിന്റെ അവസാനം, പെപ്പി പണം എടുത്ത പെൺകുട്ടി ടീച്ചറോടൊപ്പം ക്ലാസ്സിലൊക്കെയും നഷ്ടപ്പെട്ട പണം തിരയുന്നത് അവൾ കണ്ടു. പെപ്പി ഭയന്നു, അവൾ ചെയ്തു പോയ തെറ്റിന് അനുതപിക്കണം എന്ന് ഹൃദയത്തിൽ ഉറപ്പിച്ചു. എന്നാൽ ഇതേ കാര്യം ചെയ്ത കുറ്റത്തിന് ആ ആൺകുട്ടിയെ വിഷമിപ്പിച്ചതിനു പെപ്പിക്ക് വളരെ സങ്കടം ഉണ്ടായി. ഒടുവിൽ പിടിച്ചു നിൽക്കുവാൻ കഴിയാതെ അവൾ ടീച്ചറോടും മറ്റു കുട്ടികളോടും സംഭവിച്ചത് മുഴുവനും പറഞ്ഞ് ആ പണം തിരികെ നൽകി. ചായപ്പെൻസിലിന്റെ പേരിൽ നാളിതുവരേയും ആ ആൺകുട്ടിയെ വിഷമിപ്പിച്ചതിൽ പെപ്പി മാപ്പ് പറഞ്ഞു.

## പ്രവർത്തനം 10

**ഹൃദയം**



ഹൃദയത്തിന്റെ ആകൃതിയിലുള്ള ഒരു ബുക്ക്മാർക്ക് കുട്ടികൾ ഉണ്ടാക്കണം. കട്ടിയുള്ള പേപ്പറോ കാർഡോ കളർ ചെയ്ത് ഉപയോഗിക്കാം. അല്ലെങ്കിൽ ചുവന്ന പേപ്പറിൽ തുടങ്ങാം. ഇത് ലാമിനേറ്റ് ചെയ്യുകയോ കോണ്ടാക്ക് പേപ്പറിൽ സൂക്ഷിക്കുകയോ ചെയ്താൽ ഈട് നിൽക്കും. റിബൺ നൂലോ ചരടോ പേപ്പറിന്റെ സുഷിരത്തിലൂടെ എടുത്ത് പ്രത്യേക രീതിയിൽ കെട്ടി വയ്ക്കാം. ദൈവം സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു എന്ന കാര്യം ഓർക്കുവാൻ ഈ ബുക്ക് മാർക്ക് നിങ്ങളെ സഹായിക്കും.

"ദൈവം എന്നെ സ്നേഹിക്കുന്നതിനാൽ അവൻ എന്നെ ശിക്ഷിക്കുന്നു."


## സമയ രേഖ 10

ദാവീദ് ഏതു വർഷമാണ് ജനിച്ചത്? കൃത്യമായി നമുക്ക് അറിയില്ല, എന്നാൽ 1040 BC യിലാണെന്ന് കരുതപ്പെടുന്നു.

ദാവീദ് ഏത് വർഷമാണ് മരിച്ചത്? കൃത്യമായി നമുക്ക് അറിയില്ല. എന്നാൽ 970 BC യിലാണെന്ന് കരുതപ്പെടുന്നു.

## പ്രശ്നോത്തരി 10

| | | | | | | |
|---|---|---|---|---|---|---|
| ബെ | വി | ദ് | ഹ | ട്ട | ഞ്ഞെ | പ്പ് |
| ത്ല | നാ | ഥാ | ൻ | ദ | ശി | ഏ |
| ഹേം | അ | ദ് | ബെ | രം | യം | റ്റ |
| പ്ര | വി | ന്ദ | ന്ത | ശി | ക്യ | പ |
| ദാ | ത്യ | സാ | സ | തി | ശ്രു | റ |
| നാ | ന | ക്ഷ | ബ | ര | രം | യു |
| മാ | ഥാ | ത്ശേ | ത | ഞ്ഞെ | ണം | ക |
| ശ്രു | ബെ | ത്ല | ഹേം | ട്ട | മാ | വ് |
| അ | ഭി | ഷേ | കം | പ്പ് | ജാ | ന |
| ഏ | റ്റ | ഹ | ദ | രാ | പാ | പം |





## ചോദ്യോത്തരങ്ങൾ 10

**(മുതിർന്ന കുട്ടികൾക്ക്)**

1. ദൈവം കുടുംബങ്ങളേയും, പട്ടണങ്ങളെയും, രാജ്യങ്ങളേയും ശിക്ഷിക്കാറുണ്ടോ? അതിനുള്ള തെളിവുകൾ നിങ്ങളുടെ പക്കൽ ഉണ്ടോ? (അതേ, മുഴുവൻ പട്ടണങ്ങളെയും ശിക്ഷിച്ച കാര്യങ്ങൾ വേദപുസ്തകത്തിൽ പലയാവർത്തി നാം കാണുന്നുണ്ട്. ഉദാഹരണമായി, സോദോം ഗോമോറയെ ദൈവം ശിക്ഷിച്ചു. സീനായി മരുഭൂമിയിൽ യിസ്രായേൽ ജനം വിഗ്രഹത്തെ ആരാധിച്ചപ്പോൾ അവരെ നശിപ്പിക്കേണ്ടതിന് ദൈവം തയ്യാറായി, എന്നാൽ മോശെ ദയയ്ക്കായി അപേക്ഷിച്ചത് നിമിത്തം ദൈവം അനുതപിച്ചു. മോശെ ആ വിഗ്രഹത്തെ കത്തിച്ച് പൊടിയാക്കി വെള്ളത്തിൽ കലക്കി. അത് ശിക്ഷയായി കണക്കിട്ടു. (പുറപ്പാട് 32) ഒരിക്കൽ 3000 ആളുകളെ കൊന്നു. മറ്റൊരിക്കൽ ദൈവം അവർക്ക് വ്യാധി അയച്ചു. ശൌലിൽ നിന്നും തലമുറകളിൽ നിന്നും രാജസ്ഥാനം എടുത്ത് മാറ്റിയതും ഒരു ഉദാഹരണമായി നില കൊള്ളുകയാണ്. നമുക്ക് ഇന്നുള്ള രാജ്യങ്ങളെക്കുറിച്ചും, പട്ടണങ്ങളെയും കുടുംബങ്ങളേയും കുറിച്ച് ഇങ്ങനെ പറയുവാൻ കഴിയും. സംഭവിക്കുന്ന എല്ലാ ഹീനകരമായ കാര്യങ്ങളും ശിക്ഷണമാണെന്നു പറയാതിരിയ്ക്കുവാൻ ശ്രദ്ധിക്കുക. ഹീനമായ കാര്യങ്ങൾ സംഭവിക്കുന്നതിനെക്കുറിച്ചും മനുഷ്യരുടെ പാപങ്ങൾ നിമിത്തമല്ല ഇപ്രകാരം സംഭവിക്കുന്നതെന്നും യേശു പറഞ്ഞിട്ടുണ്ട്. (ലൂക്കോസ് 13:1-5) നാം എത്ര മോശമായ കുടുംബത്തിലെ അംഗമായാലും, മോശപ്പെട്ട പട്ടണത്തിലെയോ രാജ്യത്തിലെയോ വ്യക്തികൾ ആയാലും ദൈവത്തോട് കരുണയ്ക്കായി അപേക്ഷിച്ചാൽ ദൈവം നല്ലവൻ ആണെന്ന് മനസ്സിലാക്കുവാൻ കഴിയും. ആ മോശപ്പെട്ട സാഹചര്യത്തിൽ നിന്നും പുറത്ത് പോകുവാനും ദൈവം നമ്മെ സഹായിക്കുന്നു.
2. നിങ്ങൾക്ക് അവസാനമായി ലഭിച്ച ശിക്ഷണം ഏതാണ്? (നിങ്ങളുടെ അനുഭവം പറയുക)
3. തെറ്റു ചെയ്യുന്നവരെ ശിക്ഷിക്കുവാൻ പോലീസ് അധികാരികളും രാഷ്ട്രീയ പാർട്ടികളും ഉണ്ടെങ്കിൽ പിന്നെ എന്തിനാണ് അവരെ മോശമായതിൽ തുടരുവാനും നല്ല ആളുകളിൽ നിന്ന് പണം അപഹരിക്കുവാനും അനുവദിക്കുന്നത്. ലോകത്തിൽ നിലനിൽക്കുന്ന അനീതിയെക്കുറിച്ച് എല്ലാവരും ചർച്ച ചെയ്യുക

എന്നതാണ് ഇവിടുത്തെ ആശയം. യോഗ്യമല്ലാത്ത ഈ ലോകത്ത് താമസിക്കുമ്പോഴും ദൈവം മാത്രമാണ് നമുക്ക് സമാധാനം നൽകുന്നത്. ഏതു രാജ്യത്തിലാണ്, ഏത് ഭാഗത്താണ് താങ്കൾ ആയിരിക്കുന്നത് എന്നതിലാണ് ആ വിശേഷത അടിസ്ഥാനമുറപ്പിച്ചിരിക്കുന്നത്.

## ഗയിം 10

**ശരിയോ തെറ്റോ**



ഒരു കൂട്ടം ആളുകളുടെ മുൻപിൽ നിന്ന് ഒരു കുട്ടി ഇപ്രകാരം ഒരു പ്രസ്താവന നടത്തണം യോന പെട്ടകം ഉണ്ടാക്കി. ഇത് ശരിയോ തെറ്റോ എന്ന് കുട്ടികൾ പറയണം അത് ശരിയാണെന്ന് അവർ ചിന്തിക്കുന്നുണ്ടെങ്കിൽ, അവരുടെ പെരുവിരൽ അവർ ഉയർത്തണം. അത് തെറ്റാണെന്ന് തോന്നുന്നവെങ്കിൽ വിരൽ താഴ്ത്തി പിടിക്കണം. ശരിയോ തെറ്റോ എന്ന് ടീച്ചർ പറയും. തെറ്റായി ഉത്തരം പറഞ്ഞ കുട്ടി എഴുന്നേറ്റു ഒരു തവണ ആ ഗ്രൂപ്പിനെയോ ഇരിക്കുന്ന സ്ഥലത്തെയോ ചുറ്റി ഓടണം. മടങ്ങിയെത്തുമ്പോൾ ഇരിയ്ക്കുവാനുള്ള സ്ഥലം കണ്ടെത്തണം. സ്ഥലം കിട്ടാതെയാകുന്ന കുട്ടി അടുത്ത പ്രസ്താവന പറയണം.




## ഹാജർ 10

ക്ലാസ്സിൽ ഹാജരായതിനുള്ള ഇന്നത്തെ കാർഡ് കുട്ടികൾക്ക് നൽകാം. അടുത്ത് ആഴ്ചയും വന്ന് വിശ്വാസ വീരന്മാരുടെ ഗെയിം കളിച്ച് കാർഡുകൾ സ്വന്തമാക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക. ഇന്നത്തെ കാർഡ്:

**ദാവീദ്**

## ഗൃഹപാഠം 10

വാചകങ്ങൾ മന:പാഠമാക്കുക, " ദൈവം എന്നെ സ്നേഹിക്കും അതിനാൽ അവനെന്നെ ശിക്ഷിക്കുന്നു". മാതാപിതാക്കളോ, അദ്ധ്യാപകരോ നിങ്ങളെ ശിക്ഷിക്കുമ്പോൾ നിങ്ങൾ ഈ വാചകം ആവർത്തിക്കും. "ദൈവം എന്നെ സ്നേഹിക്കുന്നതിനാൽ അവനെന്നെ ശിക്ഷിക്കുന്നു" നിങ്ങൾ ഇപ്രകാരം ചിന്തിക്കുക "തെറ്റായ ഒരു കാര്യവും ഞാൻ ചെയ്യുകയില്ല. അത് ചെയ്യുക എന്നത് എന്റെ ഉദ്ദേശ്യമല്ല". നിങ്ങൾ എന്തു ചെയ്തു എന്നത് ശ്രദ്ധിക്കുക. ആഗ്രഹങ്ങളെക്കാൾ ഉപരി നിങ്ങളുടെ പ്രവർത്തനങ്ങൾ എന്തായിരുന്നു എന്നത് വീക്ഷിക്കുക. എതിർപ്പ് പ്രകടിപ്പിക്കാതെ പരിണിതഫലങ്ങൾ അംഗീകരിക്കുക.

**വായിക്കുക**

ദിവസം 1: 1 രാജാക്കന്മാർ 5: 1-5
ദിവസം 2: 1 രാജാക്കന്മാർ 6: 1-2,14
ദിവസം 3: 1 രാജാ. 7: 48-51
ദിവസം 4: 1 രാജാക്കന്മാർ 8: 22-26
ദിവസം 5: 1 രാജാക്കന്മാർ 8: 27-30

# 11. ദൈവത്തിന്റെ മന്ദിരം



**ബൈബിൾ കഥ : ശലോമോൻ**

1 രാജാക്കന്മാർ 2:1-4, 3:4-15, 4:29-34, 6:1, 6:37-38, 8:1-8:30

### മന:പാഠ വാക്യം 11

"നിങ്ങൾ ദൈവത്തിൻറെ ആലയമാകുന്നു എന്നും ദൈവത്തിൻറെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾക്ക് അറിഞ്ഞുകൂടേ?" 1 കൊരിന്ത്യർ 3:16

### ആവശ്യമായ കഥ 11



തന്റെ കൂട്ടുകാരൻ പുകവലിയ്ക്കുന്നതായി ബസ് കണ്ടെത്തി. അവന്റെ സുഹൃത്ത് അവനേയും പുക വലിക്കുവാൻ ക്ഷണിച്ചു....

### പ്രധാന പാഠം 11

കഴിഞ്ഞ ആഴ്ചയിൽ നാം പഠിച്ച ദാവീദ് രാജാവിനു ദൈവത്തെ ആരാധിക്കേണ്ടതിനായി ഒരു ദേവാലയം പണികഴിപ്പിക്കണം എന്നുണ്ടായിരുന്നു. എന്നാൽ ദാവീദ് ഒരു യോദ്ധാവ് ആകയാൽ അവനത് പണിയുവാൻ കഴിഞ്ഞില്ല. പകരം, അവന്റെ പിന്ഗാമി ആലയം പണിയുമെന്ന് ദൈവം വാഗ്ദത്തം ചെയ്തു. അത് നിവർത്തിക്കുകയും ചെയ്തു. യിസ്രായേലിന്റെ അടുത്ത രാജാവായിത്തീർന്നത് ദാവീദിന്റെ മകനായ ശലോമോനാണ്. ഒരിക്കൽ അവൻ ആയിരം യാഗങ്ങളെ ബലികഴിച്ചു. യാക്കോബ് 4:8 വാക്യം പറയുന്നു നാം ദൈവത്തോട് അടുത്ത് വരുമ്പോൾ, ദൈവവും നമ്മോടു അടുത്ത് വരും. ആ രാത്രിയിൽ ദൈവത്തോട് എന്തെങ്കിലും ഒന്ന് അപേക്ഷിക്കുവാൻ ദൈവം ശലോമോനോടു ആവശ്യപ്പെട്ടു. ഒരു ചുവന്ന സ്പോർട്സ് കാർ നിങ്ങൾ ദൈവത്തോട് ചോദിക്കുമോ? മനോഹരമായ വസ്തുക്കൾ ചോദിക്കുമോ? പകരം ശലോമോൻ ദൈവത്തോട് ചോദിച്ചത് തന്റെ ജനത്തെ നന്നായി പരിപാലിക്കാൻ ആവശ്യമായ ജ്ഞാനമാണ്. ദൈവത്തിനു അത് വളരെ ഇഷ്ടപ്പെട്ടു. ദൈവം അവനെ ഏറ്റവും ജ്ഞാനിയാക്കി ധനവും വിജയവും നൽകി. മനോഹരമായ കൊത്തുപണികളുള്ള ഒരു വലിയ ദേവാലയം ശലോമോൻ പണി കഴിപ്പിച്ചു. സ്വർണ്ണ നിറമുള്ള ഒരു മുറിയിൽ ഒരു മനുഷ്യനേക്കാളും ഉയരമുള്ള സ്വർണ്ണ വിളക്ക് തണ്ടുകൾ സങ്കൽപ്പിച്ചു നോക്കൂ. ശലോമോൻ സകല യിസ്രായേലിനോടും കൂടെ 14 ദിവസങ്ങൾ ദേവാലയത്തിന്റെ പ്രതിഷ്ഠ ആഘോഷിച്ചു. ഒരു വലിയ മേഘം എന്നതുപോലെ ദൈവത്തിന്റെ തേജസ്സ് ആലയത്തിലേക്ക് ഇറങ്ങി വന്നു. 22000 കാളകളെയും 1,20,000 ആട്ടുമാട്ടുകളേയും അവർ യാഗം കഴിച്ചു. ശലോമോൻ പ്രാർത്ഥിച്ചു, തനിയ്ക്കുവേണ്ടിയല്ല, ദൈവജനത്തിനുവേണ്ടി.

ആ ദേവാലയം ഇപ്പോൾ ഇല്ല. രണ്ടാമത്തെ ആലയം, എന്നാൽ ദൈവം മഹത്തായ മറ്റൊരു ദേവാലയത്തിലൂടെ തന്റെ വാഗ്ദത്തം നിവൃത്തിയാക്കി. ഭൂമിയിൽ ആയിരുന്നപ്പോൾ യേശു പറഞ്ഞു "ദേവാലയം പൊളിച്ചു മൂന്നു ദിവസം കൊണ്ട് പണിയും"(യോഹ.2:19) അവൻ പറഞ്ഞത് ഭൌതീകമായ ഒന്നിനെപ്പറ്റിയല്ല മറിച്ച് ആത്മീയമായ ഒന്നിനെപ്പറ്റിയാണ്. അത് അവന്റെ മരണപുനരുദ്ധാനത്തിലൂടെയാണ് സംഭവിക്കുന്നത്. പുതിയ ദേവാലയം നിങ്ങൾക്കിന്നു കാണുവാൻ കഴിയുന്നുണ്ടോ? അതെ, എന്നാൽ അത് ഇന്ന് നാം കാണുന്ന സഭാകെട്ടിടം അല്ല. നിങ്ങൾ ബഹുവചനം) ദൈവത്തിന്റെ മന്ദിരം!(എഫെസ്യർ 2:19-22) നാം ക്രിസ്ത്യാനികൾ മന്ദിരത്തിന്റെ കല്ലുകളാണ്. ദൈവത്തിന്റെ ആത്മാവ് നമ്മിൽ വസിക്കുന്നു, ആളായ പ്രതിഷ്ഠയിൽ മേഘം വന്നതുപോലെ, നാം ഏവരും ചേർന്ന് ദൈവം വസിക്കേണ്ടതിന് ഒരു ആത്മീയ ഗൃഹമായിത്തീരുന്നു.

ദൈവം ആലയം പണിതുകൊണ്ടേയിരിക്കുന്നു. അത് മനോഹരമാക്കിക്കൊണ്ടിരിക്കുന്നു. അവനെ സഹായിപ്പാൻ അവൻ നമ്മെ ക്ഷണിക്കുന്നു. നിങ്ങളുടെ സുഹൃത്തുക്കളോട് യേശുവിനെപ്പറ്റി പറയുമ്പോഴും, സഭയിൽ സഹായങ്ങൾ ചെയ്യുമ്പോഴും നിങ്ങൾ പണികാര്യങ്ങളെ സഹായിക്കുകയാണ്. ദൈവത്തിന്റെ ആലയം പണിയുവാൻ ജ്ഞാനം ആവശ്യമാണ്. ശലോമോനോടു സംസാരിക്കുവാനും അവനിൽ നിന്ന് കേൾക്കുവാനും വളരെ വിദൂരത്തുനിന്നും ശേബാരാജ്ഞി തന്റെ അടുക്കൽ വരുവാൻ തക്ക നിലയിൽ

ശലോമോന്റെ ജ്ഞാനം കീർത്തി കേട്ടതായിരുന്നു. എന്നാൽ യേശു ശലോമോനിലും വലിയവൻ(മത്തായി 12:42) യേശു ജ്ഞാത്തിന്റെ ഉറവിടവും അവനോട് ചോദിക്കുന്നവർക്ക് അവൻ ജ്ഞാനദാതാവും ആകുന്നു. (യാക്കോബ് 1:5) പാപങ്ങൾ നിമിത്തം നിങ്ങൾ അന്യോന്യം പരിഹസിക്കുന്നുവെങ്കിൽ നിങ്ങൾ വൃത്തിഹീനവും ബലഹീനവുമായ പണിയാണ് നടത്തുന്നത്.(1 കൊരി. 3:10-15) ദയയില്ലാത്ത വ്യക്തികളോടു പോലും ദയകാണിച്ച് അവരെ ധൈര്യപ്പെടുത്തുമ്പോൾ നിങ്ങളുടെ പണി മനോഹരമായിത്തീരുന്നു. അവൻ നമ്മെ സ്നേഹിച്ചതു പോലെ നാമും അന്യോന്യം സ്നേഹിക്കണമെന്നു യേശു പഠിപ്പിച്ചു. (യോഹ. 3:34) സ്വർണ്ണം എന്നതുപോലെ, മറ്റുള്ളവരോടുള്ള പെരുമാറ്റം മനോഹരമായിരിക്കട്ടെ. യേശു പറഞ്ഞു മന്ദിരം സ്വർണ്ണത്തെ ശുദ്ധീകരിക്കുന്നു. (മത്തായി 23:17) അവിശ്വാസികളായവർക്ക് സ്വർണ്ണം പോലെ ദയ ഉണ്ടായേക്കാം, എന്നാൽ യേശുക്രിസ്തുവിലുള്ള വിശ്വാസമാണ് നമ്മെ അവന്റെ ആലയത്തിന്റെ ഭാഗമാക്കിത്തീർക്കുന്നത്.

മറ്റുള്ളവരെ സ്നേഹിച്ചുകൊണ്ട് ദേവാലയം പനിയെ സഹായിപ്പാൻ ആവശ്യമായ ജ്ഞാനം തരേണ്ടതിന് ഞാൻ ദൈവത്തോട് അപേക്ഷിക്കുന്നു.

## തീരുമാനം 11



ഇത് ശരിയല്ല എന്ന് മനസ്സിലാക്കിയ ബസ് കൂട്ടുകാരനോട് ഇപ്രകാരം പറഞ്ഞു "സുഹൃത്തേ, അതു ചെയ്യരുത്, നീ നിന്റെ ശരീരത്തെ സൂക്ഷിക്കണം. എന്തെന്നാൽ പുകവലി നിന്റെ അവയവങ്ങളെ തകരാറിലാക്കുകയും നിന്റെ ആയുസ്സിനെ കുറയ്ക്കുകയും ചെയ്യും. അതു കൂടാതെ നിന്റെ ശരീരം പരിശുദ്ധാത്മാവിന്റെ വിശുദ്ധമന്ദിരമാണ്. ദൈവം നിന്നിൽ വസിക്കുന്നു. നീ നിന്റെ ശരീരത്തെ സൂക്ഷിക്കുകയും അവനോട് അനാദരവ് കാട്ടാതെയിരിക്കുകയും വേണം.

## പ്രവർത്തനം 11

**മാർഷ്മല്ലോ ഷൂട്ടർ**



ഇതിനുവേണ്ടി പ്ലാസ്റ്റിക്ക് കുപ്പിയോ കപ്പോ, ബലൂൺ, ചുവപ്പ് നില ചെടികൾ, അല്ലെങ്കിൽ പേപ്പർ ബോൾ എന്നിവ ആവശ്യമാണ്. ആദ്യം ചെയ്യേണ്ടത് പ്ലാസ്റ്റിക്ക് കപ്പിന്റെ അടിഭാഗം വെട്ടിയെടുക്കുക. ശേഷം ഒരു ബലൂണിന്റെ താഴ്ഭാഗത്തായി ഒരു സാധാരണ കെട്ട് കെട്ടുക. ശേഷം ബലൂണിന്റെ മുറിച്ചെടുത്ത ഭാഗം വലിച്ച് പിടിച്ച് കപ്പിന്റെ ഒരു ഭാഗം മൂടിക്കെട്ടുക. ആ കപ്പിന്റെ മറുഭാഗത്ത് ബലൂൺ സൂക്ഷിക്കുക. അതിനുശേഷം ചുവപ്പ് നില ചെടികളോ കടലാസ് ബോളോ കപ്പിനുള്ളിൽ നിക്ഷേപിക്കുക. ആ ബലൂൺ പുറത്തെടുത്ത് ആ ചുവപ്പ് നില ചെടികളോ പേപ്പർ ബോളോ ചുഴറ്റിയെറിയാൻ പാകം ആക്കിവയ്ക്കുക. ഇത് ആരാണ് ഏറ്റവും കൂടുതൽ ദൂരം എറിയുന്നത് എന്ന ഒരു മത്സരം നടത്തുക.

## സമയ രേഖ 11

ശലോമോൻ ജനിച്ചത് ഏത് വർഷമാണ്? കൃത്യമായി നമുക്ക് അറിയില്ല. എങ്കിലും 939 BC യിലാണെന്ന് കരുതപ്പെടുന്നു.

ശലോമോൻ മരിച്ചത് ഏത് വർഷമാണ്? കൃത്യമായി നമുക്ക് അറിയില്ല. എങ്കിലും 931 BC യിലാണെന്ന് കരുതപ്പെടുന്നു.

## പ്രശ്നോത്തരി 11

| | | | | | | | |
|---|---|---|---|---|---|---|---|
| ത്യാ | വാ | ക്രി | സ്ത്യാ | ന | ർണ്ണം | ജ്ഞാ | ണം |
| ആ | ല | ശ | ർത്ഥ | നി | ർമ്മാ | ണം | നം |
| വാ | ത്മാ | പ്രാ | ത്ത | ദേ | സ്വ | ത | ദാ |
| ദാ | വി | വ് | ൻ | ങ്ങ | ന്ന | അ | വി |
| വാ | ജാ | മോ | ക്ഷ | മ്പ | ശ് | പേ | ദേ |
| രാ | ലോ | ർണ്ണം | സ | മ്പ | ത്ത് | ക്ഷ | വാ |
| ശ | ആ | ക്രി | ഗം | ദാ | ദ് | നി | ല |
| ത്ത | ത്മാ | സ്ത്യാ | നം | വി | ത്യാ | ർമ്മാ | യം |
| ങ്ങ | വ | നി | ദാ | ദ | ഗം | സ്വ | ർണ്ണം |





## ചോദ്യോത്തരങ്ങൾ 11

**(മുതിർന്ന കുട്ടികൾക്ക്)**

1. നമ്മുടെ ശരീരത്തേയും ആത്മാവിനേയും ഏതെല്ലാം രീതിയിൽ സംരക്ഷിക്കുവാൻ കഴിയും? (ചില ഭൌതീക കാര്യങ്ങൾ എടുത്ത് പറയുക, പുകവലിക്കരുത്, മദ്യപിക്കരുത്, വിവാഹിതരാകുന്നതുവരെ അരുതാത്ത ബന്ധങ്ങളിൽ അകപ്പെടരുത്, അനാവശ്യ ചിത്രങ്ങൾ കാണാതിരിക്കുവാൻ കരുതലുണ്ടാകണം. എന്നിങ്ങനേയും മറ്റുള്ളവരോട് ക്ഷമിക്കുക, ബഹുമാനത്തോടും സ്നേഹത്തോടും മറ്റുള്ളവരോട് ഇടപെടുക, മാനസാന്തരപ്പെടുക, നല്ല സ്വഭാവമുള്ളവരായിരിക്കുക, എന്നിങ്ങനെ ജീവിതത്തെ സംബന്ധിക്കുന്ന കാര്യങ്ങളും പറയുക. കഠിനമായ പാപങ്ങളെ മറികടക്കുവാൻ പ്രായോഗികമായ ഒരു വഴി പാസ്റ്ററോടോ ടീച്ചറോടോ നിങ്ങളുടെ പാപങ്ങളെക്കുറിച്ച് പറയുക എന്നതാണ്. അവരോടു പ്രാർത്ഥിക്കുവാനും സഹായിക്കുവാനും പറയുക. ഉദാഹരണമായി ഓരോ ആഴ്ചയിലും താങ്കളെക്കുറിച്ച് ഒരു അന്വേഷണം നടത്തുവാൻ അവരോടു പറയുക. ഇപ്പോൾ പാപത്തോടു പോരാടുന്നതിൽ എങ്ങനെയുണ്ട് എന്നീ നിലയിൽ അവർ അന്വേഷിക്കട്ടെ.
2. ഒരു ക്രിസ്ത്യാനി ആയിരിക്കുക എന്നത് രസകരമായ ഒരു കാര്യമാണോ? (തീർച്ചയായും! അതൊരു വ്യത്യസ്തപരമായ സന്തോഷമാണ്. അത് പൂമ്പാറ്റകളെപോലെ ഒരു യൌവ്വനക്കാരനുമായി നൃത്തം ചെയ്യുന്ന സന്തോഷമല്ല. അത് വ്യത്യസ്തമാണ്, ലോകം തരുന്നതിനെക്കാളും മികച്ച സ്വാതന്ത്ര്യവും സമാധാനവും ആണ്.
3. എന്തുകൊണ്ടാണ് എന്റെ മാതാപിതാക്കൾ എല്ലായ്പ്പോഴും എന്നോട് "അരുത്" എന്ന് പറയുന്നത്? (എന്തെന്നാൽ അവർക്ക് നിന്നെ സംരക്ഷിക്കേണ്ടതുണ്ട്)

## ഗയിം 11

തകർന്ന ഫോൺ



രണ്ടു നിരകളിലായി നിൽക്കുന്ന 2 ഗ്രൂപ്പ് ഉണ്ടാക്കുക. ഓരോ ടീമിന്റെയും ആദ്യം നിൽക്കുന്ന കുട്ടിയോട് ടീച്ചർ ഒരു വാചകം പറയണം. ആ കുട്ടി ആ വാചകം നിരയിൽ നിൽക്കുന്ന അടുത്ത കുട്ടിയോട് പറയണം. ഏറ്റവും ഒടുവിൽ നിൽക്കുന്നയാൾ പറയുന്ന വാചകം ഏറ്റവും അനുയോജ്യമായ നിലയിൽ പറയുന്ന ടീമായിരിക്കും വിജയി.

## ഹാജർ 11




ക്ലാസ്സിൽ ഹാജരായതിനുള്ള ഇന്നത്തെ കാർഡ് കുട്ടികൾക്ക് നൽകുക. വിശ്വാസ വീരന്മാരുടെ ഗെയിം കളിച്ച് കാർഡുകൾ വാങ്ങുവാൻ അടുത്തയാഴ്ചയും വരേണ്ടതിനു അവരെ പ്രോത്സാഹിപ്പിക്കുവയും അഭിനന്ദിക്കുകയും ചെയ്യുക! ഇന്നത്തെ കാർഡ്:

**ശലോമോൻ**

## ഗൃഹപാഠം 11

ഈ ആഴ്ചയിലെ എല്ലാ ദിവസങ്ങളിലും ആരെയെങ്കിലും ധൈര്യപ്പെടുത്തുക എന്നതാണ് താങ്കളുടെ ഗൃഹപാഠം. പ്രത്യേകിച്ച് താങ്കളുടെ സഭയിൽ അല്ലാതെ മറ്റൊരു സഭയിൽ പോകുന്ന ഒരു വ്യക്തിക്ക് സഹായം നൽകാം. ആരെങ്കിലും നന്മ ചെയ്യുന്നത് കണ്ടാൽ അവരെ അഭിനന്ദിക്കുക. മറ്റൊരു കുട്ടി യേശുവിൽ വിശ്വസിക്കുകയും തെറ്റായ കാര്യങ്ങൾ ചെയ്യുന്നത് കാണുകയും ചെയ്താൽ ശരിയായ കാര്യങ്ങൾ ചെയ്യുവാൻ അവനെ ഓർമ്മിപ്പിക്കുക. "നീ ഒരു മോശപ്പെട്ട കുട്ടിയാണ്" എന്ന് പറയരുത് പകരം "ദൈവത്തെ പ്രസാദിപ്പിക്കാത്ത ഈ കാര്യം ചെയ്യുന്നതിന് പകരം നിനക്ക് ദൈവത്തെ പ്രസാദിപ്പിക്കുന്ന കാര്യം ചെയ്യാം" എന്ന് അവനോട് പറയാം. അവനു ചെയ്യുവാൻ കഴിയുന്ന നല്ല കാര്യങ്ങൾ നിർദ്ദേശിക്കാം. അതോടൊപ്പം: ഒലിവ് മല പ്രഭാഷണത്തിന്റെ ഒരു ഭാഗം വായിക്കുക. മത്തായി 5-7

**വായിക്കുക**

ദിവസം 1 : 1 രാജാക്കന്മാർ 17: 1-6
ദിവസം 2 : 1 രാജാക്കന്മാർ 17: 7-11
ദിവസം 3 : 1 രാജാക്കന്മാർ 17: 12-16
ദിവസം 4: 1 രാജാ 17: 17-19
ദിവസം 5 : 1 രാജാ 17: 20-24

# 12. ദൈവം നമ്മെ കാണുന്നു.



**ബൈബിൾ കഥ : ഏലിയാവ്**

1 രാജാക്കന്മാർ 17:1-24

## മന:പാഠ വാക്യം 12

"ആദ്യം ദൈവത്തിൻറെ രാജ്യവും നീതിയും അന്വേഷിക്കുക; അതോടുകൂടി ഇവയെല്ലാം നിങ്ങൾക്കു ലഭിക്കും." മത്തായി 6:33

## ആവശ്യമായ കഥ 12



ഒരു ദിവസം ടാഫി അവളുടെ കിടക്കയിൽ നിന്നും സന്തോഷത്തോടെ എഴുന്നേറ്റു. അവൾ അമ്മയെ എത്രമാത്രം സ്നേഹിക്കുന്നു എന്ന് അന്നേദിവസം കാണിച്ചു കൊടുക്കുന്നതിനു വിശേഷമായ എന്തെങ്കിലുമൊന്ന് ചെയ്യണം എന്നവൾ ആഗ്രഹിച്ചു. അവൾ പൂന്തോട്ടത്തിലേക്ക് ചെന്ന് വളരെ മനോഹരങ്ങളായ പൂക്കൾ ഇറുത്ത് അമ്മയ്ക്ക് ഇഷ്ടമുള്ളയിടത്ത് വച്ചു. ശേഷം അടുക്കളയിലേക്ക് ചെന്ന് സമൃദ്ധമായ പ്രഭാതഭക്ഷണം ഉണ്ടാക്കുവാൻ തുടങ്ങി. "ഇതായിരിക്കും ഏറ്റവും മെച്ചമായത്" എല്ലാം അടുക്കി വച്ച ശേഷം അവൾ പറഞ്ഞു.

ഒടുവിൽ, അമ്മ ഉണരുന്ന സമയമായി. എല്ലാം തയ്യാറാക്കി വച്ച ശേഷം ടാഫി ഡൈനിംഗ് മുറിയിൽ കാത്തുനിന്നു. ടാഫിയുടെ അമ്മ പുറത്ത് വന്നപ്പോൾ പൂക്കൾക്ക് പ്രാധാന്യം നൽകാതെയും ടാഫിയോടു ഒരു പ്രഭാതവന്ദനം പറയാതെയും നിന്നു. പ്രഭാതഭക്ഷണം കഴിക്കാൻ ഇരുന്ന്. അതു കഴിച്ച ശേഷം ടാഫിയോടു ഒരു നന്ദി പോലും പറഞ്ഞില്ല.

അമ്മയ്ക്ക് തന്നോടു സ്നേഹമില്ല എന്ന് ചിന്തിച്ചുകൊണ്ട് ദു:ഖിതയായി തന്റെ ബെഡ് റൂമിൽ കതകടച്ച് അവൾ ഇരുന്നു.

## പ്രധാന പാഠം 12

വിശ്വാസ വീരന്മാരിലേക്ക് സ്വാഗതം! കഴിഞ്ഞ തവണ ശലോമോന്റെ ദേവാലയത്തെക്കുറിച്ചാണ് നാം പഠിച്ചത്. അതിനുശേഷം രാജ്യം യിസ്രായേൽ എന്നും യഹൂദ എന്നും രണ്ടായി പിരിഞ്ഞു. രാജാവായ ആഹാബ് ദുഷ്ടയായ തന്റെ ഭാര്യ ഇസബേലിനോട് ചേർന്ന് യിസ്രായേൽ ഭരിച്ചു. അവരുടെ ദുഷ്ടത നിമിത്തം അടുത്ത കുറേ വർഷത്തേക്ക് രാജ്യത്ത് മഴ പെയ്യില്ല എന്ന് പറയുവാൻ ഏലിയാവ് എന്ന് പേരുള്ള ഒരു പ്രവാചകനെ ദൈവം അയച്ചു. ആ കാലത്ത് ഏലിയാവ് ഒരു ഗുഹയിൽ ഒളിച്ചു. ദാഫിയുടെ കഥയിൽ എന്നത് പോലെ, നമ്മെ ആരും കാണാത്ത സാഹചര്യങ്ങളിലും നാം പോകുന്ന സമസ്ത മേഖലകളും ദൈവം കാണുന്നു. നിങ്ങൾ മറ്റൊരാൾക്ക് ചെയ്യുന്നതൊന്നും അശ്രദ്ധമായി പോവുകയില്ല. ദൈവം നമ്മുടെ ആവശ്യങ്ങളെ അറിയുന്നു. അവനു പണം ആവശ്യമില്ല, സാധാരണമായ വഴിയും അവന്റെ പക്കലില്ല. ദൈവം ഏലിയാവിനു അരുവിയിൽ നിന്ന് വെള്ളം നൽകി, രണ്ടു തവണ കാക്കയെ അയച്ച് ദിനംപ്രതി അപ്പവും ഇറച്ചിയും നൽകി. നിങ്ങളുടെ അടുക്കലേക്ക് ഒരു പക്ഷി പറന്നുവന്ന് നിങ്ങൾക്ക് അപ്പം നൽകുന്നതായി സങ്കൽപ്പിക്കൂ. യേശു പറഞ്ഞു പറവകളേയും പുലർത്തുന്ന ഒരു ദൈവമുള്ളതിനാൽ വിചാരപ്പെടേണ്ട കാര്യമില്ല (മത്തായി 6:26), ഈ കഥയിൽ ഏലിയാവിനെ പുലർത്തുവാൻ കാക്കയെ ദൈവം ഉപയോഗിച്ചു. അരുവി വറ്റി തുടങ്ങിയപ്പോൾ ദൈവം ഏലിയാവിനെ മറ്റൊരു സ്ഥലത്തേക്ക് അയച്ചു. ഒരു ധനികന്റെ അടുക്കലേക്കല്ല, പരദേശിയായ ഒരു വിധവയുടെ അടുക്കലേക്ക്. അവിടെ ഏലിയാവ് ഭക്ഷണം ചോദിച്ചപ്പോൾ, അല്പം മാവും എണ്ണയും അല്ലാതെ മറ്റൊന്നുമില്ല എന്നും അത് കഴിച്ച അവർ മരിക്കുവാൻ തുടങ്ങുകയാണെന്നും പറഞ്ഞു. വീഴുവാൻ തുടങ്ങുമ്പോൾ നിലം പതിക്കും മുൻപ് നിങ്ങളെ താങ്ങുന്ന ഒരു സ്നേഹിതന്റെ ട്രസ്റ്റ് ഗെയിം നിങ്ങൾ കളിച്ചിട്ടുണ്ടോ? (ഒരു സഹായിയുടെ സഹായത്തോടെ അത് പ്രദർശിപ്പിക്കുക) ചിലപ്പോൾ ദൈവം ഒരു ദിവസത്തിന്റെ അവസാന നിമിഷം വരെ കാത്തുനിൽക്കും. കാരണം ദൈവത്തിനറിയാം അത് നിങ്ങളുടെ ആശ്രയബോധവും വിശ്വാസവും വർദ്ധിപ്പിക്കും. ഏലിയാവ് അവളോട് പറഞ്ഞത് ഭാരപ്പെടേണ്ട, തനിയ്ക്കൊരു അപ്പം ഉണ്ടാക്കി നൽകുക. ഇപ്രകാരം തന്നെ യേശു പറഞ്ഞു മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്ക അതോടുകൂടി ഇതൊക്കെയും ലഭിക്കും (മത്തായി 6:33) അത്ഭുതകരമായി അവളുടെ മാവും എണ്ണയും പിന്നീട് കുറഞ്ഞതേയില്ല. അവർക്ക് എല്ലായ്പ്പോഴും ഭക്ഷിക്കുവാൻ ദൈവം അവരെ അനുഗ്രഹിച്ചു. ഈ ആഴ്ച ഞാൻ

എങ്ങനെ കഴിക്കും? സ്കൂളിലേക്ക് ആവശ്യമായ വസ്തുങ്ങൾ എവിടെ നിന്നും ലഭിക്കും? എന്നിങ്ങനെയൊക്കെ നാം ചോദിക്കുകയാണെങ്കിൽ, ദൈവം എങ്ങനെയാണ് കരുതുവാൻ പോകുന്നതെന്ന് കാത്തിരുന്ന് കാണുക. ശേഷം ഇതേപ്പറ്റി ആരോടെങ്കിലും പറയുകയും പിന്നീട് ഓർക്കേണ്ടതിന് എഴുതിവയ്ക്കുകയും ചെയ്യുക. നിങ്ങൾ എന്നെങ്കിലും ദൈവത്തിന്റെ കരുതലുകൾ കണ്ടിട്ടുണ്ടോ? (വ്യക്തിപരമായ അനുഭവം പറയുവാൻ സമയം നൽകുക) ദൈവം കേവലം ഭക്ഷണവും വസ്ത്രവും മാത്രം നല്കുന്നവനല്ല. ജീവനും നല്കുന്നവനത്രേ. വിധവയുടെ മകൻ അസുഖം ബാധിച്ച് മരണമടഞ്ഞു. ഏലിയാവ് ആ കുട്ടിയ്ക്ക് വേണ്ടി 3 തവണ പ്രാർത്ഥിച്ചു. നിങ്ങൾക്കും അവിശ്വാസികളായ കുടുംബക്കാർക്കുവേണ്ടിയും സുഹൃത്തുക്കൾക്ക് വേണ്ടിയും പ്രാർത്ഥിക്കാം. ഒരിക്കൽ മാത്രമല്ല, പലപ്പോഴായി പ്രാർത്ഥിക്കാം. മൂന്നാം തവണ ഏലിയാവ് പ്രാർത്ഥിച്ചനന്തരം ദൈവം ആ കുട്ടിയെ ജീവനിലേക്ക് മടക്കിക്കൊണ്ടുവന്നു. യേശു മരിച്ച് ജീവനിലേക്ക് മടങ്ങി വന്നു എന്നന്നേക്കുമായി ജീവിക്കുന്നു നമ്മുടെ ഭൌതീക ശരീരം മരണമടഞ്ഞാലും എന്നന്നേക്കുമായി ജീവിക്കുന്ന ആത്മാവ് നമുക്കുണ്ട്. യേശു പറഞ്ഞു കള്ളൻ വരുന്നത് മോഷ്ടിപ്പാനും അറപ്പാനും മുടിയ്ക്കുവാനുമാത്രേ എന്നാൽ യേശു വന്നത് നമുക്ക് സമൃദ്ധിയായ ജീവൻ നല്കാനത്രേ. (യോഹന്നാൻ 10:10) യേശുക്രിസ്തുവിലൂടെ സ്വർഗ്ഗരാജ്യത്തിൽ ദൈവത്തോടൊപ്പം എക്കാലവും നമുക്ക് വാഴാം.

ദൈവം എന്നെ കാണുന്നു എന്നു ഞാൻ അടിയുറച്ച് വിശ്വസിക്കുന്നു. ദൈവം എന്നെ സ്നേഹിക്കുകയും എനിക്ക് ആവശ്യമുള്ളതെല്ലാം നൽകുകയും ചെയ്യുന്നു.

## റെസല്യൂഷൻ 12




അടുത്ത ദിവസം സണ്ടേസ്കൂളിൽ 'ദൈവം എല്ലാം കാണുന്നു' എന്ന് അവർ പഠിച്ചു. ക്ലാസ്സിലെ ടീച്ചർ ഓരോരുത്തർക്കും ഓരോ പൂവ് നൽകി. ദൈവം അവളോട് ഇപ്രകാരം സംസാരിക്കുന്നതിനായി അവൾക്ക് തോന്നി അമ്മയ്ക്ക് വേണ്ടി അവൾ ചെയ്തത് "നന്നായി ചെയ്തു".

## പ്രവർത്തനം 12

**പ്രഭാതവന്ദനം ദൈവമേ**

ഒരു കടലാസിൽ താങ്കളോ കുട്ടികളിൽ ആരെങ്കിലുമോ ഈ വാചകം എഴുതണം "പ്രഭാത വന്ദനം ദൈവമേ". മാർക്കർ കൊണ്ടും ചായപ്പെൻസിൽ കൊണ്ടും അത് അലങ്കരിയ്ക്കുക. ഓരോ കുട്ടികളും അവരുടെ ബഡ്റൂമിന്റെ ഭിത്തിയിലും അവരുടെ കിടക്കയുടെ മുൻപിലും ഈ വാചകം തൂക്കിയിടട്ടെ. എല്ലാ ദിവസവും രാവിലെ ഉണരുമ്പോൾ ഈ വാചകം ദൈവത്തോട് പറയട്ടെ.. "പ്രഭാതവന്ദനം ദൈവമേ." ദൈവം എല്ലായ്പ്പോഴും തങ്ങളോട്ടു കൂടെയുണ്ടെന്ന് അവരെ ഓർമ്മിപ്പിക്കുന്നതിനു ഇത് സഹായകമാകും.




## സമയ രേഖ 12

ഏലിയാവിന്റെയും വിധവയുടെയും സംഭവം ഏതു വർഷമാണ് നടത്തപ്പെട്ടത്? A. ഏകദേശം BC 868.

## പ്രശ്നോത്തരി 12

| | | | | | | |
|---|---|---|---|---|---|---|
| അ | ക | പ്പ | ആ | ഹാ | രം | പ്പം |
| ന്യ | രു | വി | ധ | വ | കു | ണ്ണ |
| മാ | ത | വി | യ | ർജീ | ശ്യം | ക |
| കാ | ൽ | യാ | ക | വ് | ക്ക | രു |
| ക്ക | തി | ന്ത്യം | ആ | വി | ഏ | ന |
| മ | അ | എ | ർജീ | അ | ലി | ൽ |
| കാ | ഏ | ന | ണ്ണ | പ്പം | യാ | ക്ക |
| ണാ | പ്പ | ധാ | ന്യ | മാ | വ് | വി |
| ത്ത | ലി | ട്ടി | ത്ത | ന്ത്യം | കു | ട്ടി |





## ചോദ്യോത്തരങ്ങൾ 12

(മുതിർന്ന കുട്ടികൾക്ക്)

1. ദൈവം നിങ്ങൾക്കായി കരുതിയ ഏതെങ്കിലും സാഹചര്യത്തെക്കുറിച്ച് സാക്ഷ്യം പറയുവാനുണ്ടോ? അത് പങ്കുവയ്ക്കുക.
   (പങ്കുവയ്ക്കുവാനുള്ള സമയം കുട്ടികൾക്ക് നൽകുക)
2. ദൈവം എന്തിനാണ് എന്നെ സൃഷ്ടിച്ചത്? (ദൈവസ്നേഹത്തെക്കുറിച്ച് പറയുക, അവനെ ശുശ്രൂഷിപ്പാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് പറയുക, നിങ്ങളുടെ കഴിവുകൾ, താലന്തുകൾ, മുൻഗണനകൾ, സ്വഭാവഗുണങ്ങൾ ഇവയെല്ലാം ദൈവം എപ്രകാരം അറിയുന്നു എന്നതിനെക്കുറിച്ചും പറയുക).
3. ദൈവം സകലവും കാണുന്നുവെങ്കിൽ, നമ്മുടെ തെറ്റുകളെയും അവൻ കാണുന്നു. ഏതെങ്കിലുമൊരു തെറ്റ് പിടിയ്ക്കപ്പെട്ടാൽ ആ വ്യക്തിയുടെ അവസ്ഥ എന്തായിരിക്കും? ഇപ്രകാരം ഒരു സാഹചര്യത്തിൽ, നിങ്ങളുടെ തെറ്റ് നിങ്ങൾ സമ്മതിക്കുമോ? (ഇപ്രകാരമുള്ള സാഹചര്യങ്ങളെക്കുറിച്ചും തെറ്റ് സമ്മതിക്കാനുള്ള പ്രയാസങ്ങളെക്കുറിച്ചും സംസാരിക്കുക. മോശമായ ഒരു കാര്യവും അവർ ചെയ്തിട്ടില്ല എന്നും ഒരിക്കലും പിടിയ്ക്കപ്പെട്ടിട്ടില്ല എന്നൊക്കെയും പറയുവാൻ സമ്മതിക്കരുത് കാരണം അതൊരു കള്ളമാണ്.)

## ഗയിം 12

**ബലൂൺ പൊട്ടിയ്ക്കുക!**

1. പ്രാരംഭമായി, ഊതിവീർപ്പിച്ച ഒരു ബലൂൺ കുട്ടികളുടെ കാലിൽ കെട്ടുക.
2. സംഗീതം കേൾപ്പിക്കുകയും മുറിയുടെ മദ്ധ്യഭാഗത്തേക്ക് ഈ ഗെയിം കളിക്കേണ്ടതിന് കുട്ടികളെ ക്ഷണിക്കുകയും ചെയ്യുക.



3. ഓരോ കുട്ടിയും മറ്റു കുട്ടിയുടെ ബലൂണിലേക്ക് നടന്നടുക്കണം. അവരവരുടെ ബലൂണുകൾ പൊട്ടാതെയും സൂക്ഷിക്കണം.

4. ബലൂൺ നഷ്ടപ്പെടുന്ന എല്ലാ കുട്ടികളും കളിയിൽ നിന്ന് പുറത്താകും.

ശ്രദ്ധിക്കേണ്ടത്: മറ്റുള്ളവരുടെ ബലൂൺ പൊട്ടിക്കണം നിങ്ങളുടെ ബലൂൺ ചവിട്ടി പൊട്ടിക്കാതിരിക്കാനും സൂക്ഷിക്കണം.

## ഹാജർ 12




ഇന്ന് ക്ലാസ്സിൽ ഹാജരായതിനുള്ള കാർഡ് കുട്ടികൾക്ക് നൽകുക. വിശ്വാസവീരന്മാരുടെ ഗെയിം കളിക്കാനും കാർഡുകൾ വാങ്ങുവാനും അടുത്ത ആഴ്ചയും വരേണ്ടതിന് അവരെ പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക! ഇന്നത്തെ കാർഡ്:

**ഏലിയാവ്**

## ഗൃഹപാഠം 12

"പ്രഭാതവന്ദനം കർത്താവായ ദൈവമേ" ഈ വാചകം ഒരു കടലാസിൽ എഴുതി ഉണരുമ്പോൾ തന്നെ കാണാവുന്ന രീതിയിൽ കിടപ്പ് മുറിയിൽ വയ്ക്കുക. ദൈവം എല്ലായ്പ്പോഴും കാണുന്നു എന്ന ബോദ്ധ്യം ഉളവാകാൻ ഇത് കാരണമാകും. ഈ ആഴ്ച എന്തെങ്കിലും നഷ്ടം നിങ്ങൾക്ക് വന്നിട്ടുണ്ടെങ്കിൽ ദൈവത്തോട് അത് ചോദിക്കുക. ദൈവം അത് എങ്ങനെ നൽകുന്നു, അത് അടുത്ത തവണ നിങ്ങളുടെ അധ്യാപകനോട് പറയുക.

**വായിക്കുക**

ദിവസം 1: 1 രാജാക്കന്മാർ 18: 16-21
ദിവസം 2: 1 രാജാക്കന്മാർ 18: 22-26
ദിവസം 3: 1 രാജാക്കന്മാർ 18: 27-35
ദിവസം 4: 1 രാജാ. 18: 36-39
ദിവസം 5: 1 രാജാക്കന്മാർ 18: 40-46

# 13. ദൈവം ഏകനാണ്



**ബൈബിൾ കഥ: ഏലിയാവും പ്രവാചകന്മാരും**

1 രാജാക്കന്മാർ 18:16-46

## മന:പാഠ വാക്യം 13

"സർവേശ്വരാ, അവിടുന്നാണ് എൻറെ ദൈവം. അങ്ങയെ ഞാൻ പുകഴ്ത്തും. അവിടുത്തെ നാമം ഞാൻ പ്രകീർത്തിക്കും. അവിടുന്ന് അദ്ഭുതകൃത്യങ്ങൾ ചെയ്തിരിക്കുന്നു. പണ്ടേ ആവിഷ്കരിച്ച പദ്ധതികൾ അവിടുന്നു വിശ്വസ്തതയോടും സത്യത്തോടും നിറവേറ്റി." യെശയ്യാ 25:1

## ആവശ്യമായ കഥ 13



ഒരിക്കൽ സ്കൂളിൽ, കിപ്പിന്റെ ടീച്ചറിന് സുഖമില്ല എന്ന് അവൻ അറിഞ്ഞു. കിപ്പ് ടീച്ചറിനോട് അദ്ദേഹത്തെ സൌഖ്യമാക്കുവാൻ കഴിവുള്ള ഒരാളെ അറിയാം എന്ന് പറഞ്ഞു. ടീച്ചർ അവനോട് മറുപടി പറഞ്ഞത് "സാരമില്ല; ഞാൻ ഒരു സ്ത്രീയുടെ അടുക്കൽ പോയി. അവർ ചില പൂജാപരമായ കാര്യങ്ങൾ ചെയ്തു. ഇതിനുള്ള പരിഹാരവും നൽകി. എനിക്കിപ്പോൾ വളരെ സൌഖ്യമുണ്ട്. ടീച്ചർ കിപ്പിന്റെ സഹായം സ്വീകരിച്ചില്ല.

## പ്രധാന പാഠം 13

കഴിഞ്ഞ തവണ നാം പഠിച്ചത് ഏലിയാവ് എന്ന പ്രവാചകനെക്കുറിച്ചാണ്. ആ കാലയളവിൽ, യിസ്രായേൽ ഒരേ സമയം പല ദൈവങ്ങളെ ആരാധിക്കുവാൻ തുടങ്ങി. എന്നാൽ നാം മറ്റൊന്നിനെയും ആരാധിക്കുവാൻ ദൈവം അനുവദിക്കില്ല. കാരണം അവൻ അല്ലാതെ മറ്റൊരു ദൈവവുമില്ല. യേശു പറഞ്ഞു നമുക്ക് രണ്ട് യജമാനന്മാരെ സേവിക്കുവാൻ കഴിയില്ല. ഒന്നിനെ മറക്കുകയും മറ്റേതിനെ സ്നേഹിക്കുകയും ചെയ്യുക. ഒന്നിന്റെ മുൻപാകെ സമർപ്പിക്കുകയും മറ്റേതിനെ തള്ളിക്കളയുകയും ചെയ്യുക. (മത്തായി 6:24) പ്രവാചകനായ ഏലിയാവ് എല്ലാ യിസ്രായേലിനെയും മൂഢദൈവങ്ങളുടെ പ്രവാചകന്മാരേയും കർമ്മേൽ മലയിൽ കൂട്ടിവരുത്തി. യഥാർത്ഥ സത്യദൈവത്തെ തിരഞ്ഞെടുക്കുവാനും അവനെ സേവിക്കുവാനും ഏലിയാവ് ജനത്തെ പ്രബോധിപ്പിച്ചു. ഏലിയാവ് ബാലിന്റെ പ്രവാചകന്മാരോട് ബലിപീഠം ഉണ്ടാക്കുവാനും യാഗം കഴിക്കുവാനും പറഞ്ഞു. ഏലിയാവും അപ്രകാരം ചെയ്യുമെന്ന് പറഞ്ഞു. തീ കൊണ്ട് ഉത്തരമരുളുന്ന ദൈവമത്രേ സത്യദൈവം. കിപ്പിന്റെ ടീച്ചറിലൂടെ നാം ഉദാഹരണം കണ്ടെത്തിയതാണ്. അവൻ പറഞ്ഞതുപോലെ ബാലിന്റെ പ്രവാചകന്മാർ ചെയ്തു. എന്നാൽ ഒരു ഉത്തരവും ഉണ്ടായില്ല. അല്പം കഴിഞ്ഞ്, ഏലിയാവ് പറഞ്ഞു അവരുടെ ദൈവം ഉറങ്ങുകയായിരിക്കാം, അല്ലെങ്കിൽ യാത്രയിലായിരിക്കാം അതുമല്ലെങ്കിൽ തിരിക്കിലായിരിക്കാം. നാം ഒരിക്കലും ഭാരപ്പെടേണ്ട കാര്യമില്ല കാരണം നമ്മുടെ ദൈവം ഉറങ്ങാറില്ല, അവൻ യാത്രയിലായിരിക്കുകയില്ല, കാരണം അവൻ ഒരേ സമയം സകലയിടത്തും കാണപ്പെടുന്ന ദൈവമാണ്. അവൻ അനന്തജ്ഞാനിയും മുഴുലോകത്തെ ഒരേ സമയം നിയന്ത്രിക്കുവാൻ കഴിവുള്ളവനുമാണ്. അന്യദേവനായ ബാൽ ഉത്തരമരുളിയില്ല, യാഗത്തിൽ തീ ഇറക്കിയതുമില്ല. ഉച്ചയായപ്പോൾ ഏലിയാവ് തന്റെ യാഗം ഒരുക്കി അവനൊരു യാഗപീഠം പണിതു. അതിനുമുകളിൽ അവൻ യാഗം അർപ്പിച്ചു. പിന്നീട് അവൻ കത്തുവാൻ പ്രയാസമുളവാകുന്ന രീതിയിൽ ആ ബലിപീഠത്തിന്മേൽ വെള്ളം ഒഴിച്ചു. കാര്യങ്ങൾ എത്ര കഠിനമാണെങ്കിലും അതൊരു വിഷയം അല്ല. നമ്മുടെ ദൈവം സർവ്വശക്തനാണ്, അവനു സകലവും കഴിയും ഏലിയാവ് പ്രാർത്ഥിച്ചു, ദൈവം വേഗത്തിൽ ആകാശത്തിൽ നിന്നും തീയിറക്കി ഉത്തരം അരുളി. പാറ, വെള്ളം, ചുറ്റുമുണ്ടായിരുന്ന പൊടി സഹിതം അഗ്നിയ്ക്കിരയാക്കപ്പെട്ടു. യേശു പറഞ്ഞു ദൈവത്തിങ്കലേക്കുള്ള ഏക വഴി അവനാണ്, അവനാണ് സത്യവും ജീവനും(യോഹ. 14:6) സ്വർഗ്ഗത്തിലേക്ക് യേശുവിലൂടെ അല്ലാതെ മറ്റ് വഴികൾ ഒന്നും തന്നെയില്ല, കാരണം ഏകസത്യദൈവമായ നമ്മുടെ ഈ ദൈവമല്ലാതെ മറ്റൊരു ദൈവവുമില്ല. നമ്മുടെ ദൈവത്തെ മാത്രമേ ആരാധിയ്ക്കാവൂ എന്ന് പറയുമ്പോൾ മറ്റ് മതങ്ങളെ അനുകരിയ്ക്കുകയോ മറ്റു ദൈവങ്ങളെ ആരാധിയ്ക്കുകയോ ചെയ്യരുത്. എന്നാൽ നമ്മെ കുടുക്കി കളയുവാൻ കഴിയുന്നതായ ഒരു രഹസ്യകാര്യമുണ്ട്. യേശു പറഞ്ഞത് പോലെ നമുക്ക് 2 യജമാനന്മാർ ഉണ്ടാകരുത്. ആളുകൾ സേവിക്കുന്നതായ മറ്റൊരു കാര്യത്തെപ്പറ്റിയും യേശു പറഞ്ഞു. ദൈവത്തേയും മാമോനെയും നമുക്ക് സേവിക്കാൻ കഴിയില്ല(മത്തായി 6:24). വസ്തുമോ, ഒരു കാറോ,

വീടോ, കളിപ്പാട്ടമോ, പദവിയോ ആവശ്യമായി വരിക എന്നത് സാധാരണമാണ്. ഒരു പക്ഷേ താങ്കൾക്ക് ഇത് ഉണ്ടായിരുന്നിരിക്കാം. എന്നാൽ ഒന്നും തന്നെ ദൈവത്തെക്കാൾ അധികം പ്രാധാന്യമുള്ളവയാകാൻ ഇടയാകരുത്. പകരം, ദൈവത്തെ സേവിക്കുക, അവന്റെ ആളുകളെ പരിപാലിക്കുക. ഓർക്കുക, കഴിഞ്ഞ തവണ നാം പഠിച്ചു, മുൻപേ അവന്റെ രാജ്യം അന്വേഷിക്കുക, അവനിൽ ആശ്രയിക്കുക, അത് നമ്മെ പുലർത്തും(മത്തായി 6:33) യേശു പറഞ്ഞു ദൈവത്തെ മാത്രമേ ആരാധിച്ച് സേവിക്കാവൂ (ലൂക്കോസ് 4:8).

ഞാൻ ഏക സത്യദൈവമായ ഈ ദൈവത്തെ മാത്രമേ ആരാധിക്കുകയുള്ളൂ. അവനെ ഞാൻ എന്റെ ജീവിതത്തിന്റെ ഒന്നാം സ്ഥാനം നൽകി സ്നേഹിക്കും.


## റെസല്യൂഷൻ 13



കുറേനാൾ കഴിഞ്ഞപ്പോൾ ടീച്ചർക്ക് സൗഖ്യമായി, എന്നാൽ ആരോഗ്യപരമായ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ഒരിക്കൽ കിപ്പിനോട് പറഞ്ഞ കാര്യത്തെക്കുറിച്ചോർത്ത് ടീച്ചർ വല്ലാതെ ദുഖിച്ചു. കിപ്പ് തന്റെ പാസ്റ്ററിനേയും കൊണ്ട് തന്റെ ടീച്ചറുടെ അടുക്കൽ വന്നു. അവർ അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിച്ചു. അദ്ദേഹം പൂർണ്ണമായി സൌഖ്യം പ്രാപിച്ചു. ടീച്ചർ തന്റെ ഹൃദയത്തിൽ യേശുവിനെ സ്വീകരിച്ചു, ശക്തി ദൈവത്തിൽ നിന്ന് മാത്രമാണെന്ന് തിരിച്ചറിഞ്ഞു.

## പ്രവർത്തനം 13

**തിരിച്ചറിയാനുള്ള ടാഗ്**






ചിത്രത്തിൽ കാണിച്ചിരിക്കുന്നത് പോലെ ഓരോ കുട്ടികൾക്കും ആവശ്യമായ ഡിസൈൻ വെട്ടിയെടുക്കുക. നിർദ്ദേശ പ്രകാരം ഓരോരുത്തരുടേയും വിവരങ്ങൾ അതിൽ എഴുതുക. അത് ലാമിനേറ്റ് ചെയ്യുകയോ കോൺടാക് കടലാസ് കൊണ്ട് പൊതിയുകയോ ചെയ്യുക. അത് ഈട് നിൽക്കുന്നതിനായി സുതാര്യമായ ടേപ്പ് ഒട്ടിക്കുക. അത് കഴുത്തിൽ തൂക്കിയിടുവാൻ വേണ്ടി ഒരു ചെയിനോ റിബണോ ചരടോ അതിൽ കെട്ടുക. അവർ യേശുക്രിസ്തുവിന് ഉള്ളവരാണെന്നും അവനുവേണ്ടി മാത്രമുള്ളവരാണെന്നും ഓർമ്മിപ്പിക്കുവാൻ ഇത് സഹായിക്കുന്നു.

**“ദൈവത്തിന്റെ വക**

പേര്: റോബർട്ട്

ഇഷ്ടപ്പെട്ട നിറം: നീല

ഇഷ്ടപ്പെട്ട ഭക്ഷണം : സ്വീറ്റ് ബ്രഡ്

## സമയ രേഖ 13

ഏലിയാവിന്റെയും പ്രവാചകന്മാരുടെയും ഈ സംഭവം നടന്നതെന്ന്? A. ഏകദേശം 866 BC.

## പ്രശ്നോത്തരി 13

| | | | | | | |
|---|---|---|---|---|---|---|
| ശൃ | ശ്രു | ക | ആ | രാ | ധ | ന |
| വെ | ള്ളം | ർമ്മേ | ഏ | ട് | സ്നേ | അ |
| ഗ | ഗം | ൽ | തോ | ലി | ർ | ഗ്നി |
| ത്യാ | ബ | മ | പി | ന്മാ | യാ | ട് |
| ശൃ | ട് | ല | ക | ള്ളം | ഗ | വ് |
| ധ | ശ്രു | ച | വ | യം | പി | ശൃ |
| ബാ | വാ | ഷ | ശ്ര | ത്താ | ഠം | ശ്രു |
| പ്ര | ൽ | ആ | ദൈ | പി | യ | ഹം |
| ഏ | ല | യാ | വം | വ് | സ്നേ | ഷ |
| ബ | ലി | വ | ത്താ | യ | ക | ർമ്മേ |






## ചോദ്യോത്തരങ്ങൾ 13

(മുതിർന്ന കുട്ടികൾക്ക്)

1. ദൈവത്തിൽ നിന്നും അകന്നു മാറി മറ്റൊന്നിനെ ആരാധിക്കുകയും സേവിയ്ക്കുകയും ചെയ്യേണ്ടി വരുന്നത് എന്തു കാരണത്താലാണ്? (അനേക ഇടങ്ങളിൽ, മറ്റു ദൈവങ്ങളെ ആരാധിയ്ക്കുവനുള്ള ഒരു പരീക്ഷണം നമ്മിൽ കടന്നു വരുന്നു ഉദാഹരണമായി ക്രിസ്ത്യാനിയായിരിക്കുന്നത് മെച്ചപ്പെട്ട കാര്യമല്ലാത്ത സാഹചര്യങ്ങളിൽ, കുടുംബത്തിലുള്ളവർ താങ്കളുടെമേൽ സമ്മർദ്ദം ചെലുത്തുമ്പോൾ, അല്ലെങ്കിൽ നിങ്ങളുടെ സ്കൂളിൽ ഏതെങ്കിലും ആഘോഷങ്ങൾ നടക്കുമ്പോൾ. മറ്റ് പലതിനെയും സേവിക്കുവാനുള്ള പരീക്ഷണവും കടന്നുവരുന്നു. ഉദാഹരണമായി, പണം, പ്രശസ്തി, ലോകപ്രിയം, സൗന്ദര്യം, ഭക്ഷണം, പദവി, പ്രതാപം, സ്വാർത്ഥത. ഈ ഉദാഹരണങ്ങൾ ചർച്ചചെയ്യുക.

2. മറ്റ് മതങ്ങളിലെ ദൈവം വാസ്തവത്തിൽ എന്താണ്? (വേദപുസ്തകം പറയുന്നു, അവർ യഥാർത്ഥമായും ദൈവങ്ങളല്ല മറിച്ച് സത്യദൈവത്തിൽ നിന്നും നമ്മെ അകറ്റുകയും ആളുകളെ വഞ്ചിക്കുകയും ചെയ്യുന്ന ഭൂതങ്ങളാണവ. ബൈബിൾ പറയുന്നു ദൈവം മറ്റ് ജാതീയ ദൈവങ്ങളെ ന്യായം വിധിക്കും. അത് ഭൂതങ്ങളാണ് അവർ തീപ്പൊയ്കയിൽ എന്നെന്നേക്കുമായി വലിച്ചെറിയപ്പെടും. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗത്തിൽ ദൈവത്തോടൊപ്പം വസിക്കും. നാം ഭയപ്പെടേണ്ട എന്ന് ദൈവം നമ്മോടു ബൈബിളിൽ പലതവണ അരുളി ചെയ്തിട്ടുണ്ട്. പ്രപഞ്ചത്തിൽ ആരെയെങ്കിലും ഭയപ്പെടേണ്ടതായി ഉണ്ടെങ്കിൽ അത് ദൈവത്തെ മാത്രമാണ്. എന്നാൽ അവൻ നമ്മുടെ അരികിലുണ്ട്. അവൻ നമ്മെ സ്നേഹിക്കുന്നു.) (1 കൊരി. 10:20, മത്തായി 10:28- 1, സങ്കീർത്തനങ്ങൾ 103:113, റോമർ 8:31)

3. എനിക്ക് ദൈവത്തിൽ നിന്നും ഒരു അവധിയെടുക്കുവാൻ കഴിയുമോ? (ദൈവത്തിൽ വിശ്വസിക്കുക എന്നതും അവനെ സേവിക്കുക എന്നതും ഒരു ദിവസത്തേക്ക് മാത്രം ഉള്ളതും അടുത്ത ദിവസം ചെയ്യേണ്ടാത്തതുമായ കാര്യമല്ല. ദൈവത്തിൽ നിന്നും അവധിയെടുത്ത് പോയ ആളുകളെക്കുറിച്ച് അവരോടു പറയുക( അവരുടെ പേര് ഉപയോഗിക്കാതെ വേണം പറയുവാൻ).

## ഗയിം 13

**ഓട്ടപ്പന്തയം**



2 ടീമുകളായി കുട്ടികളെ തിരിക്കുക. അവരെ രണ്ടു വരികളിലായി നിർത്തിക. മുറിയുടേയോ കളിസ്ഥലത്തിന്റേയോ ഒരറ്റത്തു വേണം നിർത്തുവാൻ കളിക്കാർ ഒറ്റക്കാലിൽ ചാടിച്ചാടി മറുവശത്ത് ചെന്ന് ഒരു വാചകത്തിന്റെ ഒരു വാക്ക് അവിടെ വയ്ക്കുക. (ഒരുപാട് കുട്ടികൾ ഉണ്ട് എങ്കിൽ അക്ഷരങ്ങളായി വയ്ക്കണം. ഞങ്ങൾ ദൈവത്തെ മാത്രമേ സേവിയ്ക്കൂ എന്നതാണ് ആ വാചകം. ആ വാചകം പൂർണ്ണമായും ഏതു ടീം പൂർത്തീകരിക്കുന്നുവോ അവർ വിജയിക്കും.

## ഹാജർ 13




ഇന്ന് ക്ലാസ്സിൽ ഹാജരായവർക്കുള്ള കാർഡ് നൽകുക. വിശ്വാസ വീരന്മാരുടെ ഗെയിം കളിച്ച് കാർഡ് വാങ്ങേണ്ടതിന് അവരെ പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക! ഇന്നത്തെ കാർഡ്:

**ദൈവത്തിന്റെ അഗ്നി**

## ഗൃഹപാഠം 13

ഏറ്റവും ഇഷ്ടപ്പെട്ട ഒരു കാര്യത്തെക്കുറിച്ച് ചിന്തിക്കുക. അതൊരുപക്ഷേ കളിപ്പാട്ടം, വസ്ത്രം, ബാഗ്, പണം എന്നിവയിലേതെങ്കിലും ആകാം. ഈ പറയപ്പെട്ട കാര്യങ്ങൾ ആർക്കെങ്കിലും ഉപകാരപ്രദമാകുമാറ് എപ്രകാരം ദൈവത്തെ സേവിക്കാമെന്നു ചിന്തിക്കുക. അതൊരു കളിപ്പാട്ടമാണെങ്കിൽ സഭയ്ക്കോ അല്ലെങ്കിൽ ആവശ്യമുള്ള ആർക്കെങ്കിലുമോ നൽകാം. ഭൗതീകമായ ഒന്നും തന്നെയല്ല അതെങ്കിൽ, ഉദാഹരണമായി ഏതെങ്കിലും താലന്തോ പഠനത്തിനായുള്ള പദ്ധതിയോ മറ്റോ ആണെങ്കിൽ ദൈവത്തോട് പ്രാർത്ഥിക്കുക. ദൈവമേ ഈ താലന്ത്, വിദ്യാഭ്യാസം, കഴിവ്, സ്വപ്നം ഇതെല്ലാം അങ്ങയുടെതാണ്. ഈ കാര്യങ്ങളിലൂടെ എനിക്ക് എപ്രകാരം അങ്ങയെ സേവിക്കുവാൻ കഴിയും? അവിടേക്ക് എന്നെ വഴി നടത്തേണമേ." ആവശ്യമെങ്കിൽ: നിങ്ങളുടെ കുടുംബവും സമൂഹവും മറ്റു ദൈവങ്ങളെ ആരാധിക്കുന്ന ഒരു പശ്ചാത്തലമാണ് താങ്കൾക്ക് ഉള്ളതെങ്കിൽ അതിൽ പങ്കെടുക്കുവാൻ ശ്രമിക്കരുത്. പങ്കെടുക്കുവാൻ നിർബന്ധിക്കുകയാണെങ്കിൽ നിങ്ങളുടെ മുഴുഹൃദയവും ദൈവത്തിനായ് സമർപ്പിക്കപ്പെട്ടിരിക്കുന്നു എന്ന് പ്രാർത്ഥിക്കണം. ഈ സാഹചര്യങ്ങളുടെ നടുവിൽ ദൈവീക സംരക്ഷണയ്ക്കായി അപേക്ഷിക്കുക. ദൈവം ആരെക്കാളും, മറ്റെന്തിനേക്കാളും വലിയവൻ ആകുന്നു. അവിടുന്ന് നിങ്ങളെ കാണുന്നു.

**വായന**

വായനാ കർത്തവ്യം ഇല്ല.

Héroes 2 Teacher
Malayalam
12032

www.ChildrenAreImportant.com
info@childrenareimportant.com
We are located in Mexico.
00-52-592-924-9041

കുട്ടികൾ പ്രാധാന്യമുള്ളവർ